ഓർത്തൊഡോക്സ് സഭ.

മലങ്കര ഓർത്തൊഡോക്സ് സുറിയാനിസഭ വക

ഒരു ക്രൈസ്തവ മാസിക.

Vol. 3. Chingom 1115. No. 1.

"കൃപലഭിച്ചവളെ, നിനക്കു വന്ദനം; കർത്താവു നിന്നോടുകൂടെ ഉണ്ടു്. നീ ഗർഭം ധരിച്ചു് ഒരു മകനെ പ്രസവിക്കും...............അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവനു കൊടുക്കും..........., അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല."

വിഷയവിവരം.

		പേജ്.
1.	സഭാപഞ്ചാംഗം.	1
2.	നവവത്സരം.	,,
3.	മുടിയനായ പുത്രൻ–ഒരു ധ്യാനം. (തുടച്ച) (റററി. ഒ. മാത്യു, തടാകം, കോയമ്പത്തൂർ)	2
4.	ക്രിസ്തീയജീവിതം. (തുടച്ച) (ബിഷപ്പ എം. കാർപ്പൻററയിൻ ഗാർണിയർ)	9
5.	റഷ്യയിലെ പാത്രിയക്കാസിംഹാസനത്തിൻെറ ആവിർഭാവം. (ചരിത്രനിരീക്ഷകൻ)	13
6.	കത്താവുവാഴുന്നു (റമ്പാൻ ഫാദർ എം സി. കുറിയാക്കോസ് ബി. എ.)	16
7.	മലയായിലുള്ള ഓർത്തഡോക്സ് സുറിയാനി സഭ (തുടച്ച) (ഒരു ലേഖകൻ)	19
8.	കല്ക്കദോൻ സുന്നഹദോസ് (തുടച്ച) (ദിവ്യശ്രീ പി. റററി. അബ്രഹാം കത്തനാർ, തിരുവനന്തപുരം)	21
9	വേദപുസ്തകപ്രവേശകം. (തുടച്ച) (റവ: ഫാദർ റററി. ഐ. ജോസഫ് എം. എ. ബി. ഡി.)	14
10.	റോമ്മാസഭയും റീത്തുകളും. (ഒരു സഭാംഗം.)	28
11.	വലിയ മാർ ദീവന്നാസ്യോസ്. (ചരിത്രനിരീക്ഷകൻ)	35
12.	വിമർശനപംക്തി.	23
13.	വാൎത്തകളും കുറിപ്പുകളും.	40
14.	വി. കുർബ്ബാനരഹസ്യങ്ങൾ. (ഒരുനിരൂപണം)	42
15.	ഒരു അഭ്യൎത്ഥന.	iii

വരിസംഖ്യ.

1115–ലേക്കു നാം പ്രവേശിച്ചിരിക്കുന്ന ഈ ഘട്ടത്തിൽപോലും മാസികയുടെ 1114–ലെ വരിസംഖ്യ ഇനിയും അയച്ചുതരുവാൻ ദയവുതോന്നാതെ കുടിശ്ശിക ആക്കിയിരിക്കുന്ന മാന്യ വരിക്കാരുടെ ദയാദൃഷ്ടിയെ ഒന്നുകൂടി ഉണൎത്തിച്ചുകൊള്ളുന്നു.

മാസിക വരുത്തി വായിച്ചശേഷം വരിസംഖ്യകാൎയ്യത്തിൽ ഉപേക്ഷ വിചാരിക്കുന്നതു് ഓരോരുത്തൎക്കും എത്രകണ്ടു് അഭിമാനകരമാണെന്നു് അങ്ങിനെയുള്ള കുടിശ്ശികക്കാർ ഒന്നു ചിന്തിച്ചാൽ കൊള്ളാം. ഇങ്ങനെ മാസിക വായിക്കുന്ന "മിടുക്കന്മാരുടെ" ഒരു ലിസ്റ്റ് മാസികയിൽ പ്രസിദ്ധംചെയ്യുന്നതു് പലപ്രകാരത്തിൽ ഉപയോഗപ്രദമായിരിക്കുമെന്നു് കണിശമായി വരിസംഖ്യ അടച്ചുകൊണ്ടിരിക്കുന്ന ചില മാന്യ സുഹൃത്തുക്കൾ ഞങ്ങളെ അറിയിച്ചതനുസരിച്ചു് ഒരു ലിസ്റ്റ് തയ്യാറാക്കിവരുന്ന വിവരവും ഈ സന്ദൎഭത്തിൽ പ്രസ്താവ്യമാണു്.—മാനേജർ.

Old Seminary
Kottayam

ഓർത്തോഡോക്സ് സഭ.

പുസ്തകം 3. | 1115 ചിങ്ങം. | ലക്കം 1.

സഭാപഞ്ചാംഗം. (ചിങ്ങം.)

(മലയാളക്കണക്കിനു്)

* 3-ാം നു- മരുപ്പെരുന്നാൾ
4 ,, മരുപ്പെരുന്നാളിനു ശേഷം ഒന്നാം ഞായറാഴ്ച
9 ,, അസ്സാസോയേൽ സഹദായുടെ ഓർമ്മ
11 ,, മരുപ്പെരുന്നാളിനു ശേഷം രണ്ടാം ഞായറാഴ്ച
*12 ,, ശൂനോയൊ (ദൈവമാതാവിന്റെ വാങ്ങിപ്പ്) പതിനഞ്ചുനോമ്പുവീടൽ. അന്ത്യോഖ്യായുടെ മാർ അബ്ദേദ്മ്ശിഹാ ത്രിതീയൻ പാത്രിയർക്കീസുബാവായുടെ ഓർമ്മ. (കുക്കുമാദയറാ.)
16 ,, മാർ ലാബിശ്ലീഹായുടെ ഓർമ്മ.
18 ,, ശൂനോയോയുടെശേഷം ഒന്നാം ഞായറാഴ്ച
21 ,, മാർ മത്തിയാസ്ശ്ലീഹായുടെഓർമ്മ
25 ,, ശൂനോയോയുടെശേഷം രണ്ടാം ഞായറാഴ്ച
26 ,, മാർ യൂഹാനോൻ മാംദാനായുടെ ശിരച്ഛേദനത്തിന്റെ ഓർമ്മ.

നവവത്സരം.

സഭയ്ക്കു് എക്കാലത്തും, പ്രത്യേകിച്ചു നമ്മുടെസഭയുടെ ഇപ്പോഴത്തെ വിഷമഘട്ടത്തിലും ഈ വിധമുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ ആവശ്യകത എന്നല്ല അത്യാവശ്യകതയെപ്പറ്റി എടുത്തു പറയേണ്ടതില്ലല്ലൊ. ദൈവകൃപയാലും ഇങ്ങനെ ബോധമുള്ളവരുടെയും ഇപ്രകാരമുള്ള ഒരു പ്രസിദ്ധീകരണംവഴിയല്ലാതെ തങ്ങൾ ആത്മാർത്ഥം സ്നേഹിക്കുന്നതങ്ങളുടെ സഭാമാതാവിനെപ്പറ്റി അറിഞ്ഞുകൊണ്ടിരിക്കുവാൻ മറ്റുമാർഗ്ഗങ്ങളില്ലാത്തവരായ ഇതര സഭാംഗങ്ങളുടെയും സഹായസഹകരണത്താലും അവരുടെ ലാളനയിലും ഈ മാസിക ബാലാരിഷ്ടതകൾ കൂടാതെ വീണ്ടും ഒരു വയസ്സുകൂടെ പൂർത്തിയായി മൂന്നാം വയസ്സിലേക്കു പ്രവേശിക്കുന്നതു സഭാംഗങ്ങൾക്കു പൊതുവെയും ഇതിന്റെ നടത്തിപ്പിലേക്കു് സഹായിച്ചിട്ടുള്ളവർക്കു് പ്രത്യേകിച്ചും സന്തോഷപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ ഘട്ടത്തിൽ ഞങ്ങൾക്കു് അപ്പോഴപ്പോൾ അവസരോചിതമായ ഉപദേശംതന്നും, തങ്ങൾക്കുകിട്ടിയിട്ടുള്ള ദൈവീകവെളിച്ചത്തെപറകീഴിൽ മൂടിവയ്ക്കാതെ ആ വെളിച്ചം ലോകസമക്ഷംപ്രദാനംചെയ്യുമാറു ഞങ്ങൾക്കു ലേഖനങ്ങൾ അയച്ചുതന്നും, തന്നാത്താൻ വരിക്കാരായിചേർന്നും മറ്റുള്ളവരെ വരിക്കാരായിചേർത്തുതന്നും സഹായിച്ചിട്ടുള്ള എല്ലപ്പേർ

പെട്ടവരോടും എല്ലാററിലും ഉപരിയായി ഈവിധ എല്ലാസഹായസഹകരണങ്ങളും മററു കൃപകളും കാലാകാലങ്ങളിൽ പ്രദാനംചെയ്തു പ്രവൎത്തകന്മാരായ ഞങ്ങളുടെ മനസ്സിനു ക്ഷീണം തട്ടിക്കാതെ നടത്തിച്ചുകൊണ്ടുപോയ ദൈവാത്മപുരാനോടും ഞങ്ങൾക്കുള്ള അകൈതവമായ നന്ദിയെ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

ഒരു പുതുവൎഷാരംഭം അല്ലെങ്കിൽ ആണ്ടുപിറപ്പ് ക്രിസ്ത്യാനികളായ ഏവൎക്കും—മേല്പട്ടക്കാർ, പട്ടക്കാർ, അയ്മേനികൾ എന്നിങ്ങനെയുള്ള സ്ഥാനസ്ഥിതിവ്യത്യാസമെന്യെ—കഴിഞ്ഞുപോയവൎഷത്തെ കണക്കുകൾനോക്കി ലാഭനഷ്ടങ്ങൾ ക്ലിപ്തമായി നിൎണ്ണയിക്കുന്നതിനുള്ള അവസരമാകുന്നുവല്ലോ. കൈവശമുള്ള തലെന്തുകളോ നേട്ടങ്ങളുടെയും കടത്തിന്റെയും കണക്ക് എത്ര അഭിവൃദ്ധിയോ അധഃപതനമോ എന്നു ഈ ഘട്ടത്തിൽ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. അതിനാൽ നമ്മുടെ കണക്കുപരിശോധകൻ സകല ഹൃദയങ്ങളെയും അന്തരേന്ദ്രിയങ്ങളെയും അറിയുന്നവനും സൎവ്വശക്തനുമായ ദൈവം ആണെന്നു ഓൎത്തുകൊണ്ടു സഭാംഗങ്ങൾ ഏവരും കഴിഞ്ഞവൎഷത്തെ ലാഭനഷ്ടകണക്ക് തയാറാക്കിനോക്കണമെ.

അപ്പോൾ നമുക്കു തോൽവിയും നഷ്ടവും പല സ്ഥാനങ്ങളിലും പല പ്രകാരത്തിലും വന്നുപോയിട്ടുള്ളതായി ബോദ്ധ്യപ്പെടുന്നതാണ്. അവയെപ്പററി പശ്ചാത്തപിച്ചു് ദൈവത്തോടു് മാപ്പു അപേക്ഷിക്കുകയും ഈ പുതുവൎഷത്തിൽ തന്റെ സ്നേഹത്തിലും ശക്തിയിലും ആശ്രയിച്ചുകൊണ്ടുവന്ന നഷ്ടങ്ങൾക്കു് പരിഹാരം നേടുന്നതിനും പുതുനേട്ടങ്ങൾക്കുമായി ഒരു ബഡ്ജററും പ്രോഗ്രാമും രൂപീകരിക്കയും അവയെ സഫലമാക്കിതീൎക്കുന്നതിനു് അക്ഷീണപരിശ്രമം ചെയ്യുകയും ചെയ്യാം.

അവസാനമായി തനിക്കു തിരുവിഷ്ടമാണെങ്കിൽ തന്റെ തിരുനാമമഹത്വത്തിനും തന്റെ തിരുസഭയുടെ ഉന്നമനത്തിനുമായി ഈ മാസിക ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരത്തക്കവണ്ണം സഭാംഗങ്ങൾ ഏവരുടെയും സഹായസഹകരണങ്ങളെയും വിശിഷ്യ തന്നോടുള്ള അവരുടെ പ്രാൎത്ഥനയെയും അഭ്യൎത്ഥിച്ചുകൊണ്ടു് തല്ക്കാലം ചുരുക്കുന്നു.

മുടിയനായപുത്രൻ - ഒരു ധ്യാനം. (തുടൎച്ച)

(ററീ. ഒ. മാത്യു, തടാകം, കോയമ്പത്തൂർ)

പിതാവിന്റെ സ്നേഹം.

ലൂക്കോ: 15:20, 22-24. ദൂരത്തുനിന്നുതന്നെ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു് ഓടിച്ചെന്നു് അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു് അവനെ ചുംബിച്ചു. അപ്പൻ തന്റെ ദാസന്മാരോടു വേഗം മേൽത്തരമായ അങ്കി

കൊണ്ടുവന്നു് ഇവനെ ധരിപ്പിപ്പിൻ; ഇവന്റെ കൈക്കു മോതിരവും കാലിനു ചെരിപ്പും ഇടുവിപ്പിൻ. തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്നു് അറുപ്പിൻ; നാം തിന്നു ആനന്ദിക്ക. ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെപോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു. അങ്ങനെ അവർ ആനന്ദിച്ചുതുടങ്ങി.

ഇതുവരെയും നാം മുടിയനായ പുത്രന്റെ കഥയിലാണു പ്രധാനമായി ശ്രദ്ധിച്ചുകൊണ്ടിരുന്നതു്. ഈ ഘട്ടത്തിൽ കഥ വ്യത്യാസപ്പെടുന്നു. പ്രധാന കഥാനായകൻ അവന്റെ അപ്പനാണു്. അപ്പൻ മകനെ സ്വീകരിക്കുന്ന വിധത്തിലാണു നമ്മുടെ ശ്രദ്ധ പതിയുന്നതു്. ഇതിനു സമാനമായ ഒരു ഉദാഹരണം ഉണ്ടാകുമോ എന്നു സംശയമാണു്. അത്രയ്ക്കു് അവിചാരിതമായ ഒരു സ്വീകരണമാണു മകനു ലഭിക്കുന്നതു്. നമ്മുടെ കർത്താവു് ഉപമയുടെ ഈ ഘട്ടത്തിൽ അല്പമൊന്നു മറനീക്കി, പിതാവായ ദൈവത്തിന്റെ ഹൃദയത്തെ വെളിപൊരുളാക്കുകയാകുന്നു.

മുടിയനായപുത്രൻ പിതാവിനോടു് ഏറ്റുപറയേണ്ടുന്നതു് എന്താണെന്നു നിശ്ചയിച്ചുംകൊണ്ടാണല്ലൊ വരുന്നതു്. എന്നാൽ അവൻ യാതൊന്നും പറയുന്നതിനുമുൻപേ അവന്റെ അപ്പൻ അവനോടു ക്ഷമിക്കാൻ തയ്യാറാണു്. ദൂരെനിന്നു വരുന്നതു് അവന്റെ അപ്പൻ കണ്ടു. മകന്റെ തിരിച്ചുവരവിനായി ആർത്തിയോടെ ആഗ്രഹിക്കയും കാത്തിരിക്കയുംചെയ്യുകയായിരുന്നു. അവനെപ്പററിയുള്ള വിചാരം തന്റെ ഹൃദയത്തിൽനിന്നു് ഒരിക്കലും മാഞ്ഞുപോയിട്ടില്ല. മകനെ കണ്ടമാത്രയിൽ ദീർഘ ആലോചനയ്ക്കു സമയം എടുക്കുന്നില്ല. ആ നിമിഷത്തിൽ അവന്റെ അടുത്തെത്തുന്നു. വാർദ്ധക്യക്ഷീണമോ മനഃതളർച്ചയോ ഒന്നും വകവയ്ക്കുന്നില്ല. വളരെ ധൃതിയിലാണു് മകനെ സ്വീകരിക്കാനായി ഓടി എത്തുന്നതു്. കുശലപ്രശ്നങ്ങൾക്കായി തുനിയുന്നില്ല. സ്നേഹം വഴിഞ്ഞൊഴുകുന്ന ഹൃദയത്തോടു മലിന വസ്ത്രധാരിയായിരുന്ന മകനെ, ദുർഗ്ഗന്ധം വമിക്കുന്ന ശരീരത്തെ, പട്ടിണിയാലും, നഗ്നതയാലും, ദുർന്നടത്തയാലും മെലിഞ്ഞു ക്ഷീണിച്ചു നാമാവശേഷമായ ആ മകന്റെ കഴുത്തിനെ കെട്ടിപ്പിടിച്ചു ചുംബിച്ചു. മൂലഭാഷയായ ഗ്രീക്കിൽ വീണ്ടും വീണ്ടും മുത്തമിട്ടു എന്നു അർത്ഥം സ്ഫുരിക്കുന്ന ഒരു വാക്കാണു് ഉപയോഗിച്ചിരിക്കുന്നതു്. കാണാതിരുന്ന മകനെ കണ്ടപ്പോൾ തന്റെ ആശതീരുവോളം മുത്തമിട്ടു സ്വീകരിച്ചു. ഇരുവരും ഈ സമയത്തിൽ കണ്ണുനീർ ധാരധാരയായി പൊഴിച്ചിരിക്കണം. ഈ സമാഗമത്തിൽ വാക്കുകൾക്കു യാതൊരു സ്ഥാനവും ഇല്ല. മകന്റെ എന്തുകുററവും ക്ഷമിക്കാൻ അപ്പൻ ധൃതികാണിക്കുന്നു. മകന്റെ കുററമല്ല അപ്പന്റെ മനസ്സിൽ മുന്നിട്ടുനില്ക്കുന്നതു്, അവനോടു സകലവും ക്ഷമിക്കാനുള്ള ആകാംക്ഷയാണു്.

ഈ ഉപമയിൽ നമ്മുടെ കർത്താവു പഠിപ്പിക്കുന്നതു് നമ്മുടെ പാപമോചനവും ഇങ്ങനെ ഉള്ളതാണെന്നല്ലേ? നമ്മുടെ അനുതാപംകൊണ്ടോ കണ്ണുനീരുകൊണ്ടോ നാം ദൈവത്തിൽ നിന്നും ബലബന്ധം ചെയ്തു മോചനം

നേടുകയല്ല. പക്ഷെ നമ്മുടെ കണ്ണുനീരും അനുതാപവും അത്തു അവകാശപ്പെ ട്ടന്നതാവാം. അല്ലാതെ ബലബന്ധം ചെയ്യാൻ അധികാരമോ പ്രാപ്തിയോ ഉള്ളതല്ല. ദൈവത്തെ സഹതാപം ഉള്ളവനാക്കാൻ ഇതൊന്നും പ്രാപ്തമല്ല. അതിൻെറ ആവശ്യവും ഇല്ല. എന്തെന്നാൽ ദൈവഹൃദയം സ്നേഹത്തിൻെറ യും ദയയുടെയും ആർദ്രകരുണയുടെയും ഇരിപ്പിടമാണു്. ക്ഷമിക്കപ്പെട്ടവാൻ നാം അർഹരാകുന്നതിനു മുൻപുതന്നെ താൻ ക്ഷമിക്കാൻ തയ്യാറാണു്. നാം പ്രാൎത്ഥിക്കാൻ ഒരുങ്ങുന്നതിനു മുൻപുതന്നെ കേൾക്കാൻ താൻ ഒരുക്കമാണു്. ദൈവത്തിൻെറ നല്ല ദാനങ്ങൾ നമുക്കുവേണ്ടിയുള്ളതാണു്. അവ എപ്പോഴും നമ്മെ കാത്തുകൊണ്ടിരിക്കുന്നു. നാം അകന്നുപോകുന്നതിനാൽ അവ ലഭി ക്കാതെ പോകുന്നു. എപ്പോൾ നാം അടുത്തുചെല്ലുന്നുവോ അപ്പോൾ നമുക്കു സകലവും ലഭിക്കുന്നു. അവിടെ നമ്മുടെ യോഗ്യതയെപ്പററി ഗണിക്കുന്നില്ല.

ചിലപ്പോൾ, പിതാവായ ദൈവം കഠിനഹൃദയനാണെന്നും, പുത്ര ൻതമ്പുരാൻ ആൎദ്രഹൃദയനാണെന്നും മനുഷ്യർ ചിന്തിക്കാറുണ്ടു്. പിതാവി ൻെറ ഹൃദയത്തെ തൃപ്തിപ്പെടുത്തുന്നതിനാണു് പുത്രൻ തന്നെത്താൻ ബലി അൎപ്പിച്ചതു്. അല്ലാതെ മറെറാരുവിധത്തിലും പിതാവിനെ തൃപ്തിപ്പെടുത്താൻ (Propitiate) സാധിക്കയില്ല എന്നും മററും പറയുന്നവരും ഇല്ലാതില്ല. എ ന്നാൽ പിതാവും പുത്രനും ഒന്നാണു്. യേശുതമ്പുരാൻ ദൈവത്തെ മനുഷ്യ രോടു നിരപ്പാക്കാനല്ല മരിച്ചതു്, പിന്നെയോ പാപികളായ മനുഷ്യരെ ദൈ വത്തോടു നിരപ്പാക്കാനാണു്. നാമാണു മറുതലിച്ചു നടക്കുന്നതു്. നമ്മുടെ ഹൃദയത്തിനാണു മാററം ആവശ്യമുള്ളതു്. അല്ലാതെ ദൈവത്തിൻെറ കോ പത്തിനു ശാന്തിവരുത്താനല്ല. നമ്മോടു ക്ഷമിക്കാനും നമ്മെ വീണ്ടും തൻെറ ഭവനത്തിലേക്കു സ്വീകരിക്കാനും താൻ എപ്പോഴും തയ്യാറാണു്. അതിനാ യിട്ടു് ആകാംക്ഷയോടെ കാത്തിരിക്കയുമാണു്. വീട്ടിൽനിന്നും നമ്മെ ആ ട്ടിപ്പായിച്ചതല്ല, നാം സ്വമനസ്സാലെ പിതാവിൻെറ ഹൃദയത്തെ മുറിപ്പെ ടുത്തിയുംവച്ചു വീടിനെവിട്ടു അന്യനാട്ടിലും, പന്നികളുടെ ഇടയിലും ചുററി ത്തിരിഞ്ഞു അലഞ്ഞു നഗ്നരായി നടക്കുകയാണു്. നമ്മെയാണു് ഭവനത്തി ലേക്കു തിരിച്ചുവരുത്തേണ്ടതു്. അതിനായിട്ടാണു നമ്മുടെ കൎത്താവു കുരിശുവ ഹിച്ചതു്.

ദൈവം ദീർഘക്ഷമയുള്ളവനാണു്. നമ്മുടെ കുററങ്ങൾക്കു് തക്കതു പോലെ നമ്മോടുപകരം ചെയ്യാതെ ക്ഷമിക്കാൻ തയ്യാറായിരിക്കുന്നു. നമ്മെ താൻ ആഗ്രഹിക്കയും നമുക്കായി കാത്തിരിക്കയും ചെയ്യുന്നു. നമ്മുടെ ആദ്യ മാതാപിതാക്കന്മാരുടെ വീഴ്ചമുതലെ ഈ ലോകത്തിൻെറ അരിഷ്ടതയേയും പാപത്തേയും ദൈവംകണ്ടു. തൻെറ ഹൃദയം ഉരുകി. ഏതുപ്രകാരത്തിൽ മനു ഷ്യനെ ഈ അരിഷ്ടതയിൽനിന്നും പാപത്തിൽനിന്നും നികൃഷ്ടതയിൽനി ന്നും വീണ്ടെടുക്കേണ്ടു എന്നു താൻചിന്തിച്ചു. ഒററമാൎഗ്ഗമേ കണ്ടുള്ളു. പരിമള വാസന വീശുന്ന കുന്തുരുക്കപർവ്വതത്തിൽനിന്നു്—സ്വൎഗ്ഗസിംഹാസനത്തിൽ നിന്നു്—താൻ താണിറങ്ങിവന്നു. പുത്രൻെറ അടുത്തെത്തിയുടനെ കഴുത്തിൽ കെട്ടിപ്പിടിച്ചു് ചുംബിച്ചു. കാൽവറിയിൽ പരിശുദ്ധ സ്നേഹത്തെ കുരിശിൽ

തറയ്ക്കുന്നതു് നമ്മുടെ കഴുത്തിൽ കെട്ടിപ്പിടിക്കുന്നതിന്നു് സമമാണു്. നമുക്കു വേണ്ടി, അതായതു അനുതാപമുള്ള ഹൃദയത്തോടെതന്നെ സ്നേഹിക്കുന്നവർക്കു വേണ്ടി,എന്നന്നേക്കുമായിതാൻ തന്നിരിക്കുന്നതായ പരിശുദ്ധചുംബനങ്ങളാണു് വീണ്ടും വീണ്ടുമുള്ള തൻെറ ചുംബനം. സ്നേഹമേറിയ ഈ ചുംബനം സ്വീകരിപ്പാൻ നമുക്കു ആഗ്രഹമില്ലയോ? സങ്കീർത്തനക്കാരൻ പാടുന്നതുപോലെ ബലികളും ഹോമബലികളുംഅല്ല തനിക്കിഷ്ടമുള്ളതു്, പിന്നയോ ഒരു നുറുങ്ങിയ ഹൃദയമാണു്. അതുനമുക്കു് ദൈവത്തിന്നായി അർപ്പിക്കാം.

ചിലസമയങ്ങളിൽ മനുഷ്യർക്കു് നിരാശവരാറില്ലേ? പാപത്തിൻെറ കാഠിന്യം മനസ്സിലാകുമ്പോൾആണു് അങ്ങനെ വരാറുള്ളതു്. "ദൈവം എന്നോടു ക്ഷമിക്കുമോ? എനിക്കിനി വല്ല ആശയുംഉണ്ടോ? എന്നും മററും ചോദിക്കാറുണ്ടു്. എന്തിന്നു്സംശയിക്കുന്നു?" തീർച്ചയായും അവൻ ക്ഷമിക്കും. അതിനായിട്ടാണു് ദൈവം ആഗ്രഹിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നതു്. നമ്മുടെ കർത്താവു് ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുൻപുമരിച്ചതു് അതിനായിട്ടാണു്. പാപമോചനവും നമുക്കായി കാത്തിരിക്കുന്നു. നമ്മുടെ ഭാഗത്തുനിന്നു ചെയ്വാനുള്ളതു് ഒരു നുറുങ്ങിയ ഹൃദയത്തോടെ അടുത്തുചെന്നു് ആവശ്യപ്പെടുകമാത്രമാണു്. അതിനു നാം തയ്യാറുണ്ടോ?.

രണ്ടാമതായി, ഈ ഉപമയിൽ വേറൊരുവലിയ സംഗതി നാം കാണുന്നു. പിതാവു മകനോടു ക്ഷമിക്കുമ്പോൾ താൻ മുഴുവനായി ക്ഷമിക്കുന്നു. ഒട്ടുംതന്നെ ബാക്കിവച്ചിട്ടില്ല. അവൻെറ പഴയജീവിതത്തെപ്പററി ചോദ്യം ചെയ്യുന്നില്ല. അവന്നു് ഉപദേശം കൊടുക്കുന്നില്ല. അവനെ ഒരു കുററക്കാരനെന്നു് എണ്ണുന്നില്ല. സകലവും മറക്കുന്നു. തൻെറ ഹൃദയം ആനന്ദംകൊണ്ടു തുള്ളുന്നു. യാതൊരുതെററുംചെയ്തിട്ടില്ലാത്ത ഒരു പുത്രനെപ്പോലെ കരുതി സ്വീകരിക്കുന്നു. അവൻെറ ആവശ്യങ്ങളെ അറിഞ്ഞുപ്രവർത്തിക്കുന്നു. അവൻ ആഗ്രഹിച്ചതിലും അനേകമടങ്ങുകൊടുക്കുന്നു. ഒരിക്കലും തൻെറ പ്രവൃത്തിയെപ്പററി ദുഃഖിക്കുന്നില്ല.

മുടിയനായ പുത്രൻ തിരിച്ചു വരാൻ തീർച്ചപ്പെടുത്തിയപ്പോഴേ പിതാവിനോടു പറയേണ്ടതു് എന്താണെന്നു് ആലോചിച്ചുറച്ചു. അതു ഏററു പറയാൻ അവൻ തയ്യാറായിരുന്നു. ഏററുപറയുകയുംചെയ്തു. അവസാനത്തിൽ "നിൻെറ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമെ" എന്നു പറയാൻകൂടി താൻ തയ്യാറായിരുന്നു. എന്നാൽ അതു പറയുന്നതിന്നു് അവൻെറ അപ്പൻ അവന്നു അവസരംകൊടുക്കുന്നില്ല. അതിൻെറ ആവശ്യംതോന്നിയില്ല. അവൻ തിരിയെ വന്നതുതന്നെ ഒരു വലിയ സംഗതിയായി താൻ കരുതി. ഒട്ടും സമയം കളയാതെ അവനെ പരിപൂർണ്ണമായി പുത്രസ്ഥാനത്തേക്കു് ഉയർത്തി. ഇനിയും അവൻ എങ്ങനെവർത്തിക്കും എന്നു കാണാൻ താൻ കാത്തിരിക്കുന്നില്ല. പിന്നയോ എല്ലാം വളരെ ധൃതഗതിയിൽ നടത്തുന്നതായിട്ടാണു് നാം കാണുന്നതു്. അവനെ സ്വീകരിക്കുന്നതുതന്നെ ഓടിച്ചെന്നാണു്. അതുപോലെ വേഗതയിൽ പുത്രത്വത്തിലേക്കും പിതാവിൻെറ ഭവന

ത്തിലെ പരമാനന്ദത്തിലേക്കും അവനെ നടത്തുന്നു. തന്റെ ദാസന്മാർക്കു കൊടുക്കുന്ന കല്പന നോക്കുക. "വേഗം മേൽത്തരമായ അങ്കി കൊണ്ടുവന്നു ഇവനെ ധരിപ്പിപ്പിൻ: ഇവന്റെ കൈക്കു മോതിരവും കാലിന്നു ചെരിപ്പും ഇടുവിപ്പിൻ." അവന്റെ അത്യാവശ്യങ്ങൾമാത്രം നിറവേററണമെന്നല്ല പിതാവിന്റെ ആഗ്രഹം. പിന്നെയോ സർവ്വപ്രകാരേണയും അവനെ ബഹുമാനിക്കയും ആദരിക്കയും ആണു് ചെയ്യുന്നതു്. എന്തൊരു സ്നേഹംനിറഞ്ഞ ഹൃദയം!

ഈ ഉപമയിൽ നമ്മുടെ കർത്താവു് പിതാവായ ദൈവത്തിന്റെ ഹൃദയത്തെ വിശദമാക്കുകയല്ലേ? ഒരു ഉത്തമനായ പിതാവു് ദുർന്നടപ്പുകാരനായ തന്റെ പുത്രനോടു് ഈ വിധത്തിൽ പ്രവർത്തിക്കുമെങ്കിൽ സകല നന്മകളുടെയും പൂർത്തീകരണമായിരിക്കുന്ന സ്വർഗ്ഗസ്ഥ പിതാവു് അനുതപിക്കുന്ന പാപികളോടു എത്ര അധികം? ദൈവത്തിന്റെ കോപം സാവധാനവും അനുഗ്രഹങ്ങൾ വളരെ വേഗവും ആണു്. ദൈവം നമ്മെ വീണ്ടെടുക്കുമ്പോൾ –തന്റെ ഭവനത്തിലേക്കു സ്വീകരിക്കുമ്പോൾ–നമ്മുടെ നിലയ്ക്കു യാതൊരു ഭംഗവും വരുത്തുന്നില്ല. വീഴ്ചയ്ക്കു മുൻപു ഭവനത്തിൽ നമുക്കുണ്ടായിരുന്ന സ്ഥാനത്തേക്കു തന്നെ നമ്മെ ഉയർത്തുന്നു.

നമ്മുടെ നിലയ്ക്കു വ്യത്യാസം വരണമെന്നു നീതി ആവശ്യപ്പെടുന്നു. അതു സത്യം തന്നെ. "നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല" എന്നു മുടിയനായ പുത്രൻ പറഞ്ഞു. അവന്നു് അതു ബോധ്യപ്പെട്ടു. അവൻ അതിൽ തെററിപ്പോയില്ല. നീതിമാത്രം നോക്കുന്നപക്ഷം അവൻ നഷ്ടപ്പെടുത്തിയ യാതൊന്നും അവന്നു കിട്ടാൻ അർഹതയില്ല. അതുപോലെ നമ്മിൽ യാതൊരുത്തർക്കും രക്ഷ കണ്ടെത്താൻ കഴിയുകയില്ല. എന്നാൽ ദൈവത്തിന്റെ സ്നേഹം തന്റെ നീതിയേയും കവിയുന്നതാണു്. നീതി ദൈവത്തിന്റെ ഒരു സ്വഭാവം (attribute) ആണു്; എന്നാൽ സ്നേഹമോ തന്റെ സാക്ഷാത്താണു് (Essence). "ദൈവം സ്നേഹമാകുന്നു". ദൈവം നീതിയാകുന്നു എന്നു പറയുന്നില്ല. സ്നേഹം നീതികൊണ്ടുമാത്രം തൃപ്തിപ്പെടുന്നില്ല. സ്നേഹം കരുണനിറഞ്ഞതാണു്—ആർദ്രതകരുണതന്നെ.

ദൈവത്തിന്റെ ക്ഷമയും നമ്മുടെക്ഷമയും തമ്മിൽ സ്വല്പം ഒന്നു താരതമ്യപ്പെടുത്തിനോക്കാം. നാം എന്താണു് സാധാരണ പറയാറുള്ളതു്? "ന്യായമായുള്ളതു ചെയ്വാൻ ഞാൻ തയ്യാറാണു്." "ഞാൻ ക്ഷമിക്കാം, എന്നാൽ മറക്കാൻ കഴിയുകയില്ല." ദൈവം ക്ഷമിക്കുമ്പോൾ തന്നോടു ചെയ്തിട്ടുള്ള സകല അനീതികളെയും താൻ മറക്കുകയും ചെയ്യുന്നു. അവൻ നമുക്കു് ഒരു പുതിയ ആരംഭം (A new start) ഇട്ടുതരുന്നു. തന്റെ നീതി തണുത്തുപോകുന്നു. സ്നേഹം ജയിക്കുന്നു. സ്നേഹം നിറഞ്ഞുള്ള കരുണയ്ക്കു ചൂടുപിടിക്കുന്നു. കഠിനഹൃദയം ഉരുകുന്നു. ഒരിക്കൽപോലും പാപംചെയ്തിട്ടില്ലാത്തവരെപ്പോലെ നമ്മോടു വർത്തിക്കുന്നു. അതാണു് സാക്ഷാൽ പാപമോചനം; അതാണു് സാക്ഷാൽ ക്ഷമ; അതാണു് സാക്ഷാൽ സ്നേഹം. ദൈവത്തിന്റെ അൻപുള്ള ആത്മാവു് പാപിയുടെ ഹൃദയത്തെ സ്നേഹാഗ്നികൊണ്ടു് ഉരുക്കുന്നു. അതു്

ആളിക്കത്തുന്നു. നാം എങ്ങിനെ വർത്തിക്കുന്നു എന്നു കാണ്മാൻ ദൈവം കാത്തിരിക്കുന്നില്ല. നമുക്കു വേണ്ടുന്ന പ്രഥമ ശുശ്രൂഷകൾ തന്നശേഷം പെട്ടെന്നു അടുത്ത ചികിത്സകൾ നടത്തുന്നു. നമ്മുടെമുറിവുകളെ തന്റെ സ്പർശനത്താൽ സുഖപ്പെടുത്തുന്നു. നാം ഏതു നിലയിൽ ഇരിക്കുന്നുവോ ആ നിലയിൽ അല്ല താൻ നമ്മോടു പെരുമാറുന്നതു്, പിന്നയോ നാം ഏതു നിലയിൽ ആയിതീരുവാൻ താൻ ആഗ്രഹിക്കുന്നുവോ ആ നിലയിലാണു് പെരുമാറുന്നതു്. അതാണു് ദൈവത്തിന്റെ സ്നേഹത്തിന്റെ തോതു്. നന്മയാകുന്ന മേലങ്കിയെ നമ്മുടെ മേൽ ഇടുന്നു. സ്നേഹമാകുന്ന മോതിരം കൊണ്ടു് നമ്മെ തന്നോടു ബന്ധിക്കുന്നു. സമാധാനമാകുന്ന ചെരിപ്പു നമ്മുടെ കാലിന്മേൽ ധരിപ്പിക്കുന്നു. നാം ദൈവത്തിനുള്ളവരായിതീരുന്നു. തന്റെ അപരിമിതമായ സ്നേഹാഗ്നിയാൽ നാം കത്തിജ്വലിച്ചു് തന്റെ ആഗ്രഹപ്രകാരം മലമേൽ കത്തിച്ചുവച്ചിരിക്കുന്ന ഒരുവലിയ വെളിച്ചംപോലെ ചുററുപാടുമുള്ളവൎക്കു് പ്രകാശത്തെ പ്രദാനം ചെയ്യുന്നവരായിതീരുന്നു.

അവസാനമായി എന്താണു് നടക്കുന്നതു്? എല്ലാത്തിലും വലിയ അതിശയം. പിതാവിന്റെഹൃദയത്തിൽ സന്തോഷം, തന്റെ ഭൃത്യഗണങ്ങളുടെ ഇടയിൽആനന്ദം. വലിയവിരുന്നു്. ആകപ്പാടെപരമാനന്ദം. സ്വൎഗ്ഗത്തിന്റെ ഒരു പ്രതിഛായ ഇവിടെയും സൂചിപ്പിച്ചിരിക്കുന്നു. ലൂക്കോ: 15. 10. "മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ചു ദൈവദൂതന്മാരുടെ മദ്ധ്യേസന്തോഷം ഉണ്ടാകും". ദൈവദൂതന്മാരുടെ ഇടയിൽ സന്തോഷം. മാത്രമോ, ദൈവത്തിന്റെ ഹൃദയത്തിൽ സന്തോഷം. കാരണംഎന്തു്? ഒരു പാപി അനുതപിച്ചു തന്റെ അടുക്കൽ എത്തിച്ചേൎന്നിരിക്കുന്നു.

സാധാരണ ദൈവത്തെപ്പററി ചിന്തിക്കുമ്പോൾ 'തനിക്കു് രൂപമില്ല, ആഗ്രഹങ്ങളില്ല, വികാരങ്ങളില്ല, പ്രപഞ്ചത്തിനുമേലായി ഒരു സിംഹാസനത്തിൽ മനുഷ്യരിൽ താല്പൎയ്യമില്ലാത്തവനായി കഴിഞ്ഞുകൂടുന്ന ഒരു മായാരൂപി' എന്നെല്ലാം ആണല്ലൊചിന്തിക്കാറുള്ളതു്. എന്നാൽ യേശുക്രിസ്തുവെളിപ്പെടുത്തിത്തന്നിട്ടുള്ള ദൈവം അങ്ങനെയുള്ളവനല്ല. ഒരു കുരുവി നിലത്തുവീണുനഷ്ടപ്പെടുന്നതുംകൂടി തനിക്കുകാൎയ്യമായുള്ള സംഗതിയാണു്. അങ്ങനെയെങ്കിൽ ഒരു മനുഷ്യാത്മാവു് വീണു് നരകത്തിൽകിടന്നു് നശിച്ചുപോകുന്നതിൽ തനിക്കു് എത്ര അധികസങ്കടമാകും? ഒരുപാപി അനുതപിച്ചു തിരിഞ്ഞു വരുമ്പോൾ സ്വൎഗ്ഗത്തിൽവലിയ സന്തോഷം. അങ്ങനെതന്നെ തിരിച്ചുവരുവാൻ മനസ്സില്ലാത്ത ഒരു പാപിയെപ്പററി സ്വൎഗ്ഗത്തിൽ വലിയ സങ്കടവും ഉണ്ടായിരിക്കും എന്നുള്ളതിനു് സംശയമില്ല.

എന്തിനായിട്ടു് ദൈവം നമ്മെസൃഷ്ടിച്ചു? എന്തെന്നാൽ നമ്മെക്കൊണ്ടു് തനിക്കു് ആവശ്യമുണ്ടു്. തന്നെ സ്നേഹിക്കുന്നതിനും, സേവിക്കുന്നതിനും എന്നും തന്നോടുകൂടി സ്വൎഗ്ഗത്തിൽ ആനന്ദമായി വാഴുന്നതിനുമായി ദൈവം നമ്മെ സൃഷ്ടിച്ചു. "ദൈവം സ്നേഹമാകുന്നു." സ്നേഹം എപ്പോഴും സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നു. ദൈവം സ്നേഹമായിരിക്കുന്നതിനാൽ

താൻ സ്നേഹത്തെകാംക്ഷിക്കുന്നു. നമ്മെ ഓരോരുത്തരേയും മകനേ, മകളേ എന്നപേരുചൊല്ലിവിളിച്ച് "നിന്റെ ഹൃദയം എനിക്കുതരിക" എന്നുപറയുന്നു. അതുകിട്ടുന്നതുവരെയും തനിക്കു് സമാധാനമൊ സന്തോഷമൊഇല്ല.

ഈ ഉപമയിൽനിന്നും നമ്മുടെ കർത്താവിന്റെ മററുപഠിപ്പിക്കുകളിൽനിന്നും ഒരു സംഗതി വ്യക്തമാണു്. സ്വർഗ്ഗത്തിലെ സന്തോഷത്തിനും സങ്കടത്തിനും നമുക്കും കുറച്ചൊരുപങ്കുണ്ടു്. നമുക്കു് അടുത്തുണ്ടാകുന്നപരീക്ഷാസമയത്തു നാം ഇതോക്കുമോ? "ഞാൻ പാപം ചെയ്താൽ എന്തുവരാൻ പോകുന്നു, ആരുവകവയ്ക്കുന്നു?" എന്നും മററും നിർദ്ദാക്ഷിണ്യമായി പറയുന്നവരില്ലേ? പിതാവായ ദൈവത്തിനും സ്വർഗ്ഗത്തിലെ പരിശുദ്ധ മാലാകകൾക്കും അതു മർമ്മഭേദകമാണെന്നു് ഓർത്തുകൊൾക. ഓരോപാപവും അവരുടെ സ്നേഹം നിറഞ്ഞഹൃദയത്തിൽ ക്രൂരഅമ്പുതറയ്ക്കുന്നതുപോലെയാകുന്നു.

ദൈവം ഇതിനേപ്പററി എന്തുമാത്രംവ്യാകുലപ്പെടുന്നുണ്ടെന്നും വിചാരപ്പെടുന്നുണ്ടെന്നും നാം സ്വല്പമൊന്നു ചിന്തിക്കുമോ? അതിന്റെ ശേഷം കുരിശിങ്കലേക്കുനോക്കുക. എന്താണു് നാം കാണുന്നതു്? ദൈവത്തിന്റെ സ്നേഹം വഴിഞ്ഞൊഴുകുന്ന ഹൃദയത്തിൽനിന്നു് ഒരു സ്വല്പനേരത്തേക്കു് ആ മറയെ യേശുതമ്പുരാൻ ഒന്നുമാററികാണിച്ചിരിക്കുന്നു. അങ്ങനെയാണു് തന്റെ മക്കളുടെ പാപം ദൈവത്തിന്റെ ഹൃദയത്തെ മുറിപ്പെടുത്തുന്നതു്. അങ്ങനെയാണു് താൻ നമ്മെപ്പററികരുതുന്നതു്. അറിഞ്ഞും അറിയാതെയും അനേകംപ്രാവശ്യം നമ്മുടെ കർത്താവിനെ നാം സങ്കടപ്പെടുത്തിയിട്ടുണ്ടു്. ഇനിയുമെങ്കിലും സത്യഅനുതാപത്തോടെ തന്റെ അടുക്കലേക്കു് തിരിച്ചുചെന്നു് തന്നെ സന്തോഷിപ്പിക്കരുതോ? അതോ ഇനിയും സമയമായിട്ടില്ലെന്നുണ്ടോ?

മുടിയനായ പുത്രൻ തന്റെ ഭവനത്തിലേക്കു തിരിച്ചുപോകണമെന്നു് ആഗ്രഹിച്ചപ്പോൾ തനിക്കു യോജിച്ച നല്ല വസ്ത്രത്തിനായി കാത്തിരുന്നില്ല. നഷ്ടപ്പെട്ട ആരോഗ്യം തിരിച്ചുകിട്ടുന്നതിനായി താമസിച്ചില്ല. അവൻ ആയിരുന്ന പടിയേ ക്ഷീണിച്ച ശരീരത്തോടും കീറിപ്പറിഞ്ഞു ദുർഗ്ഗന്ധംവമിക്കുന്ന വസ്ത്രങ്ങളോടും പട്ടിണി വയറോടും അവന്റെ അപ്പന്റെ ഭവനത്തിലേക്കു പോയി. അവൻ ഇത്ര നികൃഷ്ടമായ അവസ്ഥയിൽ വരുന്നതിനെകണ്ടിട്ടു് പിതാവിനു് ഒട്ടും അറപ്പോ വെറുപ്പോ തോന്നിയില്ല. അവനെ കണ്ടതുതന്നെ വലിയ സംഗതിയായി താൻ കരുതി. മകനു് ആവശ്യമുള്ള ആഡംബരങ്ങൾ തന്റെ കൈവശം ഉണ്ടു്. മേൽത്തരമായ അങ്കി, മോതിരം, ചെരുപ്പ് എന്നുവേണ്ടാ മറേറതും തന്റെ പക്കൽ ഇരുപ്പുണ്ടു്. അതു കൊടുക്കുന്നതുതന്നെ തനിക്കു സന്തോഷപ്രദമായിരുന്നു. മക്കൾക്കുവേണ്ടിയാണല്ലോ പിതാവിന്റെ സർവ്വസ്വവും. അവർ അകന്നുപോകാതെ തന്റെ അടുക്കലേക്കു തിരിച്ചു ചെല്ലണമെന്നു മാത്രമെ താൻ ആഗ്രഹിക്കുന്നുള്ളു.

പിതാവായ ദൈവത്തിന്റെ അടുക്കലേക്കു ചെല്ലുന്നതിനു ഒരു ശുദ്ധമുള്ള ഹൃദയം ഉണ്ടായെങ്കിലെ സാധിക്കു എന്നുവച്ചു താമസിക്കരുതു്. നമുക്കു്

ആവശ്യമുള്ളതു് എന്താണെന്നു് നമ്മേക്കാൾ കൂടുതൽ അറിയാവുന്നതു് ദൈവത്തിനാണു്. അവന്റെ പക്കൽ സാദ്ധ്യവും ഉണ്ടു്. തക്കസമയത്തു തന്നുകൊള്ളും. തരുന്നതിനായി താൻ നോക്കിപാർത്തുകൊണ്ടിരിക്കയാണു്. എന്തിനു മടിക്കുന്നു? എന്തിനു സംശയിക്കുന്നു? എന്തിനു താമസിക്കുന്നു? നാം ആയിരിക്കുന്ന രീതിയിൽ തന്നെ, നമ്മുടെ സകല അശുദ്ധതകളോടും മലിനതകളോടും കൂടെത്തന്നെ തന്റെ അടുക്കലേക്കു തിരിച്ചു ചെല്ലാം. ഒരു ശുദ്ധഹൃദയത്തിനായുള്ള സത്യവാഞ്ഛ മാത്രം നമുക്കുണ്ടായാൽ മതി. മതം എന്നതു് നല്ല ആളുകൾക്കു മാത്രമുള്ളതല്ല; നല്ലതാകാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും കൂടി തന്നെ. അതിനാൽ സങ്കീർത്തനക്കാരനോടു കൂടി നമുക്കു "ഹിസോപ്പായാലെ എന്റെമേൽ നീ തളിക്കേണമേ, ഞാൻ വെടിപ്പാകപ്പെടും. അതിനാലെ എന്നെ വെണ്മയാക്കേണമേ, ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും" എന്നു പ്രാർത്ഥിക്കാം. നമ്മുടെ കർത്താവിന്റെ വചനങ്ങളെ ഓർക്കുക. മത്താ: 7.9-11. "മകൻ അപ്പം ചോദിച്ചാൽ അവനു കല്ലുകൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളൂ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും?" ദൈവത്തിൽ വിശ്വസിക്കുക. തന്റെ അടുക്കൽ അടുത്തു ചെല്ലുക. നമുക്കു് ആവശ്യമുള്ളതു സകലവും തന്റെ പുത്രനിൽ കൂടി നമുക്കു തരും. നമ്മെ തന്റെ ഭവനത്തിലേക്കും പുത്രത്വത്തിലേക്കും സ്വീകരിക്കും.

ക്രിസ്തീയജീവിതം. (തുടർച്ച)

(ബിഷപ്പു് എം. കാപ്പ്ൻറയിൻഗാർണിയർ എഴുതിയതു്.)

(പരിഭാഷകൻ:—സി. കെ. ഐപ്പു് B. A., B. L., തിരുവനന്തപുരം.)

ക്രിസ്തീയ ജീവിതപോഷണം.

നമ്മുടെ ലക്ഷ്യം ക്രിസ്തുവിനോടുള്ള സംയോജിപ്പാണെന്നു എപ്പോഴും ആവർത്തിക്കേണ്ട ആവശ്യമില്ല. ഈ ഐക്യത ആദ്യം നടപ്പായതു് ജ്ഞാനസ്നാനസമയത്താണു്. അപ്പോൾ ആയിരുന്നു അവിടത്തെ ജീവാത്മശക്തിക്കു് നാം ഓഹരിക്കാരായതു്. ക്രിസ്തുവിനോടുള്ള ഈ അതിഭയങ്കരമായ സംയോജിപ്പു് ക്രിസ്തീയമതത്തിന്റെ കേന്ദ്രസ്ഥാനമായി സ്ഥിതിചെയ്യുന്നു. അതു നമ്മിൽ പ്രബലപ്പെടുന്നതു് സ്ഥിരീകരണം (മൂറോൻ) മൂലമത്രെ. അതിന്റെ യഥാസ്ഥാപനവും പരിപാലനവും കുമ്പസാരത്തിലെ പാപമോചനംവഴിക്കാണു്. പ്രാർത്ഥന, ധ്യാനം, ഭയഭക്തി ഇവയാലാണു് അതു നിക്ഷേപിക്കപ്പെടുന്നതു്. എന്നാൽ ഇതിനെ പോററിപുലർത്തുകയും വികസിപ്പിക്കയുംചെയ്യുന്നതു് എങ്ങിനെയാണു്? ലോകത്തിനു് അജ്ഞാതമായിരിക്കുന്നതും എന്നാൽ യഥാർത്ഥ ക്രിസ്ത്യാനിയുടെ പ്രചോദനത്തിനും പ്രത്യാശയ്ക്കും സന്തോഷത്തിനും ഹേതുവായിരിക്കുന്നതുമായ ഒരു മർമ്മത്തെ നാമിവിടെ ദർശിക്കുന്നു. നമ്മിലുള്ള ക്രിസ്തുവിന്റെ ജീവിതം പരിപോഷിക്കപ്പെടുന്നതു് ക്രിസ്തുവിനാൽതന്നെയാണു്. ജീവന്റെ അപ്പമായ ക്രിസ്തുതന്നെയാണു് ആത്മാവിന്റെ ആഹാരം. ഈ രഹസ്യമാകുന്നു നമ്മുടെ ഇന്നത്തെ പര്യാലോചനാവിഷയം.

അഞ്ചപ്പംകൊണ്ടു് അയ്യായിരംപേരെ പോററിയശേഷം ഉണ്ടായ സംഗതികളെ നമുക്കിപ്പോൾ പരിചിന്തനംചെയ്യാം. ഇവ സംക്ഷിപ്തമായി വി. യോഹന്നാന്റെ സുവിശേഷം ആറാംഅദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ അതിശയപ്രവൃത്തികഴിഞ്ഞു ഒരുദിവസം ഒരു വലിയ പുരുഷാരം കർത്താവിന്റെ ചുററുംകൂടി. പ്രതീക്ഷിക്കാത്തവിധത്തിൽ അവരുടെ വിശപ്പു് അടക്കിയതുകൊണ്ടാണ് അവർ വന്നുകൂടിയതു്. ഉടനെ നമ്മുടെ കർത്താവു് അവരോടു, ശാരീരികമായ ഭക്ഷ്യസാധനങ്ങളെക്കാൾ മേൽത്തരമായ ഒരു ഭോജനമുണ്ടെന്നും അതു കഴിച്ചാൽ എന്നാളും ജീവിക്കുമെന്നും പ്രസ്താവിച്ചു. "നിങ്ങൾ നശ്വരമായ ആഹാരത്തിനുവേണ്ടിയല്ല നിത്യജീവനായി, നിലനില്ക്കുന്ന ആഹാരത്തിനുവേണ്ടിയാണു യത്നിക്കേണ്ടതു്. ഇതു നിങ്ങൾക്കു മനുഷ്യപുത്രൻ നല്കും" (ശു. യോഹ. 6: 27). അനന്തരം അദ്ദേഹം ആത്മീയാഹാരത്തിന്റെ ആവശ്യകതയെക്കുറിച്ചു സവിസ്തരം പ്രതിപാദിച്ചു അവിടുന്നുതന്നെയാണ് ആത്മാക്കളുടെ ആഹാരമായിത്തീരേണ്ടതു് എന്നുള്ള മഹൽസത്യം ഈ അഭ്യസനംമുഖാന്തിരം അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി. അവിടത്തെ വചനങ്ങൾ ഞാൻ നിങ്ങൾക്കായി ഉദ്ധരിക്കാം. "ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പമാകുന്നു. ഒരുവൻ ഈ അപ്പത്തെ ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി കൊടുക്കുന്ന എന്റെ ശരീരമാകുന്നു." യഹൂദന്മാർ അന്യോന്യം വാദിച്ചു. 'തന്റെ ശരീരം ഭക്ഷിപ്പാൻതരുന്നതിനു് ഇവനു് എങ്ങിനെ കഴിയും' എന്നു പറഞ്ഞു. യേശു അവരോടിപ്രകാരം പറഞ്ഞു. "ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു. മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കാതെയും—അവന്റെ—രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു് ഉള്ളിൽ ജീവനുണ്ടാകയില്ല. എന്റെ ശരീരത്തെ ഭക്ഷിക്കയും എന്റെ രക്തത്തെ കുടിക്കയും ചെയ്യുന്നവനു നിത്യജീവനുണ്ടാകും. ഞാൻ അവസാനനാളിൽ അവനെ ഉദ്ധരിക്കും. എന്തുകൊണ്ടെന്നാൽ എന്റെ ശരീരം സത്യമായിട്ടും ഭക്ഷണവും എന്റെ രക്തം സത്യമായിട്ടും പാനീയവുമാകുന്നു. എന്റെ ശരീരത്തെ ഭക്ഷിക്കയും എന്റെ രക്തത്തെ കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവനുള്ള പിതാവു് എന്നെ അയച്ചു. പിതാവുനിമിത്തം ഞാൻ ജീവനുള്ളവനായിരിക്കുന്നു. ഇപ്രകാരംതന്നെ എന്നെ ഭക്ഷിക്കുന്നവനും ഞാൻനിമിത്തം ജീവിക്കും." (ശു. യോഹ: 6: 51–57). നമ്മുടെ കർത്താവിന്റെ ഈ ഉപദേശം കേട്ടുകൊണ്ടുനിന്ന പലരും തന്നെ തെററിദ്ധരിക്കയും എതിർക്കയുംചെയ്തതു് ശ്രദ്ധാർഹമാണു്. ഇങ്ങിനെ ഒരു എതിർപക്ഷമുണ്ടായതുകൊണ്ടു്, ഇതിനെപ്പററി കൂടുതൽ സംസാരിച്ചു ഒടുവിൽ അതു സാരമായ ഉപദേശം അല്ലെന്നു വരുത്തുകയോ അല്ലെങ്കിൽ താൻ അങ്ങനെയൊന്നും പഠിപ്പിച്ചില്ലെന്നു വാദിക്കയോ ഉണ്ടായിട്ടില്ല. നേരെമറിച്ചു് അദ്ദേഹം പ്രസ്താവിച്ച സംഗതി കുറേക്കൂടെ സ്പഷ്ടമാക്കുകയും സ്ഥിരപ്പെടുത്തി പറകയുമായിരുന്നു ചെയ്തതു്. ആ അദ്ധ്യായത്തിന്റെ അവസാനത്തിൽ ഇങ്ങനെ കാണുന്നു. "ഈ വചനംനിമിത്തം അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങി. (പിന്നെ) അദ്ദേഹത്തോടുകൂടി സഞ്ചരിച്ചതുമില്ല. അപ്പോൾ യേശു പന്ത്രണ്ടു പേരോടു 'നിങ്ങളും പോകുവാനിച്ഛിക്കുന്നുവൊ' എന്നു ചോദിച്ചു. ശിമോൻപത്രോസു് അദ്ദേഹത്തോടു് 'എന്റെ കർത്താവെ ഞങ്ങൾ ആരുടെ അടുക്കൽ പോകും? അവിടത്തെ അടുക്കൽ നിത്യജീവന്റെ വചനങ്ങൾ ഉണ്ടല്ലൊ. അങ്ങു് ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു' എന്നുത്തരംപറഞ്ഞു" (ശു. യോഹ: 6: 66–69). ആത്മീയാഹാരംസംബന്ധിച്ചു നമ്മുടെ കർത്താവു നൽകിയ ഉപദേശം ഇതായിരുന്നുവെങ്കിൽ ഇതു പ്രദാനംചെയ്യേണ്ട മാർഗ്ഗം ഏതായിരുന്നു? ഇതിനു നമ്മുടെ നാഥനു് ഒരു സ്ഥിരപദ്ധതിക്രമമുണ്ടായിരുന്നുവെന്നറിയണം. അദ്ദേഹം ഇതിനെ കേവലം ഒരു ആകസ്മികസംഭവമായിട്ടൊ ഭാഗ്യപരീക്ഷയായിട്ടൊ വിട്ടിട്ടില്ല. മനുഷ്യാവതാരമാർഗ്ഗത്തെയാണ് അദ്ദേഹം ഇവിടെ വീണ്ടും ഉപയോഗിച്ചതു്. അതായതു് മഹത്തരവും ആദ്ധ്യാത്മികവും നിഗൂഢവുമായ (hidden) സത്യങ്ങളെ മനുഷ്യനെ മനസ്സിലാക്കുന്നതിനുവേണ്ടി സാമാന്യവും ബാഹ്യവുമായ സാധനങ്ങളെയാണു നമ്മുടെ കർത്താവു് ഉപയോഗിക്കുക. ഇതു നാം ശരിയായി ധരിച്ചിരിക്കുംകാലം ശു. ലൂക്കോസിന്റെ സുവിശേഷം 22-ാം അദ്ധ്യായം 19-ം, 20-ം വാക്യങ്ങൾ വായിക്കുമ്പോൾ നാമശേഷം ആശ്ചര്യപ്പെടുകയില്ല. "അനന്തരം അദ്ദേഹം അപ്പമെടുത്തു സ്തോത്രംചെയ്തു നുറുക്കി അവർക്കു കൊടുത്തിട്ടു് 'ഇതു് നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാകുന്നു. എന്റെ ഓർമ്മയ്ക്കായിട്ടു് ഇപ്രകാരം പ്രവർത്തിച്ചുകൊൾവിൻ' എന്നു പറഞ്ഞു. അത്താഴം കഴിഞ്ഞശേഷം അദ്ദേഹം പാനപാത്രത്തെക്കുറിച്ചു് ഇപ്രകാരം പറഞ്ഞു. 'ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി

ചൊരിയപ്പെടുന്ന എന്റെ രക്തംകൊണ്ടുള്ള പുതിയനിയമമാകുന്നു". തിരുവെഴുത്തുകളിലെ ഈ രണ്ടു പ്രശസ്തഭാഗങ്ങളെ കൂട്ടിയിണക്കുന്നപക്ഷം നമ്മുടെ നാഥന്റെ ബോധനം ഇപ്രകാരമാണ്. 'നിങ്ങൾക്കെല്ലാവർക്കും ആത്മീയഭക്ഷണം ആവശ്യമാണ്. ആ ആഹാരം ഞാൻതന്നെയാകുന്നു. ഞാൻ നിങ്ങളിലേക്ക അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽവരും.'

ഈ സ്വർഗ്ഗീയഅപ്പം തുടർച്ചയായി ഉണ്ടായിരിക്കുന്നതിന് വേണ്ട ഏർപ്പാട്ട് അദ്ദേഹം ചെയ്യുകയുണ്ടായി എന്ന് നിങ്ങൾ ധരിക്കുന്നതു കൊള്ളാം. അവിടത്തെ അരുളപ്പാടനുസരിച്ച് സഭ ഉടവിടാതെ ഭയഭക്തിപുരസ്സരം ക്രമാനുസരണമായവിധത്തിൽ അപ്പവും വീഞ്ഞും കൊണ്ട് വരേണ്ടിയിരിക്കുന്നു. ഓരോപ്രാവശ്യവും അദ്ദേഹം ഈ പദാർത്ഥങ്ങളെ വാഴ്ത്തി ശുദ്ധീകരിക്കും. അങ്ങിനെ ചെയ്തു കഴിയുമ്പോൾ അവിടത്തെ ഇഷ്ടാനുസരണം അവ തിരുശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നു. ഇതു നിർവഹിക്കപ്പെടേണ്ടതു് കൈവെപ്പുള്ള പുരോഹിതവർഗ്ഗത്താലത്രെ. ഇപ്രകാരം നമ്മുടെ കർത്താവിന്റെ പ്രതിപുരുഷനായ ഒരു പട്ടക്കാരൻ അപ്പവും വീഞ്ഞും വാഴ്ത്തിശുദ്ധീകരിക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരവും രക്തവുമായിത്തീരുന്നു. നാം ഇവിടെ ചിന്തിക്കുന്നതു് അതിരഹസ്യമായ ഒരു കാര്യമാണ്. അതിനാൽ അധികം സംസാരിക്കുന്നതുതന്നെ നന്നല്ല. യുഗന്തോറുമുള്ള വി. കാതോലികസഭയുടെ അനുഭവത്തിൽ നിന്നും ഉപദേശത്തിൽ നിന്നുമാണ് നാം ഈ അഭിപ്രായം തുറന്നു പ്രസ്താവിക്കുന്നതു്. ഈ കൂദാശയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും ഹീനസാദൃശ്യത്തിൽ യേശുനാഥൻ അഥവാ ഇന്നത്തെ ക്രിസ്തു സന്നിഹിതനായിരിക്കുന്നുവെന്നു നാം വിശ്വസിക്കുന്നു. വിശുദ്ധീകരിക്കപ്പെട്ട ഈ പദാർത്ഥങ്ങൾമൂലം ക്രിസ്തുവിന്റെ പുനരുത്ഥാന ജീവനെ നാം പ്രാപിക്കുന്നുവെന്നും വിശുദ്ധസംസർഗ്ഗം മുഖേന നമ്മിലുണ്ടാവുന്ന കൃപാവരം യേശുക്രിസ്തുതന്നെയെന്നുമാണ് നമ്മുടെ വിശ്വാസം. നമ്മുടെ പ്രാർത്ഥനാപുസ്തകത്തിൽ (Common Prayer Book.) ചോദ്യോത്തര രൂപത്തിലുള്ള പ്രബോധനം ഇങ്ങിനെയാകുന്നു: "കർത്താവിന്റെ തിരുവത്താഴത്തിൽ പ്രത്യക്ഷമാകുന്നതു് അപ്രത്യക്ഷമായ ഏതു നന്മയാകുന്നു?" അതു ഭക്ഷിക്കുമ്പോൾ വിശ്വാസികൾ കർത്താവിന്റെ തിരുശരീരവും തിരുരക്തവും കൈക്കൊൾകയാണ്." ഇവയിൽ ഉള്ളതുമാത്രമെ കൈക്കൊൾവാൻ നമ്മെക്കൊണ്ടു് സാധിക്കുകയുള്ളു. വിശുദ്ധ സംസർഗ്ഗംമൂലം കർത്താവിന്റെ തിരുശരീരവും തിരുരക്തവും നാമനുഭവിക്കുന്നു. എന്തെന്നാൽ ഈ ദാനങ്ങൾ അവയിൽ വച്ചിരിക്കുന്നതു് നമുക്ക് നൽകുന്നതിനാണ്. കൊരിന്തിയർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ പൌലൂസ് അപ്പോസ്തലന്റെ സ്പഷ്ടമായ പഠിപ്പിക്കൽ ഇതാകുന്നു: * "വിജ്ഞന്മാരോടെന്നപോലെ ഞാൻ പറയുന്നു. ഞാൻ പറയുന്നതിനെ നിങ്ങൾ പരിശോധിച്ചു് നോക്കുവിൻ. നമ്മാലനുഗ്രഹിക്കപ്പെടുന്നസ്തോത്രപാനപാത്രം മിശിഹായുടെ രക്തസംബന്ധിയല്ലയൊ? നാം മുറിക്കുന്ന അപ്പവും മിശിഹായുടെ ശരീരസംബന്ധിയല്ലയൊ" (1 കൊരി 10. 15-16) "ഞാൻ നിങ്ങളെ ഏല്പിച്ചിട്ടുള്ളതു് നമ്മുടെ കർത്താവിൽ നിന്നു് എനിക്ക് കിട്ടിയിട്ടുള്ളതാകുന്നു. ആയതു് എന്തെന്നാൽ നമ്മുടെ കർത്താവായ യേശു ഏല്പിക്കപ്പെട്ട രാത്രിയിൽ അപ്പമെടുത്തു വാഴ്ത്തിമുറിച്ചിട്ട്, "നിങ്ങൾ വാങ്ങിഭക്ഷിപ്പിൻ, ഇതു നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. എന്റെ ഓർമ്മയ്ക്കായിട്ട് ഇപ്രകാരം നിങ്ങൾ ചെയ്തുകൊൾവിൻ" എന്നുപറഞ്ഞു. അപ്രകാരം തന്നെ അത്താഴം കഴിഞ്ഞശേഷം പാനപാത്രം കൊടുത്തിട്ടു, "ഈ പാനപാത്രം എന്റെ രക്തംകൊണ്ടുള്ള പുതിയനിയമമാകുന്നു. എന്റെ ഓർമ്മയ്ക്കായിട്ടു് നിങ്ങൾ കുടിക്കുമ്പോഴൊക്കെയും ഇപ്രകാരം ചെയ്തുകൊൾവിൻ" എന്നു പറഞ്ഞു. നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും ഈ പാനപാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം നമ്മുടെ കർത്താവിന്റെ മരണത്തെ—അദ്ദേഹത്തിന്റെ വരവുവരെ—ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ടു് അയോഗ്യതയോടെ കർത്താവിന്റെ അപ്പത്തെ ഭക്ഷിക്കയും അദ്ദേഹത്തിന്റെ പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്യുന്നവൻ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുററക്കാരനാകുന്നു. ആയതുകൊണ്ടു് ആരായാലും സ്വയം പരിശോധിച്ചതിനുശേഷം വേണം ഈ അപ്പത്തെ ഭക്ഷിക്കയും ഈ പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്യുവാൻ. എന്തെന്നാൽ അയോഗ്യതയോടെ അതിനെ ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നവനു് അതു്—കർത്താവിന്റെ ശരീരത്തെ വിവേചിക്കായ്കകൊണ്ട്—കുററകരമായിത്തീരുന്നു' (1. കൊരി 11. 23-29) ഈ കൂദാശയുടെ കർമ്മം പരിശുദ്ധാത്മാവിന്റെ പ്രവൃത്തനമാണ്. പരിശുദ്ധാത്മാ

* വേദപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ പരിശുദ്ധ കുർബാനാനുഷ്ഠാനത്തിന്റെ ഏററവും പ്രാചീനമായ രേഖ ഈ ലേഖനത്തിലേതാകുന്നു.

വായദൈവം പ്രകൃതിവിഭവങ്ങളായ അപ്പത്തേയും വീഞ്ഞിനെയും രൂപാന്തരപ്പെടുത്തുന്നവേളയിൽ, ക്രിസ്തുവിൻെറ തിരുശരീരരക്തങ്ങളായ പ്രകൃത്യതീതകൃപാവരങ്ങളാകുവാറ അവയെ ശ്രേഷ്ഠതരങ്ങളാക്കിഉയർത്തുന്നു. ഇപ്രകാരം നമുക്ക് പൂർണ്ണമായി ക്രിസ്തുവിനെ സ്വായത്തമാകത്തക്കവിധത്തിൽ ഒരു മാർഗ്ഗം നൽകപ്പെട്ടിരിക്കുന്നു. അഥവാ ഈ ദാനം നമുക്ക് അദ്ദേഹത്തോട്ട് ഒരു നിശ്ചിതവും ദൃഢവുമായ സംയോജിപ്പിനുള്ള മുഖാന്തിരങ്ങളാണ്. പരിശുദ്ധ കുർബാനയിൽ ഇന്നത്തെക്രിസ്തു അദ്ദേഹത്തിൻെറ ആധുനീകാവസ്ഥയിൽ യഥാർത്ഥമായി സന്നിഹിതനായിരിക്കുന്നു വെന്നാണ് നമ്മുടെ വിശ്വാസം. അതാകട്ടെ ഉയർപ്പും സ്വർഗ്ഗാരോഹണവും മൂലം മഹത്വീകരിക്കപ്പെട്ടക്രിസ്തുവിൻെറ സാന്നിദ്ധ്യമാണ്. നാം സ്വർഗ്ഗലോകങ്ങളിൽ ജീവനുള്ളക്രിസ്തുവിന് അഭിമുഖമായി നിലകൊള്ളുന്നു. ഹീനസാദൃശ്യത്തിൽ അദ്ദേഹം പ്രത്യക്ഷമാകുന്നു വെന്നുള്ളത് വാസ്തവമാണെന്നിരുന്നാലും, അദ്ദേഹം അതേസമയം തന്നെ മഹത്വത്തിൻെറ നാഥനും രാജാക്കന്മാരുടെ രാജാവും കർത്താക്കന്മാരുടെ കർത്താവുമത്രെ. നാം ആരാധിക്കുകയും വണങ്ങുകയും ചെയ്യുന്നത് ആധുനീകക്രിസ്തുവല്ലാതെ മറ്റൊരു ക്രിസ്തുവല്ല; നമുക്ക് അനുഭവിച്ചറിയാൻ സാധിക്കാത്തതും മുന്നൊരുയുഗത്തിൽ ജീവിച്ചിരുന്നതുമായ ഒരു ക്രിസ്തുവുമല്ല. എന്നാൽ നമ്മുടെനാഥനും നമ്മുടെ വീണ്ടെടുപ്പുകാരനും നമ്മുടെ രാജാവും നമ്മുടെ ജീവനും നമ്മുടെ ആഹാരവും നമ്മുടെ പ്രത്യാശയുമാകുന്ന ക്രിസ്തുതന്നെ. ഈ മിശിഹാ സന്നിഹിതനായിരിക്കുന്നത് അവിടത്തെ വാഗ്ദത്തമനുസരിച്ചാണ്. നമുക്കിതൊന്നു നോക്കാം. ഈ സാന്നിദ്ധ്യം നമ്മുടെ മേന്മകൊണ്ടോ വിശ്വാസം മൂലമൊ ഉണ്ടാകുന്നതല്ല. അദ്ദേഹത്തിൻെറ സാന്നിദ്ധ്യം വഴിക്കുള്ള കൃപാകടാക്ഷമുണ്ടാവുന്നതിനു നമ്മുടെ ഭാഗത്തു വികാരപരമായ മനോസങ്കല്പമൊ അസാധാരണ ഭക്തിപ്രകടനമൊ ആവശ്യമില്ല. അവിടുന്നു ഉച്ചരിച്ചവചനങ്ങൾ പ്രകാരം, നമ്മിൽനിന്നു ഇതരമായ സ്ഥിതിയിൽ അദ്ദേഹം സന്നിഹിതനായിരിക്കുന്നു. പരിശുദ്ധാത്മശക്തികൊണ്ട് വാഴ്ത്തി ശുദ്ധീകരിക്കുന്നതുഹേതുവാൽ നമ്മുടെ കർത്താവായ യേശുമിശിഹായുടെ സാന്നിദ്ധ്യം അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യത്തിൽ ബലിപീഠത്തിലുണ്ട്. ഇതെങ്ങിനെ സംഭവിക്കുന്നുവെന്നുള്ളത് ഒരു മഹാവലിയ രഹസ്യമാണ്. ഇതിനെ ക്ലിപ്തപ്പെടുത്താനൊ അതിനൊരു അതിരുകുറിക്കാനൊ നമ്മാലസാദ്ധ്യം. തിരുസാന്നിദ്ധ്യമെന്ന ഏകസംഗതിമാത്രമെ നാമിപ്പോൾ ഇവിടെ ഊന്നിപറയുന്നുള്ളു.

ഈ സന്ദർഭത്തിൽ ചിലർക്കുണ്ടാവുന്ന മനോവിഷമത്തെപ്പററി സ്വല്പമായി പ്രസ്താവിച്ചുകൊള്ളട്ടെ: “വിശുദ്ധ സംസർഗ്ഗത്തിലുള്ള ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തെക്കുറിച്ച് ഇത്രമാത്രം നിങ്ങൾ എടുത്തുപറയുന്നതിൻെറ ആവശ്യം എനിക്കു മനസ്സിലാകുന്നില്ല. അദ്ദേഹത്തിൻെറ സാന്നിദ്ധ്യം നിശ്ചയമായും എല്ലായിടത്തുമുണ്ട്. പിന്നെ ഈ പറയുന്നതിൻെറ അർത്ഥമെന്താണ്?” ഇങ്ങിനെ ചിലർ ചോദിക്കുന്നതായി അറിയാം. നമ്മുടെ കർത്താവ് ദൈവമെന്നനിലയിൽ അദ്ദേഹം സർവ്വവ്യാപിയാകുന്നു എന്നുള്ളത് വാസ്തവംതന്നെ. തന്നെയല്ല, നാം പോകുന്നദിക്കിലെല്ലാം നമ്മാൽ അദ്ദേഹം ആരാധിക്കപ്പെടുന്നുമുണ്ട്. എന്നാൽ അദ്ദേഹം നമ്മുടെ മനുഷ്യത്വം സ്വീകരിച്ചതുകൊണ്ട് ഇന്നും സ്വർഗ്ഗലോകങ്ങളിൽ ഒരു യഥാർത്ഥമനുഷ്യനായി സ്ഥിതിചെയ്യുകയാണ്. അദ്ദേഹം മനുഷ്യരൂപത്തിൽ സർവ്വവ്യാപിയാണെന്ന് നാം വിശ്വസിക്കുന്നില്ല. പുനരുത്ഥാനശേഷം മനുഷ്യത്വത്തോടുകൂടെ അദ്ദേഹം ആഗ്രഹിച്ച സ്ഥലത്തെല്ലാം പോയി. ദൃഷ്ടാന്തം പറയുന്നെങ്കിൽ—എമ്മവൂസിലേക്കുള്ള വഴിയിലും, മാളികമുറിയിലും, ഗലീലക്കടലിൻെറ തീരത്തും ഇഷ്ടാനുസരണം അവിടന്നു പ്രത്യക്ഷമായി. ഇന്നും ഇതുപോലെയത്രെ: ദൈവമെന്നനിലയ്ക്കു അദ്ദേഹം സർവ്വവ്യാപിയാണ്: എന്നാൽ മനുഷ്യനായ ക്രിസ്തുവിൻെറ യഥാക്രമമായ സ്ഥാനം സ്വർഗ്ഗത്തിലാകുന്നുവെന്നാണ് നമ്മുടെ വിശ്വാസം. എങ്കിലും ഒരു ദിവ്യപ്രവൃത്തനം വഴിക്കു ക്രിസ്തുവിൻെറ മനുഷ്യത്വത്തിലുള്ള സാന്നിദ്ധ്യം ബലിപീഠത്തിൽ അനുഷ്ടിക്കുന്ന വി: കുർബാനയിൽ നമുക്കായി നൽകപ്പെട്ടിരിക്കുന്നു. ദൈവീകജീവനാൽമാത്രമല്ല മനുഷ്യാവതാരജീവനാൽകൂടെ നാം അദ്ദേഹത്താൽ പോഷിപ്പിക്കപ്പെടുന്നു. അദ്ദേഹം നമ്മിലേക്കു എഴുന്നെള്ളുന്നത് ദൈവവും മനുഷ്യനുമായിട്ടാണ്. അവിടത്തെ പരിപൂർണ്ണമനുഷ്യത്വം നമ്മുടെ അധീനതയിൽ വിട്ടുതന്നിട്ട്, അങ്ങിനെ അതുമുഖാന്തിരം നമ്മുടെ മനുഷ്യത്വം അവിടത്തെ ദിവ്യസ്വഭാവത്തിനു അനുരൂപമായിത്തീരുന്നതിനു സാധ്യമായവിധത്തിൽ അദ്ദേഹം നമ്മെ അനുവദിക്കുന്നു. ഇതു നാം വിശ്വസിക്കുന്നവകയും ഉടർച്ചയായി നമ്മുടെ പള്ളികളിൽ വി: കുർബാന എഴുന്നെള്ളിച്ച് വച്ചേക്കുന്ന പ്രാചീനനടപടിയെ നമുക്ക് എളുപ്പം മനസ്സിലാക്കാൻ കഴിയും. ഈ കൂദാശയിൽ സന്നിഹി

തരായിരിക്കുന്ന നമ്മുടെ കർത്താവ് ആത്മാവിന്റെ പോഷണമാണ്. തന്റെ കുഞ്ഞുങ്ങൾ ആവശ്യപ്പെട്ടപ്പോൾ തന്നെ സ്വീകരിക്കത്തക്കവണ്ണം എപ്പോഴും അവർക്ക് സമീപസ്ഥനായിരിക്കണമെന്നാണ് അവിടത്തെ പ്രത്യേകതാല്പര്യം. ഇപ്രകാരം വി: കുർബാന വീണ്ടെടുപ്പിനാകുന്നു കരുതിവയ്ക്കുന്നത്. ഇതു പ്രത്യേകിച്ചു രോഗികളുടേയും കുർബാന ചൊല്ലുമ്പോൾ തക്കതായ കാരണംകൊണ്ട് ഹാജരാവാൻ നിവൃത്തിയില്ലാതെ വരുന്നവരുടേയും പ്രയോജനത്തിനാണ്. എവിടെ ഇതു കരുതിവച്ചാലും അവിടെ അതു വിശുദ്ധസംസർഗ്ഗത്തിന് കാരണഭൂതമാണ്. തന്റെ കുഞ്ഞുങ്ങളുടെ മദ്ധ്യേ സ്നേഹപൂർവം നിലകൊള്ളുന്ന ജീവന്റെ അപ്പമായി അദ്ദേഹത്തെപ്പററി നാം ചിന്തിക്കണം. വിശുദ്ധ കൂദാശയിലെ ക്രിസ്തുവിനോടുകൂടെ നാം ജീവിക്കുന്നത് ഏതുപ്രകാരമൊ അപ്രകാരം അദ്ദേഹത്തെ കൂടെക്കൂടെ അവസരോചിതമായി സ്വീകരിച്ചാൽ മാത്രംപോരാ; നാം അദ്ദേഹത്തിന്റെ സമക്ഷത്തിൽ ജീവിക്കുന്നതിനു പഠിക്കയുംകൂടെ വേണം. നാമമുടെ കർത്താവ് വി: കുർബാനയിൽ സന്നിഹിതനായിരിക്കുന്നതുകൊണ്ട് അദ്ദേഹത്തെ സർവ്വദാ ആരാധിച്ചുമതിയാവൂ. വി: കുർബാനയോടുള്ള ബഹുമാനവും വണക്കവും യേശുക്രിസ്തുവിനോടുള്ളതാണ്. ഇതു നാം വിശ്വസിക്കുന്നപക്ഷം ലോകത്തിലെ ഒരു ശക്തിയെക്കൊണ്ടും നമ്മുടെ ആരാധന നിറുത്തുവാൻ സാധിക്കയില്ല. എന്തെന്നാൽ വി: കുർബാനയിൽ തിരുസാന്നിദ്ധ്യമുണ്ടെന്നു വിശ്വസിക്കുന്ന കാലത്തോളം അദ്ദേഹത്തെ നാം ആരാധിക്കാതിരിക്കയില്ല. (തുടരും)

റഷ്യയിലെ പാത്രിയർക്കാ സിംഹാസനത്തിന്റെ ആവിർഭാവം.

(ചരിത്രനിരീക്ഷകൻ)

മൂന്നാംലക്കം മാസികയിൽ റൂമേനിയാ, യൂഗോസ്ലാവിയാ എന്നി പൌരസ്ത്യസഭകൾ യവുനായസഭയുടെ പുത്രികാസഭകളാണെങ്കിലും സ്വാതന്ത്ര്യപ്രാപിച്ചു പുതിയപാത്രിയർക്കാസിംഹാസനങ്ങൾ സ്ഥാപിച്ചു പുരോഗമിക്കുന്നത് എങ്ങിനെയെന്നുള്ളതിനെപ്പററി പ്രസ്താവിച്ചിരുന്നുവെല്ലൊ. റഷ്യൻസഭയിൽ പാത്രിയർക്കാസിംഹാസനം എങ്ങിനെ ആവിർഭവിച്ചു എന്നുള്ളതു പരിശോധിക്കയത്രെ ഈ ലേഖനോദ്ദേശം. പത്താംനൂററാണ്ടായപ്പോഴേക്ക് പൌരസ്ത്യപാശ്ചാത്യസഭകൾ തമ്മിലുള്ള വേർപാട് പൂർണ്ണമായിത്തീർന്നു. അന്യോന്യസംസർഗ്ഗം നശിച്ചിരുന്നു. യവുനായസഭയിലെ മിഷ്യനറിമാർ ചെന്നാണ് റഷ്യയിൽ ആദ്യമായി ക്രിസ്തുമതം പ്രസംഗിച്ചത്. ഇതു പത്താം നൂററാണ്ടിന്റെ അവസാനഭാഗത്തായിരുന്നു. ക്രിസ്താബ്ദം 972-ൽ റഷ്യയിലെ വ്ളാഡിമിർ (S. Vladimir) ചക്രവർത്തി ക്രിസ്ത്യാനിയായിത്തീർന്നതുമുതൽ ക്രിസ്തുമതത്തിന് അവിടെ എന്തെന്നില്ലാത്ത പ്രാബല്യമുണ്ടായി. അവിടത്തെ സഭയുടെ മേലദ്ധ്യക്ഷൻ ഒരു മെത്രാപ്പോലീത്താ ആയിരുന്നു. ക്രി: 1247-വരെ ഇദ്ദേഹം ഒരു യവുനായവംശജനും യവുനായസഭയുടെ പ്രധാനമേലദ്ധ്യക്ഷനായ കുസ്തന്തീനോപ്പോലീസിലെപാത്രിയർക്കീസിനാൽ നിയമിതനുമായിരുന്നു. ഈ സമയത്തോടടുത്ത് രാജധാനി "കീവ്" പട്ടണത്തിൽനിന്നു മോസ്കോയിലേക്ക് മാററപ്പെടുകയും ചെയ്തു. യവുനായ വംശജനായ ജോസഫ് മെത്രാപ്പോലീത്താ 1243-ൽ കാലം ചെയ്തപ്പോൾ റഷ്യ

ൻസഭയിലെ നേതാക്കന്മാരുമായി ആലോചിച്ച് അന്നത്തെ ചക്രവർത്തി ക്രുറിലോസ് എന്നുള്ള അഭിധാനത്തിൽ റഷ്യക്കാരനായ ഒരാളെ മെത്രാപ്പോലീത്താ ആയി വാഴിപ്പിച്ച് സഭയുടെ പ്രധാനമേലദ്ധ്യക്ഷനായി അവരോധിച്ചു. കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസിന് ഈ നിയമനം അത്ര പഥ്യമായിരുന്നില്ലെങ്കിലും അദ്ദേഹം ഇതിനെ അനുകൂലിക്കുകയാണ് ചെയ്തത്. ക്രി: 1325-വരെ റഷ്യൻസഭാംഗങ്ങൾ തന്നെ ഇതുപോലെ മെത്രാപ്പോലീത്തന്മാരായി വാഴിക്കപ്പെട്ടുപോന്നു. അതിന്റെ ശേഷം റഷ്യൻസഭയുടെ പ്രധാനമേലദ്ധ്യക്ഷന്മാർ റഷ്യക്കാർ മാത്രമെ ആയിക്കൂടു എന്നുള്ള ചട്ടവും നടപ്പിലായി. ക്രി: 1435-മുതൽ തുർക്കികളുടെശക്തി അധികരിച്ച് കുസ്തന്തിനോപ്പോലീസ് അവരുടെ കൈയ്യിലാകുകയും പാത്രിയർക്കീസിന്റെ ശക്തിവളരെ ക്ഷയിക്കുകയും ചെയ്തു. ഇതോടുകൂടെ റഷ്യൻസഭ പൂർണ്ണസ്വാതന്ത്ര്യം പ്രാപിച്ചു എന്നുമാത്രമല്ല, മൊസ്ക്കോയിലെ മെത്രാപ്പോലീത്താ വളരെ അധികാരവും പ്രാബല്യവുമുള്ള ഒരു സ്ഥാനിയായി ഭവിക്കയും ചെയ്തു. പൌരസ്ത്യസഭകളിൽവച്ച് പ്രഥമസ്ഥാനം അർഹിക്കുന്ന റഷ്യൻസഭയിലെ പ്രധാനമേലദ്ധ്യക്ഷന് "പാത്രിയർക്കീസ്" എന്നുള്ളപേരു ഈകാലത്തില്ലായിരുന്നു എന്നല്ലാതെ മററാരു മഹിമയ്ക്കും കുറവുണ്ടായിരുന്നില്ല.

റഷ്യയിലെ പാത്രിയർക്കാസിംഹാസനസ്ഥാപനത്തിന് അനുകൂലമായ പലസംഭവങ്ങളും ഈ ഘട്ടത്തിൽ പെട്ടെന്നുണ്ടായി. അതിൽ ഏററം പ്രധാനമായതു് ബൊറിസ്സ് (Boris) ചക്രവർത്തിയുടെ സിംഹാസനാരോഹണമായിരുന്നു. തന്റെ മുൻഗാമിയായിരുന്ന ഐവാൻ ചക്രവർത്തി (Ivan, the Terrible) സഭാമേലദ്ധ്യക്ഷന്മാരുമായിപിണങ്ങി പ്രധാനമെത്രാപ്പോലീത്താ ആയ ഫിലിപ്പി (Philip) നെ കൊല്ലിക്കുകയുണ്ടായി. ബൊറിസ്സ് ചക്രവർത്തി സഭാനേതാക്കന്മാരുമായി യോജിപ്പിലും സ്നേഹത്തിലും കഴിയണമെന്നു വളരെ ആഗ്രഹമുള്ള ആളായിരുന്നു. അതുകൊണ്ടു് മൊസ്ക്കോയിലെ മെത്രാപ്പോലീത്തായുടെ സ്ഥാനമഹിമയ്ക്കുചേർന്ന പ്രാബല്യം അദ്ദേഹത്തിനുണ്ടാകുന്ന വിഷയത്തിൽ ചക്രവർത്തിയാതൊരു പ്രതിബന്ധവും ഉണ്ടാക്കിത്തീർത്തില്ല. ഇതുമാത്രവുമല്ല അന്ത്യോഖ്യായിലെ യവുനായപാത്രിയർക്കീസ് 1536-ൽ റഷ്യൻസഭ സന്ദർശിച്ചപ്പോൾ മൊസ്ക്കോയിലെ മെത്രാപ്പോലീത്തായെ പാത്രിയർക്കീസ് ആയി ഉയർത്തുന്നതിനെപ്പററി വേണ്ടആലോചനകൾ നടത്തുകയും കൂടെചെയ്തു. അദ്ദേഹം തിരികെമടങ്ങി അലക്സന്ത്രിയാ പാത്രിയർക്കീസ് തുടങ്ങിയുള്ള മററുപൌരസ്ത്യ പാത്രിയർക്കീസന്മാരുമായി ആലോചിച്ച് ഈ വിഷയത്തിൽ അവരുടെ ആനുകൂല്യവും സമ്പാദിച്ചു. ഇത്രയും ആയപ്പോഴേക്ക് ഗത്യന്തരമില്ലാതെ കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസും—അദ്ദേഹത്തിന്റെ നേരിട്ടുള്ള ഭരണത്തിൽ ഒരു പുത്രികാസഭയായിട്ടാണല്ലൊ റഷ്യൻസഭ ആരംഭിക്കപ്പെട്ടതു്—വഴിപ്പെട്ടു. ക്രി: 1558-ൽ റഷ്യയിലെ മേല്പട്ടക്കാർ എല്ലാവരും ഒന്നുചേർന്ന അന്നുമൊസ്ക്കോയിലെ മെത്രാപ്പോലീത്താ ആയിരുന്ന യോബ് എന്ന മേല്പട്ടക്കാരനെ "പാത്രിയർക്കീസായി" അവരോധിക്കയും ചെയ്തു. ഇപ്രകാരമാണ് റഷ്യൻ പാത്രിയർക്കാസിംഹാസനം ആവിർഭവിച്ചതു്. റഷ്യയിലെ അവസാനപാത്രിയർക്കീസ് 1918-ലെ വി

പ്ളവകാലത്തു് കാരാഗൃഹത്തിലടയ്ക്കപ്പെട്ടു പീഡയനുഭവിച്ചു് മരണം പ്രാപിച്ച റിക്കോൺ (Tikon) പാത്രിയർക്കീസായിരുന്നു (Vide PP 91—98 of "Russia & Reunion" translated by Rev. C. R. Davey Biggs D. D.). മലങ്കരസുറിയാനിസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യസംരക്ഷണത്തിന് കാനോനികമായ അധികാരാവകാശങ്ങളോടുകൂടിയ കാതോലിക്കാ സിംഹാസനം നിലനിൽക്കേണ്ടതു് അത്യാവശ്യമാകുന്നു എന്നു് കാതോലിക്കാപക്ഷക്കാർ വാദിക്കുന്നതിന്റെ ഔചിത്യത്തെപ്പററി വായനക്കാർ ഈ സന്ദർഭത്തിൽ ചിന്തിക്കട്ടെ. ഇതരസഭകളുടെ, വിശിഷ്യ, പൌരസ്ത്യസഭകളുടെ ചരിത്രപാരായണം ഈഘട്ടത്തിൽ നമുക്കു സഹായമായിരിക്കുമെന്നു മാത്രമല്ല നമ്മുടെ ന്യായമായ അവകാശവാദത്തിൽ നമ്മെ സ്ഥിരചിത്തരാക്കിത്തീർക്കയും ചെയ്യും.

റഷ്യയിലെ വിപ്ളവകാലത്തു (1913-ൽ) ആ സഭാംഗങ്ങളായി ഏകദേശം ഇരുപതുകോടിയിലധികം ആളുകളുണ്ടായിരുന്നു. എന്നാൽ അവരുടെ മാതൃസഭയായ യവൂനായ സഭയിൽ ആകമാനം മൂന്നോ നാലോ കോടി ജനങ്ങൾപോലും അന്നുണ്ടായിരുന്നില്ല. മാതൃസഭയെ അപേക്ഷിച്ചു പുത്രികാസഭയ്ക്കു ലഭിച്ച പ്രാബല്യം കാണുക. യവൂനായ, റഷ്യ എന്നീ സഭകളുമായി സംസർഗ്ഗബന്ധമുള്ള പതിനെട്ടു പാത്രിയർക്കാസിംഹാസനങ്ങളും ഇന്നു വലിയകിഴക്കൻ സഭയിലുണ്ടു്. പുത്രികാസഭകളായ ഇവ വളർച്ചപ്രാപിച്ചതോടുകൂടെ പൂർണ്ണസ്വാതന്ത്ര്യംപ്രാപിച്ച (autokephalous churches) സഭകളായി മാതൃസഭയോടു സംസർഗ്ഗബന്ധം (Communion) മാത്രം പാലിച്ചുകൊണ്ടു പുരോഗമിക്കുന്നതു കാണുക. മലങ്കരസഭ അന്ത്യോഖ്യൻ സഭയുടെ ഒരു പുത്രികാസഭയല്ല, എന്നാലൊ സഹോദരിസഭയാണു്. അന്ത്യോഖ്യായിൽ വി: പത്രോസ് സഭ സ്ഥാപിച്ചെങ്കിൽ മലങ്കരയിൽ വി: തോമ്മാശ്ലീഹാ സഭ സ്ഥാപിച്ചു. മലങ്കര ഒഴിച്ചാൽ സുറിയാനി സഭാംഗങ്ങളായി അമേരിക്കയിൽ താമസിക്കുന്നവരുൾപ്പെടെ നാല്പതിനായിരത്തിലധികം ആളുകളില്ല. ഇതിൽതന്നെ പലരും പ്രോട്ടസ്റ്റന്റു സഭാംഗങ്ങളും മററുമായിത്തീർന്നിട്ടുണ്ടു്. മലങ്കരയാവട്ടെ ഓർത്തഡോക്സ് സുറിയാനി വിശ്വാസം പാലിക്കുന്നവരായി ഇരുഭാഗക്കാരും കൂടെ ചുരുങ്ങിയതു നാലുലക്ഷത്തോളം ആളുകളുണ്ടു്. ഇവർ കാതോലിക്കാ സിംഹാസനത്തിൻ കീഴിൽ സംഘടിച്ചു സഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യത്തെ സംരക്ഷിച്ചു ഇൻഡ്യയിലെ ജാത്യൈകസഭയായി പുരോഗമിക്കണമെന്നു അഭിലഷിക്കുന്നതിന്റെ അസാംഗത്യമെവിടെ? കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസ് റഷ്യാസഭയുടെ അഭിലാഷത്തെ ആദരിച്ചുവെങ്കിൽ മലങ്കരസഭയുടെ ന്യായവും, നീതിപരവും, കാലോചിതവും ആയ ആഗ്രഹത്തെ ആദരിപ്പാൻ അന്ത്യോഖ്യാപാത്രിയർക്കീസ് എത്രയൊ അധികം കടപ്പെട്ടിരിക്കുന്നു! "ന്യായപ്രമാണം അറിയാത്ത ജാതി തെററിപ്പോകുന്നു" എന്നു പറയപ്പെട്ടിരിക്കുന്നപ്രകാരം സഭാചരിത്രമറിഞ്ഞുകൂടാത്ത സുറിയാനിക്കാരായ നാം അഭിപ്രായഭിന്നതയുള്ളവരായി തീർന്നിരിക്കുന്നതിൽ അതിശയിപ്പാനില്ല.

കർത്താവു വാഴുന്നു.

(റമ്പാൻ ഫാദർ എം. സി. കുറിയാക്കോസു്.)

യേശുതമ്പുരാൻ സ്വമാതാവും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും അടുത്തുനിൽക്കുന്നതു് കണ്ടാറെ മാതാവിനോടു് സ്ത്രീയെ, ഇതാ നിന്റെ മകൻ എന്നും ആ ശിഷ്യനോടു് ഇതാ നിന്റെ അമ്മ എന്നും അരുളിച്ചെയ്തു. ആ നാഴികമുതൽ അവളെ ആ ശിഷ്യൻ അവന്റെ വീട്ടിലേക്കു് കൂട്ടിക്കൊണ്ടുപോയി—നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തെക്കുറിച്ചുള്ള വിവരണത്തിൽ ആ ശിഷ്യൻ—യോഹന്നാൻ ശ്ലീഹാ—ഏവംവിധം എഴുതിയിരിക്കുന്നു. പിന്നീടു് അന്നു് അവർ എങ്ങനെ സമയംപോക്കി എന്നു് സങ്കല്പിക്കുക. സന്ധ്യാപ്രാർത്ഥനയ്ക്കു് അവർ മുടക്കം വരുത്തിയില്ല എന്നുള്ളതു് നിശ്ചയം തന്നെ. അതോടുകൂടെ, പഴയനിയമത്തിൽനിന്നു് ദാവീദിന്റെ രണ്ടോ മൂന്നോ മസ്മൂറുകൾകൂടെ ചൊല്ലുക എന്നതു് യഹൂദന്മാരുടെ ഒരു പതിവായിരുന്നു. ചട്ടപ്രകാരം വെള്ളിയാഴ്ച സന്ധ്യയ്ക്കത്തേക്കുള്ളതു് 93-ാം സങ്കീർത്തനം ആയിരുന്നു. അതു് ഇപ്രകാരം അത്രെ.

കർത്താവു വാഴുന്നു; അവൻ മഹിമധരിച്ചിരിക്കുന്നു
കർത്താവു ബലംധരിച്ചു് ശക്തിപ്പെട്ടിരിക്കുന്നു.
ഭൂലോകം ഇളകാതവണ്ണം ഉറപ്പിക്കപ്പെട്ടിരിക്കുന്നു.
നിന്റെ സിംഹാസനം മുമ്പെതന്നെ സ്ഥിരമുള്ളതാകുന്നു.
നീ അനാദിയായുള്ളവൻ തന്നെ.
കർത്താവേ, പ്രവാഹങ്ങൾ ഉയർത്തുന്നു
പ്രവാഹങ്ങൾ ശബ്ദം ഉയർത്തുന്നു.
പ്രവാഹങ്ങൾ തിരമാലകളെ ഉയർത്തുന്നു.
സമുദ്രത്തിലെ വൻതിരകളായ പെരുവെള്ളങ്ങളുടെ മുഴക്കത്തെക്കാൾ
കർത്താവു് ഉയരത്തിൽ മഹിമയുള്ളവനാകുന്നു.
നിന്റെ സാക്ഷ്യങ്ങൾ എത്രയും വിശ്വാസയോഗ്യമാകുന്നു
കർത്താവേ, വിശുദ്ധി നിന്റെ ആലയത്തിനു് എന്നേക്കും ഉചിതംതന്നെ.

ഈ മനോഹരമായ മസ്മൂറിൽനിന്നു് അവർ എന്തുഗ്രഹിച്ചുവോ? മറിയാം അവളുടെ പുത്രനെയും യോഹന്നാൻ അവന്റെനാഥനെയും ശത്രുക്കൾ കൊലയ്ക്കായി ഗോഗുൽത്തായിലേക്കു് നിസ്സഹായനായി—ബലാഹിനനെപോലെ—കൊണ്ടുപോകുന്നതു് അന്നു് കണ്ടതാണു്. അവിടെവെച്ചു് തന്റെ വസ്ത്രങ്ങൾ ഉരിയപ്പെട്ടു. തന്റെ കൈകളും കാലുകളും കുരിശിന്മേൽ ആണികളാൽ തറയ്ക്കപ്പെട്ടു. ആ കുരിശു് ഉയർത്തപ്പെട്ടു. "യഹൂദന്മാരുടെ രാജാവു്" എന്നവചനം പരിഹാസമായി അതിന്മേൽ എഴുതപ്പെട്ടു. തന്റെ വീഴ്ചയിൽ ആഹ്ലാദിച്ചും പരിഹസിച്ചുംകൊണ്ടു് ശത്രുക്കൾ ചുററും നിന്നിരുന്നു. കേവലം തള്ളപ്പെട്ടു്, ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടു്, എന്നേക്കും നശിച്ചുവനാ

യി അവർ തന്നെഎണ്ണി. എന്നാൽ പുത്രന്റെ പരിപാവനമായ ആത്മാവിനെപററി മാതാവിനെപോലെ മററാക്കും അറിഞ്ഞുകൂടായിരുന്നു. നിർദ്ദോഷരക്തത്തിന്മേൽ മൃഗീയബലത്തിനുള്ള ജയഭേരിയുടെ അനീതിയെക്കുറിച്ച് ആ ശിഷ്യനെപോലെ മററാക്കും ബോധമില്ലായിരുന്നു. ലോകത്തെ നീതിയിൽ നിയന്ത്രിക്കുന്നതിന് ദൈവത്തിന് ആഗ്രഹമുണ്ടോ, ശക്തിയുണ്ടോ, പീഡിപ്പിക്കുന്ന ലോകത്തിൽ നീതിപാലിക്കുന്നതിന് ഒരു ദൈവം തന്നെഉണ്ടോഎന്നിങ്ങനെയുള്ളവിചാരങ്ങളാൽ സംശയങ്ങൾ അങ്കുരിക്കുകയും വിശ്വാസം ഇളകുകയും ചെയ്യാവുന്ന ഒരു സന്ധ്യയായിരുന്നു അത്.

അപ്പോൾ അവർ മേൽഉദ്ധരിച്ച 93-ാം മസ്മൂർ വായിച്ചു. "കർത്താവു വാഴുന്നു". എത്ര ആശ്വാസകരമായ വാക്യം. യേശുതമ്പുരാന്റെ തലമുകളിൽ എഴുതപ്പെട്ടവാക്യം സത്യംതന്നെ. കുരിശ് തന്റെ സിംഹാസനമായിരുന്നു. "അവൻ മഹത്വം ധരിച്ചിരിക്കുന്നു." ശലോമോന് അവന്റെ സകല മഹത്വത്തിലും അജ്ഞാതമായിരുന്ന ഒരു മാഹാത്മ്യം മ്ശിഹായുടെ നഗ്നതയ്ക്കുണ്ടായിരുന്നു. "അവൻ ബലംധരിച്ച് ശക്തിപ്പെട്ടിരിക്കുന്നു". യേശുതമ്പുരാന്റെ പരാജിതമാകാത്ത ദൃഢനിശ്ചയത്തോട് താരതമ്യപ്പെടുത്തുമ്പോൾ യഹൂദന്റെ കൗശലവും റോമ്മാക്കാരന്റെ കരബലവും നിസ്സാരമായിരുന്നു. അവരുടെ ഭീഷണികളെ മുഴുവൻ അത് ചിതറിച്ചു. പെരുവെള്ളങ്ങളുടെ മുഴക്കത്തെക്കാൾ—സമുദ്രത്തിലെ തിരമാലകളെക്കാൾ—കർത്താവ് അത്യുന്നതങ്ങളിൽ മഹത്വമുള്ളവനാകുന്നു. കടൽതീരത്ത് ഒരു പാറമേൽ ശാന്തമായി നിന്ന് അലറുന്നസമുദ്രത്തെ വീക്ഷിക്കുന്ന ഒരുവനോട്—അട്ടഹസിക്കുന്ന ജനമദ്ധ്യേ കുരിശിൽ ഉയർത്തപ്പെട്ട—യേശുവിനെ ഒരു വിധത്തിൽ ഉപമിക്കാവുന്നതാണ്. എന്നാൽ തന്റെ ദൃഷ്ടി എവിടെ ആയിരുന്നു. അത് എവിടേക്ക് ഊന്നപ്പെട്ടിരുന്നു എന്ന് സങ്കീർത്തനക്കാരൻ വേറൊരവസരത്തിൽ പറഞ്ഞിട്ടുണ്ട്. "ഞാൻ ചഞ്ചലപ്പെടാതെ ഇരിക്കേണ്ടുന്നതിന് കർത്താവ് എന്റെ വലത്തുഭാഗത്ത് ഇരിക്കകൊണ്ട് ഞാൻ എല്ലായ്പ്പോഴും അവനെ എന്റെ മുമ്പാകെ കണ്ടുകൊണ്ടിരുന്നു. അതുകൊണ്ട് എന്റെ ഹൃദയം ആനന്ദിച്ചു." വിശുദ്ധ മാതാവിന്റെയും ശിഷ്യന്റെയും നോട്ടത്തെ ആ സ്ഥലത്തേക്കുതന്നെ ഉജ്ജ്വലത്തായ ഈ ചെറുമസ്മൂർ തിരിച്ചിരിക്കണം.! നിലനില്ക്കുന്നത് ദൈവത്തിന്റെ ആലയത്തിൽ എന്നേക്കും നില്ക്കേണ്ട ആത്മാവിന്റെ വിശുദ്ധിയാകുന്നു, കരബലമല്ല എന്നത് നിശ്ചയംതന്നെ.

ഈ വിശ്വാസം സഫലമായി: മൂന്നാം ദിവസം ദൈവം യേശുവിനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചു. മരണത്തിന് തന്നെഅമർത്തുക അസാദ്ധ്യമായിരുന്നു. താൻ പാതാളത്തിലേക്ക് ഇറങ്ങി ഹേ മരണമേ നിന്റെ മൂച്ച് എവിടെ? ഹേ പാതാളമേ, നിന്റെ ജയം എവിടെ? എന്ന് അട്ടഹസിച്ചുകൊണ്ട് കരേറിവന്നു. ദൈവം അവനെ രക്ഷിക്കുമോ എന്നുകാണട്ടെ എന്ന് തന്റെ ശത്രുക്കൾ ഹാസ്യമായി പറഞ്ഞിരുന്നു. അവരുടെ വചനത്തിൽ അവർ പിടിക്കപ്പെട്ടു: അപ്രകാരം തന്നെ ദൈവം പ്രവർത്തിച്ചു. മനുഷ്യാ

വതാരത്തിന് താൻ എടുത്ത മർത്ത്യശരീരം രൂപാന്തരപ്പെട്ട് സ്വർഗ്ഗസ്ഥപിതാവിങ്കലേക്ക് കരേറി. "എനിക്ക് ഒരു മാമ്മോദീസാ മുഴുകുവാനുണ്ട്. അതു കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു" എന്ന് ഒരിക്കൽ താൻ അരുളി. ഇപ്പോഴാകട്ടെ ആ രക്തമാമ്മോദീസാ നിവൃത്തിയായി: ഞെരുക്കങ്ങൾ അവസാനിച്ചു. തന്റെ സ്നേഹവും ശക്തിയും ലോകമാകെ വ്യാപിച്ചിരിക്കുന്നു.

എന്തെന്നാൽ കുരിശ്ശ് അർത്ഥമുള്ളതാകുന്നു. ലോകമൊക്കെയ്ക്കും അതിന് ഒരു സന്ദേശമുണ്ട്. ഭൂലോകം ഇളകാതവണ്ണം ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ഉഴലുന്ന ലോകത്തെ പിടിച്ചുനിറുത്തുന്നതിനായി അതിന്റെ മദ്ധ്യത്തിൽ നാട്ടപ്പെട്ടിരിക്കുന്ന ഒരു തൂണിന് സദൃശമത്രെ നമ്മുടെ കർത്താവിന്റെ കുരിശ്ശ്. പുറംകൊണ്ട് കുരിശിനെതാങ്ങി മുഖംകൊണ്ട് ദൈവത്തെനോക്കി പിതാവിന്റെ കയ്യിൽ ആത്മാവിനെ ഭരമേല്പിച്ചപ്പോൾ തെററുന്ന മനുഷ്യകുലത്തെ മുഴുവൻ താൻ തങ്കലേക്കുചേർത്തുകൊണ്ടു. പാപത്താൽ മലിനമായും അന്ധതയിൽ കുരുടടഞ്ഞും ഇരുന്ന സകലജാതികളുടെയും ആത്മാക്കൾ ഒരു നദിപോലെ തന്റെ മുമ്പാകെ കടന്നുപോയി. താൻ നിലവിളിക്കുന്നു—'ദൈവമെ എന്നെ രക്ഷിക്കേണമെ. വെള്ളം എന്റെ പ്രാണനോളം എത്തിയിരിക്കുന്നു. ഞാൻ നിലയില്ലാത്ത ആഴമുള്ളചേററിൽ താണു. ആഴമുള്ള വെള്ളത്തിൽ ഞാൻ മുങ്ങിപ്പോകുന്നു. പ്രവാഹങ്ങൾ എന്നെ കവിഞ്ഞൊഴുകുന്നു." ഇങ്ങനെ പരന്മാരുടെ പാപസമുദ്രത്തിൽ താൻ മുങ്ങിയെങ്കിലും തന്റെ ഹൃദയവും വിചാരവും ദൈവത്തിങ്കൽ ഉറച്ചിരുന്നതുകൊണ്ട് അവയ്ക്ക് തന്നെ കീഴ്പെടുത്തുവാൻ സാധിച്ചില്ല. എന്നാൽ താനാകട്ടെ അവരെ തന്റെ ഹൃദയാന്തർഭാഗത്തേക്ക് ചേർത്തുകൊണ്ടു. ഭൂമിമദ്ധ്യെ നാട്ടപ്പെട്ട ആ കുരിശ്ശ്, മേൽപ്രസ്താവിച്ചപ്രകാരം, ദൈവപുത്രന്റെ സിംഹാസനം ആയിരുന്നു. ഇളകിമറിയുന്ന ഈ അനിശ്ചിതലോകത്തിൽ ആശമുഴുവൻ കുരിശിൽ ഉറപ്പിച്ചിരിക്കുന്നവൻ ഇളകിപ്പോകയില്ല. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നപ്രകാരം അവന്റെ ദയ അവന്റെ ഭക്തന്മാരോട് വലുതാകുന്നു. കിഴക്ക് പടിഞ്ഞാറുനിന്ന് അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോട്ട് അകററിയിരിക്കുന്നു.

ആകാശത്തിൽ ഉയർത്തപ്പെട്ട് ഭൂമിയുടെ അററത്തോളം ചിറകുകൾ വിടുർത്തിനില്ക്കുന്ന കുരിശിന്റെ അർത്ഥം ഇതാകുന്നു. അതു് ഒരു കൊലയന്ത്രമല്ല: ദൈവത്തിന്റെ അചഞ്ചലമായ സ്നേഹത്തെ അതു് ഘോഷിക്കുന്നു. ശരിയായപന്ഥാവിൽനിന്ന് മനുഷ്യനെ മാററിക്കൊണ്ടുപോകുന്ന ജീവിതപ്രവാഹഗതികൾ കണ്ടവനത്രെ അതിൽ തറയ്ക്കപ്പെട്ടവൻ. താൻ ആ ഒഴുക്കിൽ പെടാതെ മരണത്തോളം വിശ്വസ്തനായിരുന്നു. താൻതന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്കു സഹായിപ്പാൻ കഴിവുള്ളവനാകുന്നു. താൻ കുരിശിലെ മരണത്തോളം അനുസരണമുള്ളവനായിരുന്നതുകൊണ്ട് ദൈവം തന്നെ ഏററവും ഉയർത്തി സകലനാമത്തിനും മേ

ലായ നാമം നൽകി. അങ്ങനെ മ്ശിഹായുടെ നാമത്തിൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും യേശുമ്ശിഹാ കർത്താവാകുന്നു എന്ന്—പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി—ഏറ്റുപറകയും ചെയ്യും. കർത്താവു വാഴുന്നു സത്യം: തനിക്കു മഹത്വം ഉണ്ടായിരിക്കട്ടെ.

മലയായിലുള്ള ഓർത്തൊഡോക്സ് സുറിയാനിസഭ. (തുടർച്ച)

(ഒരു ലേഖകൻ)

വികാരിയുടെ ജോലി അത്ര ലഘുവായതല്ലായിരുന്നു. ഇടവക, അനേകംമൈൽ വീതിയും നീളവുമുള്ള മലയാരാജ്യമാണ്. നാനാഭാഗത്തുമുള്ള സഭാംഗങ്ങളെ സന്ദർശിക്കേണ്ടതു് അത്യാവശ്യം. അതിനുള്ള പണച്ചിലവ് വളരെ. മാമോദീസാ മുക്കുന്നതിനു മാറ്റമില്ലാതെ രണ്ടും മൂന്നും വയസ്സായ കുട്ടികൾ പല സ്ഥലങ്ങളിൽ ഉണ്ട്. കുറെ ആളുകൾക്കെങ്കിലും ഒന്നിച്ചുകൂടത്തക്കവണ്ണമുള്ള സ്ഥലങ്ങളിൽ വി. കുർബ്ബാന നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം. അനേകനാളുകളായി നമ്മുടെ ആരാധനകളിൽ സംബന്ധിക്കാതെ അവകളിൽ അലക്ഷ്യരായി തീർന്നിട്ടുള്ളവരുടെ പരിചയത്തിൽനിന്ന് അവരെ ഉണർത്തിയെമതിയാവൂ. പട്ടക്കാരന്റെ ശമ്പളം ക്രമമായി കൊടുക്കണമെങ്കിൽ സഭാംഗങ്ങൾ എല്ലാം ഒരുമിച്ചുചേർന്നെങ്കിലെ സാധിക്കയുള്ളു. അതിനുവേണ്ടി, സുറിയാനിക്കാർക്കു സമ്പാദ്യമായികിട്ടിയിരിക്കുന്ന സൗന്ദര്യപിണക്കത്തിനു പരിഹാരമാർഗ്ഗം ഉണ്ടാക്കണം. ഇതിനെല്ലാറ്റിനുംപുറമെ വികാരി ഒരു സ്കൂളിൽ ജോലിചെയ്യേണ്ടിയിരിക്കുന്നതുകൊണ്ട് സഭാസംബന്ധമായകാര്യങ്ങൾ നടത്തുന്നതിനു ബാക്കിയുള്ള സമയം മുഴുവനും ചിലവിടത്തക്കവണ്ണം ക്രമീകരിക്കയുംചെയ്യണം. ഈ കാരണങ്ങൾകൊണ്ട് മൂന്നോ നാലോ ചതുരശ്രമൈൽ വിസ്താരമുള്ള നാട്ടിലെ ഒരു ഇടവകവികാരിയോട് മലയായിലെ വികാരിക്ക് അസൂയതോന്നാതിരിക്കാൻ യാതൊരു നിവൃത്തിയുമില്ലെന്നേവർക്കും ഊഹിക്കാമല്ലൊ.

വികാരിയുടെ ആഗമനത്തിൽ സഭാംഗങ്ങൾക്ക് അതീവ സന്തോഷമുണ്ടായിരുന്നെങ്കിലും എല്ലാവരുംകൂടി ഒരുമിച്ചു സഹകരിക്കാതെ മാസംതോറും ശമ്പളം ക്രമമായി ഉണ്ടാകുമൊ എന്നു പലർക്കും സന്ദേഹം ഇല്ലാതിരുന്നില്ല. സ്ഥിരമായി പട്ടക്കാരനെ താമസിപ്പിക്കാൻ സാധിക്കുമൊ എന്നറിയുന്നതിനുമുമ്പിൽ സഹകരിക്കുന്നതിനൊരുമ്പെടുന്നതു ബുദ്ധിപൂർവ്വമാണൊ എന്നു ചോദ്യംചെയ്തുകൊണ്ടു പിൻമാറിനിൽക്കുന്നവരും ഇല്ലാതിരുന്നില്ല. സഹകരിച്ചാൽതന്നെയും ഒരു പട്ടക്കാരനെകൊണ്ട് വിദൂരസ്ഥലങ്ങളിൽ താമസിക്കുന്നവരുടെ ആവശ്യങ്ങൾ നടത്തികൊടുക്കുവാൻ സാധിക്കുമൊ എന്നു സംശയിച്ചുകൊണ്ട് മാറിനിൽക്കുന്നവരും അവിടവിടെ ഉണ്ടായിരുന്നു: എന്നാൽ ഒരു പട്ടക്കാരൻ സ്ഥിരമായി താമസിക്കുന്നതു നല്ലതാണെന്നുള്ളതിൽ ഒരുത്തർക്കും അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല.

വികാരി വന്ന ഉടൻതന്നെ ആകപ്പാടെയുള്ള സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനാണ് ഒരുമ്പെട്ടതു്. രണ്ടുമൂന്നു മാസത്തിനുള്ളിൽ, സ്കൂൾജോലിക്കു വിഘാതംവരുത്താതെ രാജ്യത്തിന്റെ നാനാഭാഗങ്ങളിലുംചെന്ന് സഭാംഗങ്ങളെ സന്ദർശിച്ചു വേണ്ട കാര്യപരിപാടി നിർണ്ണയിച്ചു. സ്ഥിരതാമസസ്ഥലമായ കോലാലംപൂരിൽ മാസത്തിൽ ഒരു ഞായറാഴ്ചയും അവിടെനിന്നു ഇരുനൂറിഅൻപതു മൈൽ അകലമുള്ള സിംഗപ്പൂരിലും അൻപതു മൈൽ അകലമുള്ള ബാൻറിങ്ങിലും ഓരോ ഞായറാഴ്ചയും മററു ആവശ്യമുള്ള ഏതെങ്കിലും ഒരു സ്ഥലത്തു ബാക്കിയുള്ള ഞായറാഴ്ചയും കുർബ്ബാനക്രമമായി ചൊല്ലുകയും തദവസരങ്ങളിൽ അവിട

ടവിടെയുള്ള അംഗങ്ങളെ കണ്ടു സംസാരിക്കുന്നതിനു മാർഗ്ഗമുണ്ടാക്കുകയും ചെയ്തു. ഏതു സ്ഥലത്തു കുർബ്ബാന ചൊല്ലുന്നുണ്ടോ അതിനടുത്തും ചുററുപാടുമുള്ള സഭാംഗങ്ങൾ അവിടെ ഹാജരായി ശുശ്രൂഷയിൽ ക്രമമായി പങ്കുകൊണ്ടിരുന്നു എന്നുള്ളതിൽനിന്ന് അവർക്ക് നമ്മുടെ ആരാധനകളിൽ സംബന്ധിക്കുന്നതിനുള്ള താല്പര്യം എത്രമാത്രമുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്.

നമ്മുടെ ശുശ്രൂഷകൾ നടത്തുന്നതിന് പ്രാരംഭദശയിൽ അല്പപ്രയാസം ഉണ്ടാകാതിരുന്നില്ല. നമുക്ക് ഇവിടെ പള്ളികൾ ഇല്ലാത്തതുകൊണ്ട് അന്യസഭക്കാരുടെ പള്ളികളെ ആശ്രയിക്കേണ്ടതായിവന്നു. നമ്മുടെ സഭയുമായി സംസർഗ്ഗത്തിൽ ഇരിക്കുന്ന അർമ്മീനിയക്കാരുടെ ഒരു പള്ളി സിംഗപ്പൂരിൽ ഉള്ളതിൽ നമ്മുടെ ശുശ്രൂഷകൾ നടത്തുന്നതിന് അവിടെ നമുക്ക് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. പക്ഷെ ഒൻപതുമണിക്ക് അവരുടെ സെർവീസ് തുടങ്ങുന്നതിനുമുമ്പിൽ നമ്മുടെ കുർബാന തീർത്തു പള്ളി ഒഴിഞ്ഞുകൊടുക്കേണ്ടതായിട്ടുണ്ടായിരുന്നു. ഇതരസ്ഥലങ്ങളിൽ ആംഗ്ലിക്കൻസഭവക പള്ളികളാണ് നമുക്ക് സൗകര്യമായി ഉപയോഗിക്കാമായിരുന്നത്. ഫാദർ അലക്സിയോസ് മലയായിൽ താമസിച്ച കാലത്ത് ആംഗ്ലിക്കൻപള്ളികൾ ഉപയോഗിച്ചുകൊള്ളുന്നതിന് അനുവാദം ഉണ്ടായിരുന്നെങ്കിലും ഏതോ കാരണത്താൽ ഈ പ്രാവശ്യം അവരുടെ പള്ളികൾ ഉപയോഗിക്കുന്നതിന് അനുവാദം കിട്ടിയില്ല. അതുകൊണ്ട് നമ്മുടെ ശുശ്രൂഷകൾ ചില സ്ഥലത്തു വീടുകളിൽ നടത്തത്തക്കവണ്ണം സൗകര്യപ്പെടുത്തേണ്ടതായിവന്നു. എന്നാൽ അധികകാലം കഴിയുന്നതിന് മുമ്പിൽ ആംഗ്ലിക്കൻ സഭയുടെവക എല്ലാപള്ളികളും നമ്മുടെ ഉപയോഗത്തിനുകൂടെ സൗകര്യപ്പെടുത്തിക്കൊടുക്കണമെന്ന് കാന്റർബറി ആർച്ചുബിഷോപ്പ് നിർദ്ദേശിച്ചിരിക്കുന്നതായി സിംഗപ്പൂർ ബിഷോപ്പ് നമ്മുടെ വികാരിയെ അറിയിച്ചതുകൊണ്ട് പള്ളികളുടെ പ്രയാസം തീർന്നു എന്ന് പറയാം.

സിംഗപ്പൂരിൽ കുർബ്ബാന ചൊല്ലുന്ന അവസരത്തിൽ അവിടെനിന്നും പരിസരപ്രദേശങ്ങളിൽനിന്നും മുപ്പതും നാല്പതും ആളുകൾ ശുശ്രൂഷയിൽ സംബന്ധിക്കുക പതിവാണ്. വികാരി അവിടെ ചെല്ലുന്ന അവസരത്തിൽ സഭാംഗങ്ങളുടെ വീടുകൾ സന്ദർശിക്കുകയും കുർബാന ഉണ്ടെന്നുള്ള വിവരം അറിയിക്കുകയും ചെയ്യുമ്പോൾ എല്ലാവരും പള്ളിയിൽവന്ന് ശുശ്രൂഷകളിൽ സംബന്ധിക്കുമെന്നുള്ളതല്ലാതെ അവിടെയുള്ള അംഗങ്ങളെ എല്ലാം കൂട്ടിച്ചേർത്തു സംഘടിപ്പിക്കത്തക്കവണ്ണമുള്ള സ്ഥാപനങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അകലംകൊണ്ടും മററു പല കാരണങ്ങൾകൊണ്ടും അവിടെയുള്ള പലരും ജേക്കബൈററു യൂണിയന്റെ അംഗങ്ങളായി ചേർന്നു പ്രവർത്തിക്കുന്നതിന് ഉത്സാഹം പ്രദർശിപ്പിച്ചില്ല. ഏതായാലും എട്ടൊൻപതു മാസത്തിനുള്ളിൽ സഭാസംബന്ധമായ കാര്യങ്ങളിൽ അവിടെയും ചുററുപാടുമുള്ള സഭാംഗങ്ങൾ ഒരുമിച്ചുചേർന്ന് പ്രവർത്തിക്കത്തക്കവിധത്തിൽ ഒരു ഓർത്തൊഡോക്സ് സിറിയൻ ചർച്ച് കമ്മററി സിംഗപ്പൂരിൽ ഉണ്ടായി. അതുമുതൽ മാസംതോറും അച്ചൻവന്ന് കുർബാന ചൊല്ലുന്നതിനുള്ള ചിലവുകൾ ഈ കമ്മററിയാണു ചുമതലപ്പെട്ടു നടത്തിവന്നതു്.

യൂണിയന്റെയും സിംഗപ്പൂർ ചർച്ചുകമ്മററിയുടെയും ഉദ്ദേശങ്ങൾ ഒന്നുതന്നെയാണെങ്കിലും അവ തമ്മിൽ യോജിച്ചു പ്രവർത്തിച്ചാൽമാത്രമെ സഭാസംബന്ധമായ പൊതുകാര്യങ്ങൾ കാര്യക്ഷമമായവണ്ണം നടത്തുന്നതിനു സാധിക്കയുള്ളു. ഈ അഭിപ്രായം ഇരുസ്ഥാപനങ്ങളിലുമുള്ള അംഗങ്ങളിൽ ഏകദേശം രണ്ടുവർഷംകൊണ്ടു ജനിപ്പിക്കയും യോജിച്ചു പ്രവർത്തിക്കുന്നതിനും ചുമതല വഹിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ ആരായുകയും ചെയ്തതിന്റെ ഫലമായി രണ്ടുഭാഗത്തുമുള്ള പ്രതിനിധികൾ ഒരുമിച്ചുചേർന്ന് ഒരു കൂടിയാലോചന നടന്നു. അവരുടെ അഭിപ്രായമനുസരിച്ച് വികാരി അദ്ധ്യക്ഷനായും യൂണിയനും ചർച്ചുകമ്മററിയും തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ അംഗങ്ങളായും ഉള്ള ഒരു ഓർത്തൊഡോക്സ് സിറിയൻ ചർച്ചുകൌൺസിൽ ഉണ്ടായി. ഈ കൗൺസിൽ മലയായിൽ താമസിക്കുന്ന മിക്കവാറും എല്ലാവരുടെയും പ്രാതിനിധ്യം വഹിക്കുന്നുണ്ടെന്നു പറയാം. യൂണിയനും ചർച്ചുകമ്മററിയും അവരവർക്ക നിശ്ചയിക്കപ്പെട്ടിട്ടുള്ള പണം അംഗങ്ങളിൽനിന്നു വസൂൽചെയ്തു കൗൺസിലിനെ ഏല്പിക്കയും കൗൺസിൽ പട്ടക്കാരന്റെ ശമ്പളം മുതലായവയുടെ ചുമതല വഹിക്കയും സഭാസംബന്ധമായി ചെയ്യേണ്ട കാര്യങ്ങളെപ്പററി ആലോചന നടത്തുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ മലയായിൽ താമസിക്കുന്ന എല്ലാ സഭാംഗങ്ങളുംകൂടി ഒരുമിച്ചുചേർന്നു പ്രവർത്തിക്കത്തക്ക മാർഗ്ഗം ഉണ്ടായിവന്നതു് അവിടെ ചെയ്യുവാനുള്ള ജോലികളുടെ ഒരു അടിസ്ഥാനമിടുകയായിരുന്നു എന്നു പറയുന്നതിൽ തെററില്ല.

ഒരു പട്ടക്കാരൻ മലയായിൽ സ്ഥിരതാമസമാക്കി രണ്ടുവർഷത്തോളം ജോലിചെയ്തതിന്റെ ഫലങ്ങൾ ധാരാളം കാണ്മാനുണ്ടു്. ചിതറിപാർക്കുന്ന സഭാംഗങ്ങളെ ഒരുമിച്ചു ചേർക്കത്തക്കവണ്ണമുള്ള മാർഗ്ഗങ്ങൾ ഉണ്ടായതു് സർവ്വപ്രധാനമായ ഒരു കാര്യമാണു്. നാട്ടിൽനിന്നു വളരെ ദൂരെവന്നു അനേകകാലം നമ്മുടെ ആരാധനകളിൽ സംബന്ധിക്കാൻ നിവൃത്തിയില്ലാതിരുന്നവർക്കു് പട്ടക്കാരന്റെ ആഗമനം ഒരാശ്വാസമായിതീർന്നു. വിദൂരസ്ഥലങ്ങളിൽ ആണെങ്കിലും പട്ടക്കാരൻ സ്ഥിരമായിട്ടു് മലയായിൽ താമസമുണ്ടെങ്കിൽ ഓരോരുത്തരുടെയും ആത്മീയാവശ്യങ്ങൾ നടത്തികിട്ടുന്നതിനു് വലിയ ബദ്ധപ്പാടുണ്ടാകയില്ലെന്നു് അനുഭവത്തിൽനിന്നു ബോദ്ധ്യമായി. ഏവരുംകൂടി സഹകരിച്ചാൽ ഒരച്ചനെ മലയായിൽ താമസിപ്പിക്കാൻ പ്രയാസമുണ്ടാകയില്ലെന്നു വെളിപ്പെട്ടു. പട്ടക്കാരന്റെ സാന്നിദ്ധ്യംകൊണ്ടും അംഗങ്ങളുടെ സഹകരണംകൊണ്ടും നമ്മുടെ സഭയ്ക്കു് പല കാര്യങ്ങൾ ചെയ്യാമെന്നുള്ള ആശയും അനേകരിൽ ജനിച്ചിട്ടുണ്ടു്.

ഈ അവസരത്തിൽ മാതൃസഭയെ ചില കാര്യങ്ങൾ അനുസ്മരിപ്പിക്കുന്നുണ്ടു്. ഒരു പട്ടക്കാരനെ മലയായിൽ വരുത്തിയതിൽ മാതൃസഭയ്ക്കു കാര്യമായ പങ്കൊന്നുമില്ലെന്നു പറയാം. ഒരു പട്ടക്കാരനെ അയച്ചുതരണമെന്നു സഭാദ്ധ്യക്ഷന്മാരോടു പലപ്പോഴും അപേക്ഷിച്ചതിൽ വളരെ ഇച്ഛാഭംഗമാണുണ്ടായിട്ടുള്ളതു്. വിദേശങ്ങളിൽ താമസിക്കുന്ന സഭാംഗങ്ങളെപ്പററി മാതൃസഭയ്ക്കു് എന്തെങ്കിലും വിചാരമുണ്ടായിരുന്നെങ്കിൽ രണ്ടുവർഷംമുമ്പുവരെ മലയായിൽ പട്ടക്കാരില്ലാതെ കഴിഞ്ഞുകൂടേണ്ടതായി വരികയില്ലായിരുന്നു. ആവശ്യം മനസ്സിലാക്കിയ ഉടൻതന്നെ സ്വമനസ്സാലെ വരാമെന്നു ദിവ്യശ്രീ ററി. ജെ. ജോസഫ് കത്തനാർ സമ്മതിച്ചിരുന്നില്ലായിരുന്നെങ്കിൽ ഇപ്പോഴും മലയായിൽ പട്ടക്കാർ ഉണ്ടാകുമായിരുന്നോ എന്നു സംശയിക്കുന്നു. ഒരുവർഷം താമസിച്ചുകൊള്ളാമെന്നുള്ള ഏർപ്പാടിൽ വന്നുചേർന്ന അദ്ദേഹം രണ്ടുവർഷക്കാലം താമസിച്ചുസംഗതികൾ ക്രമപ്പെടുത്തിയശേഷം നാട്ടിലേക്കുപോയിരിക്കുന്നഈഅവസരത്തിൽ എത്രയുംവേഗം ഒരു പട്ടക്കാരൻ ഇവിടെ വരേണ്ടതു് അത്യാവശ്യമാണു്. ആറുമാസം മുമ്പുമുതൽ ഒരു ഗ്രാഡ്വേററുപട്ടക്കാരനെ അയച്ചുതരണമെന്നു് ആവശ്യപ്പെട്ടതിൽ ഇതുവരെ വല്ല ഫലവും ഉണ്ടായതായിട്ടറിവില്ല. ഇവിടെ നമ്മുടെ സഭവകയായി പല കാര്യങ്ങളും ചെയ്യാൻ മാർഗ്ഗമുള്ളതുകൊണ്ടു് മലയായിലെ സഭാപ്രവർത്തനത്തിൽ മാതൃസഭ കൂടുതൽ താല്പര്യംഎടുക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

കൽക്കദോൻ സുന്നഹദോസ്. (തുടർച്ച)

(ദിവ്യശ്രീ പി. ററി. അബ്രഹാംകത്തനാർ, തിരുവനന്തപുരം.)

കുസ്തന്തീൻ പാത്രിയർക്കീസിനും കൂടെയുള്ളവർക്കും "ഏകസ്വഭാവ" ഉപദേശം ഭേദപ്പെടുത്തണമെന്നു് ഗൌരവമായ ചിന്തയുണ്ടായിരുന്നില്ലാ. അവിടത്തെ പാത്രിയർക്കീസായ മാർ അനെററാലിയോസു് ഏകസ്വഭാവപക്ഷക്കാരനും എപ്പേസൂസ് രണ്ടാം സുന്നഹദോസിൽ മാർ ദീയസ്കോറോസിനോടുകൂടിപോയിരുന്ന ആളും ആ സുന്നഹദോസിനാൽ കുസ്തന്തീൻ പാത്രിയർക്കീസായി നിയമിക്കപ്പെട്ട ആളുമായിരുന്നു. മാക്യൻ ചക്രവർത്തിയുടെ ഭരണം തുടങ്ങിയതിൽ പിന്നീടാണു് അദ്ദേഹം ഏകസ്വഭാവപക്ഷത്തുനിന്നു് ഭേദപ്പെടാൻ നിർബന്ധിതനായതു. അങ്ങിനെ വഴിപ്പെട്ടില്ലെങ്കിൽ പാത്രിയർക്കാസ്ഥാനം നഷ്ടപ്പെടുമെന്നതീർച്ചയായിരുന്നു. അതിന്റെശേഷവും അദ്ദേഹം അകമെ ഏകസ്വഭാവവിശ്വാസിയായിരുന്നുവെന്നു് അനുമാനിപ്പാൻ തെളിവുകളുണ്ടു്. എന്നാൽ കുസ്തന്തീൻ സിംഹാസനത്തിനു് അധികാരാവകാശങ്ങൾ

വർദ്ധിപ്പിക്കുന്നതിനും പൂർവ്വീകങ്ങളായ മററുപ്രധാന സിംഹാസനങ്ങളുടെ മുമ്പിൽ സ്ഥാനം ലഭിക്കുന്നതിനും അത്യാഗ്രഹമുണ്ടായിരുന്നതുകൊണ്ടു് കൽക്കദോൻ സുന്നഹദോസ് ആവശ്യമെന്നു് അദ്ദേഹവും വിചാരിച്ചിരിക്കണം. എന്തെന്നാൽ കുസ്തന്തീൻ സിംഹാസനം കൈവശമാക്കാൻ ശ്രമിച്ചിട്ടുള്ള അധികാരാവകാശങ്ങൾ എപ്പേസൂസു് രണ്ടാം സുന്നഹദോസ് നിഷേധിക്കയാണുണ്ടായതു്. മാർക്യൻ ചക്രവർത്തി ഒരു സുന്നഹദോസുവിളിച്ചുകൂട്ടുന്നപക്ഷം എപ്പേസൂസിൽ വച്ചു് അംഗീകരിക്കപ്പെടാതിരുന്ന സർവ്വ അവകാശങ്ങളും അതിലധികവും ലഭിക്കുന്നതിനും അവ നിയമീകൃതമാക്കുന്നതിനും മാർഗ്ഗമുണ്ടായിരുന്നു. ചക്രവർത്തിക്കും തന്റെ തലസ്ഥാനനഗരിയിൽ സ്ഥിതിചെയ്യുന്ന സിംഹാസനത്തിനു് അമിതമായ അധികാരാവകാശങ്ങൾ കൊടുക്കണമെന്നു നിർബന്ധമുണ്ടായിരുന്നു. എന്തെന്നാൽ ആ സിംഹാസനം നാലാംനൂററാണ്ടിന്റെ അവസാനമുണ്ടായ ഒന്നായിരുന്നു. അലക്സന്ത്രിയാ, അന്ത്യോഖ്യാ മുതലായ പൂർവ്വീകസിംഹാസനങ്ങൾക്കു പാരമ്പര്യമായി നിലവിലിരിക്കുന്നതും നിഖ്യാസുന്നഹദോസിനാൽ സ്ഥിരപ്പെടുത്തപ്പെട്ടിരിക്കുന്നതുമായ സ്ഥാനങ്ങളും അവകാശങ്ങളും പ്രാഥമ്യവും വേറൊരു സിംഹാസനത്തിനു കൊടുക്കുയെന്നുള്ളതു് അവകൾക്കും പ്രത്യേകം അലക്സന്ത്രിയാ സിംഹാസനത്തിനും തീരെ വഹിക്കാൻപാടില്ലായിരുന്നു. കുസ്തന്തീൻസിംഹാസനം സ്ഥാപിതമായശേഷം ഈ സംഗതിനിമിത്തം ആ സിംഹാസനവും അലക്സന്ത്രിയാസിംഹാസനവും തമ്മിൽ എപ്പോഴും ഉൾപ്പോരും ശത്രുതയും നടന്നുകൊണ്ടിരുന്നു. ഒരുപുതിയ സുന്നഹദോസ്‌വിളിച്ചുകൂട്ടുന്നതിനു് അന്നത്തെ അന്ത്യോഖ്യാപാത്രിയക്കീസിനും താല്പര്യമുണ്ടായിരുന്നിരിക്കണം. എന്തെന്നാൽ എപ്പേസൂസിൽ വച്ചു തള്ളപ്പെട്ടുപോയ തങ്ങളുടെ "രണ്ടുസ്വഭാവ" വിശ്വാസം വീണ്ടും സംസ്ഥാപിതമായി വിജയംകൊള്ളുന്നതിനു് അതിതാല്പര്യമുണ്ടായിരിക്കണം. എങ്കിലും കുസ്തന്തീൻസിംഹാസനത്തിനു് അദ്ദേഹത്തിന്റെ സിംഹാസനത്തിന്മേൽ പ്രാഥമ്യം അനുവദിക്കുന്നതിനു തൃപ്തിയില്ലായിരുന്നു എന്നു അനുമാനിക്കാവുന്നതാണു്. എന്നാൽ അന്ത്യോഖ്യാസിംഹാസനത്തിന്റെ കീഴുള്ള പ്രധാന പട്ടണങ്ങളിലെ നിവാസികൾ യവനരും യവനപരിഷ്കാരം സ്വീകരിച്ചവരുമായിരുന്നതുകൊണ്ടു് അവർ ചക്രവർത്തികളാൽ സ്ഥാപിതമായ ഒരു യവനസിംഹാസനമാകുന്ന കുസ്തന്തീനോപ്പോലീസിനു കൂടുതൽ അവകാശം കൊടുക്കുന്നതിനെ വളരെ ശക്തിയായി എതിർത്തുകാണുകയില്ലെന്നു വിചാരിക്കാം. എന്നാൽ അന്ത്യോക്കിന്റെകീഴുള്ള ക്രൈസ്തവരിൽ ഭൂരിപക്ഷമുള്ളതു സുറിയാനിക്കാരായിരുന്നു. അവർക്കു് ഏകസ്വഭാവവിശ്വാസം ഭേദപ്പെടുത്തുന്നതിനോ, കുസ്തന്തീനു കൂടുതൽ അധികാരം കൊടുക്കുന്നതിനോ അശേഷം മനസ്സില്ലായിരുന്നു. ആ സിംഹാസനത്തിന്റെ കീഴുള്ള യവനരും സുറിയാനിക്കാരും തമ്മിൽ നല്ല സൌഹാർദ്ദതയിലല്ല കഴിച്ചുകൂട്ടിയിരുന്നതെന്നുള്ള സംഗതിയും പ്രസ്താവയോഗ്യമാണു്. അന്ത്യോഖ്യയുടെകീഴുള്ള യവനർ നെസ്തോറിയ ഉപദേശത്തോടു ചായ്‌വുള്ളവരും ഇരുസ്വഭാവവിശ്വാസം പുനർജ്ജീവിപ്പിക്കണമെന്നു് ആഗ്രഹമുള്ളവരുമായിരുന്നു. അതുകൊണ്ടു് എപ്പേസൂസു

1-ാം, 2-ാം സുന്നഹദോസിൽ നിഷേധിക്കപ്പെട്ട തങ്ങളുടെ ഇരുസ്വഭാവവിശ്വാസം മാർപ്പാപ്പാ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതുകൊണ്ട് മുൻപ്രസ്താവിച്ച സുന്നഹദോസുകളിന്മേൽ വിജയം കൊള്ളുന്നതിന് ഒരവസരം ലഭിക്കുന്നതിന് ഒരുപുതിയ സുന്നഹദോസ് അവർ ആഗ്രഹിച്ചിരിക്കണം. ഇങ്ങനെയുള്ളദുരുദ്ദേശത്തോടുകൂടിയാണ് കുസ്തന്തീൻ യവനരും അന്ത്യോഖ്യൻ യവനരുംസുന്നഹദോസുവരിച്ചത്. അലക്സന്ത്രിയായും കുസ്തന്തീനും തമ്മിൽഅധികാരാവകാശങ്ങൾസംബന്ധിച്ച് അഹമഹമിമയും, അലക്സന്ത്രിയയും അന്ത്യോഖ്യയും തമ്മിൽ ഉപദേശംസംബന്ധിച്ച അഹമഹമികകളും നടന്നുകൊണ്ടിരുന്നു എന്നു മുൻ പ്രസ്താവനങ്ങളിൽനിന്നു അനുമാനിക്കാം. അങ്ങനെ പലേപ്രകാരത്തിലുള്ള കക്ഷിവാശികൊണ്ടും ഞെണ്ടുംകൊണ്ടും കലുഷിതമായിരിക്കുന്ന ഒരു ദുർമുഹൂർത്തത്തിലാണു മുൻപിലത്തെ സുന്നഹദോസിനെ റദ്ദാക്കാൻ വേറൊരു സുന്നഹദോസു വിളിച്ചുകൂട്ടാൻ നിശ്ചയിച്ചത്.

ചുരുക്കിപ്പറയാം. എപ്പേസൂസ് രണ്ടാംസുന്നഹദോസ് സാരാംശത്തിൽ വേദവിരോധം സ്വീകരിച്ചിട്ടില്ലാത്തതുകൊണ്ട് അതു റദ്ദാക്കാൻ ഒരു പുതിയ സുന്നഹദോസ് വിളിച്ചുകൂട്ടാൻ യാതൊരാവശ്യവുമില്ലായിരുന്നു. എവുത്തിക്കൂസ് സാക്ഷാൽ പാഷണ്ഡൻ ആണെന്നു വെളിപ്പെട്ടപ്പോൾ സഭ അദ്ദേഹത്തെ നിഷ്കാസനംചെയ്യുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. മുൻ ചില അവസരങ്ങളിൽ ചില പാഷണ്ഡർ പദാവലികളുടെ മറയിലും മറവും നിന്നുകൊണ്ടു തങ്ങളുടെ പാഷണ്ഡത പ്രത്യക്ഷപ്പെടുന്നതിന് ഇടകൊടുക്കാതിരുന്നിട്ടുണ്ട്. അങ്ങിനെ സുന്നഹദോസുകൾ പാഷണ്ഡത തെളിയാതിരുന്നതുകൊണ്ട് അവരെ നിർദ്ദോഷികളായി ഗണിച്ചു. എന്നാൽ അവരുടെ പാഷണ്ഡത വെളിപ്പെട്ടപ്പോൾ അവരെ സഭയിൽനിന്നു നിഷ്കാസനംചെയ്കയും ചെയ്തിട്ടുണ്ട്. ആ വിധത്തിൽ എവുത്തിക്കൂസിന്റെ വേദവിരോധം തെളിയാതിരുന്നതുകൊണ്ട് അയാളെ നിർദ്ദോഷിയായി ഗണിച്ചു. എന്നാൽ അയാളുടെ പാഷണ്ഡത വെളിപ്പെട്ടപ്പോൾ അയാളെ സഭയിൽനിന്നു തള്ളുകയുംചെയ്യുമായിരുന്നു. ഏകസ്വഭാവവിശ്വാസത്തിൽ സാരാംശത്തിൽ പാഷണ്ഡത ഇല്ലെന്നു മുൻപു തെളിയിച്ചിട്ടുണ്ടല്ലോ. ആ വിശ്വാസം തന്നെയാണു മാർപ്പാപ്പായുടെ ഇരുസ്വഭാവവിശ്വാസമെന്നു രണ്ടു വശങ്ങളും പഠിച്ചിട്ടുള്ള ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നതായികാണുന്നു. അതു വാസ്തവമാണെങ്കിൽ ഇരുകൂട്ടരുംതമ്മിൽ അവരവരുടെ നില സൌമ്യമായി അന്യോന്യം വാദപ്രതിവാദംചെയ്തു പ്രബോധിപ്പിക്കുന്നപക്ഷം ആ സംഗതിക്കു സമാധാനം ഉണ്ടാകാവുന്നതായിരുന്നു. അതിനുപകരം, ഒരു പുതിയ സുന്നഹദോസ് കൂട്ടിയതാണു വലിയ മർദ്ദനവും വാശിയും കലാപങ്ങളും വിശ്വാസത്തിൽ ഭിന്നമില്ലാതിരിക്കുമ്പോൾ പിരിച്ചിലുകളുമുണ്ടാക്കിയത്. കൽക്കദോൻ സുന്നഹദോസ് അവസരോചിതവുമല്ലായിരുന്നു. അന്ത്യോഖ്യരുടെ കീഴുള്ള യവനരും സുറിയാനിക്കാരും തമ്മിലും, അന്ത്യോഖ്യരും അലക്സന്ത്രിയരും തമ്മിലും അലക്സന്ത്രിയരും കുസ്തന്തീന്യരും തമ്മിലും അങ്ങിനെ പലേതര അഹമഹമിക

കളും വാശികളും എരിഞ്ഞുകൊണ്ടിരിക്കുന്ന അവസരമായിരുന്നു. പുതിയ സുന്നഹദോസ് മൂലം സഭാമണ്ഡലത്തെ മുൻപിലത്തേതിൽ പതിന്മടങ്ങു എരിയുന്ന ഒരു പശ്ചാത്തലമാക്കിത്തീർത്തു. മാർ ദീയസ്ക്കോറോസ് നടത്തിയ 'ക്രമക്കേടുകൾ' സംബന്ധിച്ചുപറകയാണെങ്കിൽ (അവ വാസ്തവമാണെങ്കിൽ) അവയെ ശരിപ്പെടുത്തുന്നതിനു വേറെ മാർഗ്ഗങ്ങൾ അവലംബിക്കാമായിരുന്നു. ഏതുവിധത്തിൽ ആലോചിച്ചാലും കൽക്കദോൻ സുന്നഹദോസ് അനാവശ്യവും അനവസരോചിതവുമായിരുന്നു എന്നു സമർത്ഥിക്കാവുന്നതാണ്. ആ സുന്നഹദോസ് അത്ര ധൃതിയിൽ വേഗം വിളിച്ചുകൂട്ടിയതു സഭയുടെ നന്മയെ അശേഷം നോക്കാത്ത ബുദ്ധിപൂർവ്വമല്ലാത്ത ഒരു പ്രവൃത്തിയായിരുന്നുവെന്നു തീർച്ചയാണ്.

വേദപുസ്തകപ്രവേശകം. (തുടർച്ച)

(റവ: ഫാദർ ററി. ഐ. ജോസഫ് എം. ഏ., ബി. ഡി.)

ബൈബിൾ കാനോൻ.

കാനോൻ എന്നവാക്കിൻെറ അർത്ഥം, "മാതൃക", "ചട്ടം" എന്നെല്ലാമാണ്. ക്രിസ്തുമതത്തിൻെറ ആവിർഭാവത്തിനു മുമ്പ് ഈ പദത്തിനു മതപരമായ അർത്ഥം ഉണ്ടായിരുന്നില്ല. ക്രിസ്തീയവിശ്വാസങ്ങളുടെയും നടപടികളുടെയും ഔദ്യോഗികമായ തോതു് അല്ലെങ്കിൽ ആധാരം ആണെന്നുള്ള നിലയിൽ പഴയനിയമത്തേയും പുതിയനിയമത്തേയും ഓറിഗൻെറ കാലംമുതൽ കാനോൻ എന്നു പറഞ്ഞുവരുന്നുണ്ട്. വേദപുസ്തകത്തിലുള്ള ആശയത്തെ ആസ്പദമാക്കിയാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നതു്. ഈ ആശയങ്ങളെ ഇതരപുസ്തകങ്ങളിൽ നിന്നുള്ള ആശയങ്ങളിൽനിന്നു വേർതിരിച്ചു മതവിശ്വാസങ്ങൾക്കു ആധാരമായി വി: സഭ അംഗീകരിച്ചിരിക്കുന്നു എന്നാണു കാനോൻ എന്നപദത്തിൽ നിർദ്ദേശിച്ചിരിക്കുന്നതു്.

പഴയനിയമ കാനോൻ. ഇതുണ്ടായവിധം എങ്ങിനെയാണെന്നു നമുക്കു വിശദമായി അറിയാൻ പാടില്ല. എബ്രായ ബൈബിളിലുള്ള പുസ്തകങ്ങളുടെ ക്രമീകരണം കാനോൻ വളർന്നുവന്നവിധം സൂചിപ്പിക്കുന്നില്ലേ എന്നു സംശയിക്കുന്നു. എബ്രായ ബൈബിളിലും ഗ്രീക്കു തർജ്ജിമയിലും ആദ്യം കാണുന്നതു് പെൻററ്റ്യൂക്ക് എന്നുപറയപ്പെടുന്ന അഞ്ചുപുസ്തകങ്ങൾ ആണ്. കാനോൻെറ ആരംഭം ഇവിടംമുതൽ ആകാനാണ് എളുപ്പം. നെഹമിയാ 8-ാം അദ്ധ്യായത്തിൽ എസ്രാ എല്ലാജനങ്ങളുടെയും മുമ്പിൽ റോറാ (Torah) അതായതു് ന്യായപ്രമാണം വായിച്ചതായി നാം കാണുന്നു. ഇവ വളരെ വിശുദ്ധമെന്നത്രെ അന്നവർ കരുതിയിരുന്നതു്. ഇവയോടുകൂടി കാലക്രമത്തിൽ ഇസ്രായേലിൻെറ ചരിത്രവും പ്രവാചകന്മാരുടെ ദർശനങ്ങളും കാനോൻെറ

പരിധിയിൽ വന്നിരിക്കണം. അവസാനമായി ജ്ഞാനപ്രദങ്ങളും ഭക്തിസംവർദ്ധകങ്ങളുമായ കവിതകളും പഴഞ്ചൊല്ലുകളും, കഥകളും, കൂട്ടിച്ചേർത്തിട്ടുണ്ടായിരിക്കണം.

പുതിയനിയമകാനോൻ. ആദ്യക്രിസ്ത്യാനികളുടെ വേദപുസ്തകം എബ്രായബൈബിൾ ആയിരുന്നു. ക്രിസ്തീയ പുസ്തകങ്ങളും ലേഖനങ്ങളും അതോടുകൂട്ടിച്ചേർത്ത് അവയ്ക്ക് തിരുവെഴുത്തുകൾ എന്ന് കാലക്രമം കൊണ്ട് അംഗീകാരം സിദ്ധിച്ചു. പുതിയനിയമകാലത്തുള്ള എഴുത്തുകാർക്ക് വേദപുസ്തകം ഉണ്ടാക്കണമെന്ന് അശേഷം ആഗ്രഹമുണ്ടായിരുന്നില്ല. എബ്രായബൈബിൾ അതിവിശുദ്ധമെന്നത്രെ അവർ കരുതിയിരുന്നത്. അതോടുകൂടി അവരുടെ സ്വന്തം എഴുത്തുകളും ലേഖനങ്ങളും ഉൾപ്പെടുത്താമെന്ന് അവർ വിചാരിച്ചിരുന്നിരിക്കയില്ല. അടുത്തകാലത്തു തന്നെ അവരുടെ രക്ഷകൻ തിരിച്ചുവരുന്നതിനുവേണ്ടി നോക്കിപാർത്തുകൊണ്ടിരിക്കുന്നവർക്ക് പുസ്തകങ്ങൾ എഴുതേണ്ട ആവശ്യം എന്താണ്? ഉടൻ തിരിച്ചുവരുമെന്നുള്ള ആശ മാറിവന്നതോടുകൂടി ക്രിസ്തുവിൻെറ ചരിത്രവും ഉപദേശങ്ങളും എഴുതി ഇടേണ്ടതായി വന്നു. കാലക്രമത്തിൽ ഈ ചരിത്രവും ഉപദേശങ്ങളും അംഗീകൃതങ്ങളാണെന്നു സഭ പ്രഖ്യാപനം ചെയ്യേണ്ടതായും വന്നു.

സുവിശേഷങ്ങൾക്ക് മുമ്പെയാണ് ലേഖനങ്ങൾ എഴുതപ്പെട്ടത്. അപ്പോസ്തോലന്മാരുടെ പ്രസംഗം മിശിഹാതമ്പുരാൻെറ സുവിശേഷത്തെ ആസ്പദമാക്കിയായിരുന്നു. ഈ സുവിശേഷം ആദ്യകാലത്ത് വാചാപ്രസംഗം വഴിയായിട്ടാണ് പ്രചരിപ്പിച്ചുവന്നത്. അപ്പോസ്തോലന്മാർ ജീവിച്ചിരുന്ന കാലത്ത് മിശിഹായുടെ ഉപദേശം എഴുതിയിടേണ്ട അവശ്യം നേരിട്ടില്ല. എന്തെങ്കിലും സംശയമുണ്ടായാൽ നേരിട്ട് ഗുരുവിൽനിന്ന് കേട്ടപ്രകാരം അവർ തന്നെ തീരുമാനം ചെയ്തുവന്നു. എന്നാൽ മിശിഹായുടെ രണ്ടാമത്തെ വരവ് ഉടനെ അല്ലെന്നുള്ള അഭിപ്രായമാററവും അപ്പോസ്തോലന്മാരിൽ ഓരോരുത്തരുടെയും ഇഹലോകവേർപാടും മിശിഹായുടെ ചരിത്രവും ഉപദേശങ്ങളും എഴുതിസൂക്ഷിക്കേണ്ട സന്ദർഭം ഉണ്ടാക്കി. അപ്പോസ്തോലന്മാരുടെ ഉപദേശങ്ങളുടെ രത്നച്ചുരുക്കങ്ങളും ചില ശുശ്രൂഷകളുടെ അതിപ്രധാനങ്ങളായ ഭാഗങ്ങളും എഴുതി അവിടവിടെ പ്രചരിപ്പിച്ചിരുന്നതായി വി: ലൂക്കോസ് സാക്ഷിക്കുന്നുണ്ട്. ഇവയുടെ സ്ഥാനത്ത് വിശ്വാസയോഗ്യമായ ഒരു രേഖ ഉണ്ടാക്കി സൂക്ഷിക്കുന്നതിനാണ് ലൂക്കോസിൻെറ ശ്രമം (ലൂക്കോസ് 1. 1) ഇതിനിടയിൽ അപ്പോസ്തോലന്മാർ തന്നെ പലർക്കും പല എഴുത്തുകൾ കർത്താവിൻെറ ഉപദേശത്തെ ആസ്പദമാക്കി സന്ദർഭാനുസരണം അയച്ചിട്ടുണ്ട്. ഈ വിധത്തിൽ ഔദ്യോഗികമായ ഒരു കാനോൻ ഉണ്ടാകത്തക്കവണ്ണമുള്ള എഴുത്തുകളും ലേഖനങ്ങളും പലസ്ഥലങ്ങളിലായി പ്രചാരത്തിൽ ഉണ്ടായിരുന്നു.

പുതിയനിയമ പുസ്തകങ്ങൾ എല്ലാം തന്നെ ആദ്യനൂററാണ്ടിൻെറ അവസാനഘട്ടത്തോടുകൂടി എഴുതപ്പെട്ടതായിരിക്കണം. അവയെല്ലാം അപ്പോ

സ്തോലന്മാരാൽ എഴുതപ്പെട്ടവയാണെന്നോ അവരുടെ സഹായത്തോടുകൂടി മററുചിലർ എഴുതപ്പെട്ടതാണെന്നോ അപ്പോസ്തോലവിശ്വാസത്തോടു യോജിച്ച ഉപദേശങ്ങളാണ് അവയിൽ അടങ്ങിയിരിക്കുന്നതെന്നോ തീർച്ചപ്പെട്ടുവന്നതു് അനേകവർഷങ്ങൾകൊണ്ടുമാത്രമാണ്. കാനോൻ പ്രകാരമുള്ള പുതിയനിയമത്തിലെ പുസ്തകങ്ങൾ എല്ലാം സഭ അംഗീകരിച്ചതു് നാലാം നൂററാണ്ടിനകമായിട്ടാണ്. ആദ്യനൂററാണ്ടിന്റെ അവസാനത്തോടുകൂടി ഉണ്ടായ അപ്പോസ്തോലന്മാരുടെ ഉപദേശങ്ങൾ (Didache) എന്നപുസ്തകത്തിൽ, പുതിയനിയമത്തിൽ ഉള്ള കുറച്ചുപുസ്തകങ്ങളുടെ പേരുകൾ മാത്രമെ കാണുന്നുള്ളു. അതിൽനിന്ന് ആകാലത്തു് കുറച്ചുപുസ്തകങ്ങൾ മാത്രമെ അറിയപ്പെട്ടിരുന്നുള്ളുഎന്നനുമാനിക്കാം. അവയും കുറച്ചുസ്ഥലങ്ങളിൽ മാത്രമെ അറിയപ്പെട്ടിട്ടുണ്ടായിരുന്നിരിക്കയുള്ളു. ചുരുക്കിപറഞ്ഞാൽ ഇപ്രകാരം ചിതറികിടന്നപുസ്തകങ്ങൾ കാലക്രമംകൊണ്ടുമാത്രമാണു സഭയുടെ പൊതുസ്വത്തായിതീർന്നിട്ടുള്ളതു്.

യേശുക്രിസ്തുവിന്റെയും അപ്പോസ്തോലന്മാരുടെയും പ്രവൃത്തികൾ ആണെന്നും ആശയങ്ങൾ അവരുടെ ഉപദേശങ്ങൾക്കു് അനുയോജ്യമാണെന്നും വിശ്വാസയോഗ്യമായ തെളിവുകൾ ഉള്ള പുസ്തകങ്ങൾ മാത്രമേ ആദ്യകാലത്തു് സഭയിൽ അംഗീകരിക്കപ്പെട്ടിരുന്നുള്ളു. പാഷണ്ഡവാദികളായ ഗ്നോസ്റ്റിക്സ് ഉപദേശകന്മാരുടെയും വേദവിപരീതികളായ മൊണ്ടാനമതക്കാരുടെയും ആവിർഭാവത്തോടുകൂടി അവരുടെ ഉപദേശങ്ങളെ എതിർക്കുന്നതിനുവേണ്ടി ആപ്പോസ്തോലന്മാരുടെഉപദേശങ്ങൾഅടങ്ങിയതെന്നു വിശ്വാസയോഗ്യമായ പുരാതനരേഖകൾ ക്രിസ്ത്യാനികൾ പഠിക്കേണ്ട ആവശ്യം നേരിട്ടു. ഗ്നോസ്റ്റിക്ക് ഉപദേഷ്ടാക്കൾ അവരുടെ ഉപദേശങ്ങൾക്കു് ആധാരമായി അവക്കാനുകൂല്യമുള്ള പുരാതനഗ്രന്ഥങ്ങൾ തെളിവായിട്ടു് എടുത്തിരുന്നതുകൊണ്ടു് ക്രിസ്ത്യാനികൾക്കു് വാചാപ്രസംഗം വഴിയായ ഉപദേശങ്ങൾ പോരാതെവന്നു. അതുകൊണ്ടു് അപ്പോസ്തോലിക ഉപദേശങ്ങളുടെ വിശ്വാസ്യത തെളിയിക്കുന്നതിനുവേണ്ടി അവരുടെ പുസ്തകങ്ങൾ തേടിപിടിക്കേണ്ട ആവശ്യം നേരിട്ടു. അപ്രകാരമുള്ള ശ്രമത്തിന്റെ ഫലമായിട്ടാണു പുതിയ നിയമത്തിൽ കാണുന്ന പുസ്തകങ്ങളെ സഭ ഔദ്യോഗികമായിഅംഗീകരിച്ചതു്.

സഭയും വേദപുസ്തകവും.

പുതിയനിയമത്തിലുള്ള ഒററ പുസ്തകമെങ്കിലും ഉണ്ടാകുന്നതിനു വളരെ മുമ്പാണ് സഭയുണ്ടായതു്. സഭാംഗങ്ങളുടെ ആവശ്യാർത്ഥം സഭാംഗങ്ങൾതന്നെ എഴുതിയിട്ടുള്ളവയാണ് പുതിയനിയമ പുസ്തകങ്ങൾ. ക്രിസ്തീയമായ ഉപദേശങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുള്ളവർക്കു മാത്രമേ അവയിലുള്ള ഉപദേശങ്ങൾ ശരിയ്ക്കു് മനസ്സിലാക്കാൻ സാധിക്കയുള്ളു. വിശ്വാസം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയല്ലാതെ വിശ്വാസം ജനിപ്പിക്കുന്നതിനുവേണ്ടി ഇവ എഴുതപ്പെട്ടിട്ടുള്ളതല്ലാ. പുതിയനിയമത്തിലുള്ള ഒരു പുസ്തകംപോലും അവിശ്വാസികൾക്കു് വേണ്ടി എഴുതിയിട്ടുള്ളതല്ല. അതുകൊണ്ടു് വേദപുസ്തകം നമ്മുടെ ആദ്യത്തെ ഉപദേഷ്ടാവാകയില്ലാ. മററുള്ള പുസ്തകങ്ങളിൽ നിന്നു് വേദപുസ്ത

കം എത്രമാത്രം വ്യത്യാസപ്പെട്ടതാണെന്നു സഭയാണു് നമ്മെ പഠിപ്പിക്കുന്നതു്. ആദർശപരമായ ക്രിസ്തീയജീവിതം എന്താണെന്നു തെളിയിച്ചു പ്രാരംഭ ക്രിസ്തീയജ്ഞാനം തരുന്നതും സഭയാണു്. ഈ പ്രാരംഭ ശിക്ഷണം കൂടാതെ വെറും പുസ്തകത്തിനു് അർത്ഥവും ഇല്ലാ.

ക്രിസ്തുസഭയുടെ ആദ്യകാലത്തു ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കു് ആധാരമായിരുന്നതു് ക്രിസ്തുവിനെ കണ്ടുംകേട്ടും പഠിച്ചിട്ടുള്ള അപ്പോസ്തോലന്മാരായിരുന്നു. ആദ്യക്രിസ്ത്യാനികൾ കേട്ട ഉപദേശം ശരിയാണോ എന്നു പരിശോധിച്ചുനോക്കുന്നതിനു് വേദപുസ്തകം ഉണ്ടായിരുന്നില്ലാ. എന്നാൽ പുതിയനിയമ പുസ്തകങ്ങൾ ഓരോന്നായി കൈവശംവന്ന സമയത്തു് അവ അംഗീകാര്യമോ അല്ലയോ എന്നു തീരുമാനിച്ചതു് അവയിലുള്ള ഉപദേശങ്ങൾ സഭയിൽ അന്നു നടപ്പിലിരുന്ന അപ്പോസ്തോലിക വിശ്വാസത്തോടും പാരമ്പര്യങ്ങളോടും യോജിച്ചതാണോ എന്നു താരതമ്യപ്പെടുത്തിയാണു്. ഒരു വേദപുസ്തകവും കയ്യിൽ പിടിച്ചുകൊണ്ടു നടന്നല്ലാ പൗലൂസ് അപ്പോസ്തോലൻ ഉയപ്പിനെപ്പറ്റി പ്രസംഗിച്ചതു്. ആരെങ്കിലും എന്തെങ്കിലും സംശയം ചോച്ചാൽ, ക്രിസ്തുവിനെ കണ്ടു പഠിച്ചിട്ടുള്ളവരുടെ സാക്ഷ്യത്തെ ആധാരമാക്കി പത്രോസ് ഇന്നതുപറഞ്ഞു, യോഹന്നാൻ എന്നോടു ഇന്നതു പറഞ്ഞു എന്നെല്ലാമാണു് അദ്ദേഹം ഉത്തരം പറഞ്ഞിട്ടുള്ളതു്. അതുകൊണ്ടു് ഏതു സമൂഹത്തിൽവച്ചു്, ഏതു സന്ദർഭത്തിലും അടിസ്ഥാനത്തിലും വേദപുസ്തകം ഉണ്ടായോ ആ വളർന്നു വരുന്ന സമൂഹത്തേയോ അടിസ്ഥാനത്തെയോ വിസ്മരിച്ചു അതിനു സ്വാതന്ത്ര്യം ഉണ്ടെന്നുപറയാൻപാടില്ലാ. ക്രിസ്തുസഭയെ കൂടാതെ വേദപുസ്തകം സ്വതന്ത്രമായി നിൽക്കുന്നില്ലാ. വേദപുസ്തകം വ്യാഖ്യാനിക്കുന്നതിനു് ക്രിസ്തുമതത്തെപ്പറ്റി പരിമിതമായ ജ്ഞാനം ഒരുവൻ മുൻകൂട്ടി സമ്പാദിച്ചേ മതിയാവൂ. അതു സമ്പാദിക്കുന്നതിനു് ക്രിസ്തീയമായ കൂട്ടായ്മയിൽ ജീവിക്കുന്നവർക്കുമാത്രമെ സാധിക്കയുള്ളൂ.

വേദപുസ്തകത്തിനുള്ള പ്രാധാന്യം.

വേദപുസ്തകത്തിനു് സഭയിൽ ഒരു പ്രധാന സ്ഥാനമുണ്ടു്. സഭാംഗങ്ങൾക്കു് അതിനോടുള്ള ബഹുമാനം വളരെയാണു്. കിഴക്കൻ സഭകളിൽ കുർബാനമദ്ധ്യേ വേദപുസ്തകം വായിക്കുന്നതു് രണ്ടു കൊളുത്തിയ മെഴുകുതിരികൾ ഇടത്തും വലത്തും പിടിച്ചുകൊണ്ടും ധൂപത്തോടുകൂടിയും അത്രെ. അതുല്യമായ ഈ ബഹുമാനത്തിനും ഭക്തിക്കും കാരണം വേദപുസ്തകം ക്രിസ്തുവുമായി ഒരു പ്രത്യേക തരത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണു്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിനു് ലോകത്തെ ഒരുക്കുന്നതെങ്ങിനെയെന്നു പഴയനിയമം ഘോഷിക്കുന്നു. മിശിഹാതമ്പുരാനു് മതപരിശീലനം ഉണ്ടാകുന്നതു് പഴയനിയമം വഴിയായിട്ടാണു. പുതിയ നിയമത്തിലാകട്ടെ മിശിഹായുടെ ഇഹലോകജീവിതം അദ്ദേഹത്തിന്റെ ഉപദേശങ്ങൾ, പ്രവൃത്തികൾ, മരണവൃത്താന്തം, ഉയപ്പ്, സ്വർഗ്ഗാരോഹണം മുതലായവ അടങ്ങിയിരിക്കുന്നു. ഈ വിവരങ്ങൾ എല്ലാം ശരിയാണെന്നു് ദൃക്സാക്ഷികളായ അ

പ്പോസ്തോലന്മാരും ആദിമസഭയും നമുക്കു് ഉറപ്പുതരുന്നു. അപ്പോസ്തോലന്മാരുടെ കാലത്തു് സുവിശേഷം പ്രചാരത്തിൽ വന്നതെങ്ങിനെയെന്നും ഉയൎക്കപ്പെട്ടക്രിസ്തുവിനെ ആദ്യകാലത്തു് ക്രിസ്ത്യാനികൾ എങ്ങിനെയാണംഗീകരിച്ചതെന്നും ലേഖനങ്ങൾ നമുക്കു് വെളിപ്പെടുത്തിതരുന്നുണ്ടു്. നമ്മുടെ കൎത്താവിന്റെ ഇഹലോകജീവിതത്തിനു് അതിൽ ഒരു പ്രത്യേകസ്ഥാനം ഉള്ളതുകൊണ്ടും അതിലുള്ള പുസ്തകങ്ങളുടെ പ്രാധാന്യംകൊണ്ടും ആദ്യസഭയുടെ നടപടികളെപ്പറ്റി സവിസ്തരം പ്രതിപാദിച്ചിരിക്കുന്നതുകൊണ്ടും പുതിയനിയമത്തിനു് മറ്റുള്ളപുസ്തകങ്ങൾക്കില്ലാത്ത ഒരു പ്രത്യേകത ഉണ്ടു്.

റോമ്മാസഭയും റീത്തുകളും.

(ഒരു സഭാംഗം.)

മലങ്കര ഓർത്തൊഡോക്സ് സുറിയാനിസഭയിലെ വൈദികന്മാരിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ദിവ്യശ്രീ ഫാദർ പി. റ്റി അബ്രാഹാം അവർകൾ അദ്ദേഹത്തിന്റെ വാർദ്ധക്യദശയിൽ നമുക്കു് നൽകിയിരിക്കുന്ന ഒരു വിജ്ഞാനപ്രദമായ പുസ്തകമത്രെ "റോമ്മാസഭയും റീത്തുകളും". അച്ചന്റെ മാന്യസ്നേഹിതന്മാരിൽ റീത്തിൽ ചേർന്നുകൊണ്ടുപോയവരും ഒരു അസ്സേന്നിയും കഴിഞ്ഞകുറെവർഷങ്ങളായി അച്ചൻ അവരെ അനുഗമിക്കണമെന്നു് ആവശ്യപ്പെട്ടതിനു് അവരോടു് അച്ചൻ പറഞ്ഞിട്ടുള്ളതും അച്ചനു പറയാനുള്ളതുമായ മറുപടിയുടെ ചുരുക്കമാണു് ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നതെന്നു് അച്ചൻ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ടു്. പ്രസ്തുത ഗ്രന്ഥം—ഒരു സഭാപരിവർത്തനം, റോമ്മാസഭ, പൂൎവ്വീകസുറിയാനിസഭ എന്നിങ്ങനെ— മൂന്നു ഭാഗങ്ങളായി രചിക്കപ്പെട്ടിരിക്കുന്നു.

ഇവയിൽ ഒന്നാം ഭാഗത്തിലെ പ്രതിവാദവിഷയം മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സഭാഭ്രംശം അത്രെ. ആത്മസാക്ഷിയുടെ പ്രേരണമൂലമോ ആത്മരക്ഷയെകരുതിയോ അല്ലായിരുന്നു എന്നും ലൗകീക ആദർശങ്ങളും പ്രേരണകളും അധികാരശക്തികളും ലാക്കാക്കിയും ലോകമര്യാദപോലും അനുവർത്തിക്കാതെയും മോഷ്ടാവിനെപ്പോലെയുള്ള ഒരു ഒളിച്ചോട്ടമായിരുന്നു എന്നും ഗ്രന്ഥകർത്താവു സമർത്ഥിച്ചിരിക്കുന്നു. യഥാഗുരു, തഥാശിഷ്യൻ: മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഒരു ശിഷ്യൻ അപ്രകാരം വർത്തിച്ചതിൽ അതിശയിപ്പാനില്ല. സുറിയാനിസഭയിൽ ജനിച്ചു്, അതിൽ വളർത്തപ്പെട്ടു്, അതിൽനിന്നുകൊണ്ടു് ലഭിക്കാവുന്ന സകലസ്ഥാനമാനങ്ങളും സമ്പാദിച്ചു്, അതിലെ ആത്മീക—ലൗകീകകാര്യങ്ങളുടെ കാവൽസ്ഥാനത്തു് വിശ്വാസപൂർവ്വം നിയമിക്കപ്പെട്ടശേഷം ആ ഭരമേല്പിച്ചതിനു് ഭേദം വരുത്തുന്നവരെകുറിച്ചു് സഭാമാതാവിന്റെ വാത്സല്യമക്കൾക്കുണ്ടാകാവുന്ന വികാരങ്ങൾ വിവിധങ്ങളാണു്. മാർ സേവേറിയോസു് മെത്രാപ്പോലീത്തായുടെ വിശ്വാസമാറ്റത്തിലുള്ള ലജ്ജയും ദുഃഖവും കൊണ്ടായിരിക്കണം അദ്ദേഹത്തിന്റെ സഭാഭ്രംശത്തെ ഒരു കള്ളന്റെ ഒളിച്ചോട്ടത്തിനോടു് അച്ചൻ ഉപമിച്ചിരിക്കുന്നതു്. പ്രസ്തുതപ്രസ്താവന ആധാരപ്രതിഷ്ഠിതമല്ലെങ്കിലും അടുത്തകാലത്തു് (അതായതു് 1112 വൃശ്ചികം 14-ാം തീയതി) നടന്നതാകയാൽ നമുക്കേവൎക്കും അറിവുള്ളതാകകൊണ്ടു് അനിഷേധ്യമത്രെ.

രണ്ടാമത്തെഭാഗം റോമ്മാസഭയുടെ ഉപദേശസാരങ്ങളെപ്പറ്റിയുള്ള ഗൗരവമായ ഒരു അദ്ധ്യായമാണു്. പത്രോസു് ശ്ലീഹായുടെ സ്ഥാനം, പാറ ഏതു് അല്ലെങ്കിൽ ആർ, മ്ശിഹായുടെ സ്വഭാവം, പാപ്പായുടെ അവകാശവാദങ്ങൾ, പാശ്ചാത്യപൗരസ്ത്യഭിന്നിപ്പു്, നവീകരണകാരണങ്ങൾ എന്നീവിഷയങ്ങളെപ്പറ്റിയത്രെ ആ ഭാഗത്തു പ്രതിപാദിച്ചിരിക്കുന്നതു. വിശുദ്ധ പത്രോസിനെപ്പറ്റി സുറിയാനിസഭയുടെ ഉപദേശം അദ്ദേഹം ശ്ലീഹന്മാരുടെ റീശു് ആണെന്നത്രെ. പല സുറിയാനിപ്രാർത്ഥനകളിലും ഗീതങ്ങളിലും അദ്ദേഹത്തെ കുറിച്ചു് ശ്ലീഹന്മാരുടെ

റീശ്ശ് എന്നു് പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ റീശ്ശ് അല്ലെങ്കിൽ തലവൻ എന്നുപറയപ്പെട്ടന്നതു് സമന്മാരിൽ മുമ്പൻ എന്ന അർത്ഥത്തിൽ ആകുന്നു. ബഹുമാനപ്പെട്ട അച്ചൻ ആ ഉപദേശംതന്നെ ഉറപ്പിച്ചിരിക്കുന്നു. എന്നാൽ ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്ന കർത്തൃമൊഴി അപ്പോസ്തോലസമൂഹത്തെ ഉദ്ദേശിച്ചായിരുന്നു എന്ന വ്യാഖ്യാനം വായിക്കുമ്പോൾ ഒററക്കാരനായിത്തീരുവാനിരുന്ന യൂദായെയും പാറയായിട്ടാക്കി അവന്റെ മേലുംകൂടെ ആയിരുന്നുവോ സഭപണിയുവാൻ മ്ശിഹാ ഉദ്ദേശിച്ചിരുന്നതു് എന്നു് വായിക്കുന്നവൻ ഞെട്ടിച്ചോദിച്ചുപോകും. എങ്കിലും പത്രോസ് ശ്ലീഹായോ അപ്പോസ്തോലസമൂഹമോ അല്ല പത്രോസ് ഏററുപറഞ്ഞ വിശ്വാസമാണു് പാറ എന്ന വ്യാഖ്യാനത്തിനത്രെ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നതു്. ഇതേപ്പററി അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ള എൺപത്തഞ്ചുപിതാക്കന്മാരിൽ പാറ പത്രോസാണെന്നു പതിനേഴുപേരും, പത്രോസ് ഏററുപറഞ്ഞ വിശ്വാസമാണെന്നു നാല്പത്തിനാലുപേരും, മ്ശിഹായാണെന്നു് പതിനാറുപേരും അപ്പോസ്തോലസമൂഹമാണെന്നു് എട്ടുപേരും പറഞ്ഞിരിക്കുന്നസ്ഥിതിക്ക് ഭൂരിപക്ഷാഭിപ്രായത്തിനത്രെ പ്രാധാന്യം കല്പിക്കേണ്ടതു്. മാത്രവുമല്ല, വിശ്വാസമാകുന്ന പാറമേൽ സ്ഥാപിതമായതും പാതാളവാതലുകളാൽ ബലം ചെയ്യപ്പെടാത്തതുമായ വിശുദ്ധസഭ എന്നു് മാർ യാക്കോബ് ശ്ലീഹായുടെ തക്സായിൽ എഴുതപ്പെട്ടിട്ടുമുണ്ടു്. മ്ശിഹായുടെ സ്വഭാവത്തെപ്പററി ഗ്രന്ഥകർത്താവു് പ്രതിവാദിക്കുമ്പോൾ ഏകസ്വഭാവമെന്നും രണ്ടുസ്വഭാവമെന്നും ഉള്ള പദാവലികൾ ഉപയോഗിക്കുന്നവർ തമ്മിൽ സാരമായ യാതൊരു ഭേദവുമില്ലെന്നും ലെയോൻപാപ്പാ അതുക്ഷമയോടെ ഗ്രഹിച്ചിരുന്നെങ്കിൽ കൽക്കദോന്യപിളർപ്പുകൂടാതെ കഴിയുമായിരുന്നുഎന്നും പ്രസ്താവിച്ചിരിക്കുന്നു. പാപ്പായുടെ പരമാധികാരത്തെയും അപ്രമാദിത്വത്തെയും കുറിച്ചുള്ള വിഭാഗം ശ്രദ്ധേയമത്രെ. വിശ്വാസസംബന്ധകാര്യങ്ങളെപ്പററി പാപ്പാ എക്സ്കത്തീഡ്രാ ആയി—അതായതു് സിംഹാസനസ്ഥനായിട്ടു—പ്രസ്താവിക്കുമ്പോൾ തെററുകയില്ല എന്ന നവീനപ്രമാണത്തെ അച്ചൻ യുക്തിപൂർവ്വം ഖണ്ഡിക്കുകയും 1870-ൽ നടത്തപ്പെട്ട വത്തിക്കാൻ സിനഡ്എന്ന അപൂർണ്ണസുന്നഹദോസിലെ പാപ്പാനുകൂലികളുടെ അഭിപ്രായപ്രകാരമുള്ള അപ്രമാദിത്വം റോമ്മാസഭയിൽ നടപ്പായിരിക്കയാൽ പൂർവ്വികസമ്പ്രദായപ്രകാരമുള്ള സുന്നഹദോസുകളുടെ ആവശ്യം അവിടെഇനിഇല്ലാതെ വന്നിരിക്കുന്നു എന്നും, വേദപുസ്തകത്തിനോ ആദിമസഭാബോധ്യത്തിനോ ചേരാത്ത അപ്രമാദിത്വം മററുദോഷാദുഷിപ്പുകളും ആയിരുന്നു വലിയനവീകരണത്തിന്റെ സാക്ഷാൽ കാരണമെന്നും സ്ഥാപിക്കയും ചെയ്തിട്ടുണ്ടു്. "To the Eastern churchman", worte Bishop Frere, "The Pope is the first of protestants, the chief representative of the error of setting up individual and sectional judgments against the judgments of the church as a whole". ഈ ഭാഗത്തു് പ്രതിവാദിച്ചിട്ടുള്ള വിശ്വാസസംഗതികളേയും, പ്രതിവാദിക്കാതെ വിട്ടിട്ടുള്ള പരിശുദ്ധ റൂഹായുടെ പുറപ്പാടു്, അമലോത്ഭവം, ബെസ്പുക്കാനാ മുതലായവയെയും കുറിച്ചു് കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ ഡാക്ടർ സി. ററി. ഈപ്പനാൽ എഴുതപ്പെട്ടിട്ടുള്ള "നാം റോമ്മാസഭക്കാരാകണമോ", "പാപ്പായുടെ പരമാധികാരം" എന്ന പുസ്തകങ്ങൾ രണ്ടും വായിക്കുന്നതു് നന്നായിരിക്കും. റോമ്മാസഭയും കിഴക്കൻസഭയും തമ്മിൽ പതിനൊന്നാം നൂററാണ്ടിൽ പിരിഞ്ഞപ്പോൾ ലോകമെങ്ങുമുള്ള കാതോലിക്കാസഭ എന്നുപറയപ്പെടുന്ന റോമ്മാസഭ യൂറോപ്പിൽ ഇററലിമുതൽ പടിഞ്ഞാറോട്ടും വടക്കോട്ടും മാത്രമെ സ്ഥിതിചെയ്തിരുന്നുള്ളുഎന്നും, പിന്നീടു് വിശുദ്ധനാടുകളും മററും മഹമ്മദീയരിൽനിന്നു് വീണ്ടെടുക്കുവാനെന്ന ഭാവേന പാപ്പാമാർ പ്രേരണനടത്തി കുരിശുയുദ്ധം കത്തിക്കപ്പാക്കിഎന്നും, അപ്പോൾ പടിഞ്ഞാറുനിന്നുവന്ന പട്ടാളക്കാർ ആ അവസരം ലാക്കാക്കി കിഴക്കരുടെ അനേകസ്ഥാപനങ്ങൾ പാപ്പായ്ക്കധീനമാക്കി എന്നും, പലസത്യവിശ്വാസികളെ പാപ്പായ്ക്കു വഴക്കിഎന്നും, അതുപോലെ ഇന്നും ക്രൈസ്തവധർമ്മത്തിനു് യോജ്യമല്ലാത്ത വിവിധമാർഗ്ഗങ്ങളിലൂടെ അനേകരെ വഴക്കിക്കൊണ്ടിരിക്കുന്നുഎന്നും അങ്ങനെയാണു് പാപ്പാധിപത്യംകിഴക്കൻ ദേശങ്ങളിലേക്കു് വ്യാപിച്ചതെന്നും കൂടെ ഗ്രന്ഥകർത്താവു് ഈ ഭാഗത്തു് സുവിദമാക്കിയിട്ടുള്ളതു പ്രത്യേകം ശ്രദ്ധാർഹമത്രെ.

മൂന്നാം ഭാഗത്തിന്റെ തലക്കെട്ടു് പൂർവ്വികസുറിയാനിസഭ എന്നാണു്. സുറിയാനി സഭയുടെ സത്യാവസ്ഥ ഉള്ളതുപോലെ ചിത്രീകരിച്ചിരിക്കുന്നു എന്നത്രെ അച്ചൻതന്നെ ആ അധ്യായത്തിൽ സാക്ഷിച്ചിരിക്കുന്നതു്. എന്നാൽ ആ ചിത്രീകരണം നിരാശാസമ്പൂർണ്ണമല്ലയോ എന്നു് പ്രഥമദൃഷ്ടിയിൽ തോന്നിപ്പോയേക്കാം. നമ്മുടെ പൂർവ്വികന്മാർ പരങ്കികളോടു്

എതിർത്തു് കൂനൻകുരിശു് പ്രതിജ്ഞനടത്തിയതു് നമ്മുടെ വിശ്വാസം അവരിൽ ദൃഢീകൃതമായിരുന്നതുകൊണ്ടോ ക്രിസ്തീയസ്വാതന്ത്ര്യത്തെക്കുറിച്ചു് അവർക്കുണ്ടായിരുന്ന ഉന്നതമായ ബോധ്യംകൊണ്ടോ അല്ലായിരുന്നുഎന്നും പാരമ്പര്യബോധ്യത്തിന്റെയും ജാതീയസ്വാതന്ത്ര്യത്തിന്റെയും ദുരഭിമാനത്തള്ളൽ കൊണ്ടായിരുന്നുഎന്നുമുള്ള പ്രസ്താവന വെറും ഊഹമാണോ ചരിത്രസത്യമാണോ എന്നുവ്യക്തമല്ല. ആ പ്രസ്താവനയ്ക്കു് ശേഷമത്രെ നമ്മെ നാം ആയിരിക്കുന്നപ്രകാരം ബ. അച്ചൻ നമുക്കു് പ്രദർശിപ്പിച്ചുതന്നിരിക്കുന്നതു്. നമ്മുടെ സഭ ഒരിക്കലും ഒരു മിഷ്യനറിസഭ ആയിരുന്നിട്ടില്ല; ഒരു സുവിശേഷകനും ഇവിടെ എഴുന്നേററിട്ടില്ല; വേദശാസ്ത്രശാലകളോ പുസ്തകസഞ്ചയങ്ങളോ നമുക്കുണ്ടായിരുന്നതായി കേട്ടുകേൾവിപോലും ഇല്ല; പൌർവ്വികസഭകളിലെപോലെ രക്തസാക്ഷികളോ മൌദ്യാനന്മാരോ ഈ സഭയിൽ ഉണ്ടായിട്ടില്ല; ദൈവഭക്തി പ്രബലപ്പെടുന്നതിനുള്ള ദയറായസമൂഹങ്ങൾ ഇവിടെ ഒരിക്കലും സ്ഥാപിക്കപ്പെട്ടിട്ടില്ല; സ്വയത്രാണത്തിനു് ആവശ്യമുള്ള യാതൊരു ഏർപ്പാടും നമുക്കില്ല, അധികാരസ്ഥാനങ്ങളോടുള്ള അനുസരണവും ബഹുമാനവും നമുക്കു് നാസ്തിയാണു്; സഭാഭരണം ഒരു ദൈവശുശ്രൂഷയായി നടത്തിക്കൊണ്ടു് പോകണമെന്നുള്ള അപ്പോസ്തോലികമനസ്ഥിതി പട്ടക്കാരിലും മേല്പട്ടക്കാരിലും ക്ഷയിച്ചുവരുന്നു. ഭരണീയരായ വിശ്വാസികൾ തങ്ങളുടെ ഇഷ്ടത്തിനും ലാഭത്തിനും ഉതകത്തക്കവണ്ണം പള്ളിക്കാര്യങ്ങൾ നടത്തണമെന്നു് ആഗ്രഹിക്കുകയും അതിനെതിരായി നേതാക്കന്മാർ വിധിച്ചാൽ ചിലപ്പോൾ എതിർക്കുകയും മററു ചിലപ്പോൾ അന്യസഭകളിലേക്കു് പോവുകയും ചെയ്യുന്നു; മൂന്നോ നാലോ വീട്ടുകാർ ഒരുപള്ളിപണിയിച്ചാൽ അതിന്റെ കൈകാര്യകർത്തൃത്വം എന്നേക്കും തങ്ങളുടെ കുടുംബങ്ങൾക്കിരിക്കണമെന്നുദ്ദേശിച്ചു് വഴക്കുകൾ ഉണ്ടാക്കുന്നു; ഭരണക്കാരും ഭരണീയരുംതമ്മിൽ സഹകരണവും സൌഹാർദ്ദവും ഇല്ല; സഭയും അതിന്റെ ക്രമീകരണങ്ങളുംഅയഞ്ഞുകുത്തഴിഞ്ഞുകൊണ്ടിരിക്കുന്നു; സഭഅധഃപതിക്കുന്നു, അതിലെ മേല്പട്ടക്കാരെയും പട്ടക്കാരെയും പരിപോഷിപ്പിക്കുന്നതിനോ അതിന്റെ നിലനില്പിനും പുരോഗമനത്തിനും ആവശ്യമായ സ്ഥാപനങ്ങൾ ഉണ്ടാക്കി നിലനിർത്തിക്കൊണ്ടു് പോകുന്നതിനോ അതിനു് പ്രാപ്തിയില്ല. എല്ലാവരും അവരവരുടെ സ്വന്തകാര്യം മാത്രം നോക്കുന്നു, കർത്താവിന്റെയും തന്റെ സഭയുടെയും കാര്യംനോക്കാൻ ആരും ഇല്ലെന്നുവന്നിരിക്കുന്നു, നോമ്പു—നമസ്ക്കാരങ്ങളിൽ വൈദികരും ജനങ്ങളും അലസരായിവർത്തിക്കുന്നു. ക്രിസ്തുവിശ്വാസത്തിനും കൃപാമാർഗ്ഗങ്ങൾക്കും ആളാംപ്രതിയുള്ള ജീവിതത്തിൽ ഗൌരവമായ സ്ഥാനം ഇല്ലെന്നുവന്നിരിക്കുന്നു; കൂദാശകളുടെ അനുഷ്ഠാനം നാമമാത്രമായിരിക്കുന്നു, സ്നേഹം, അനുകമ്പ, ശുശ്രൂഷ, സമചിത്തത ഇങ്ങനെയുള്ള ക്രിസ്തീയസുകൃതങ്ങൾ വിശ്വാസികളുടെ പ്രകൃതിയിൽ രൂപംകൊള്ളുന്നില്ല; നമ്മുടെ വിശ്വാസവും കൃപാമാർഗ്ഗങ്ങളും ജീവിതത്തിന്റെ അനുഭവത്തിൽ പ്രായോഗികമായി കാണപ്പെടുന്നില്ല; സംഘടന ഉടഞ്ഞുതകർന്നു് തന്നത്താൻ ജീവിപ്പാൻ ശക്തിയില്ലാത്ത ഒരവസ്ഥയിലേക്കു് നാം ചാഞ്ഞുകൊണ്ടിരിക്കുന്നു: ചുമതലബോധവും പ്രാപ്തിയുംഉള്ള നേതൃത്വം നമുക്കില്ല; നമ്മെപോലെ അധഃപതിച്ചിട്ടുള്ള മിക്കസഭകളും ഭൂമുഖത്തുനിന്നു് അന്തർദ്ധാനപ്പെടുകയത്രെ ചെയ്തിട്ടുള്ളതു്; നിർജ്ജീവാവസ്ഥയിലേക്കു് നാമും ചാഞ്ഞുകൊണ്ടിരിക്കുന്നു.ഏവംവിധമത്രെ സുറിയാനിസഭയുടെ അകവും പുറവും ആപാദചൂഡം കണ്ടിട്ടുള്ള വല്യച്ചൻ അതിനെ ചിത്രീകരിച്ചിരിക്കുന്നതു്. എത്രയോ ദയനീയമായ അവസ്ഥ! എന്നാൽ എത്രയോ വാസ്തവം. ഇങ്ങനെ വർണ്ണിച്ചശേഷം നമമുടെ സഭയ്ക്കു് ഉയർച്ചഉണ്ടാകണമെങ്കിൽ ഇവയെല്ലാം പരിഹാരമുണ്ടാകണമെന്നും അതു് അസാദ്ധ്യമെന്നു് നമ്മുടെ ബുദ്ധിക്കുതോന്നിയേക്കാമെങ്കിലും മനുഷ്യർക്കു് അസാദ്ധ്യമായിട്ടുള്ളതു് ദൈവത്തിനുസാദ്ധ്യമെന്നുള്ള നമ്മുടെ രക്ഷകന്റെ അരുളപ്പാടു് നാം വിശ്വസിക്കണമെന്നും ഉള്ള പ്രബോധനത്തോടെ പുസ്തകം സമാപിക്കുന്നു.

റോമ്മാസഭയും റീത്തുകളും എന്നപുസ്തകത്തിൽ ടി അദ്ധ്യായത്തിനുള്ള സ്ഥാനമെന്തെന്നും അതു് അച്ചന്റെ റീത്യസ്നേഹിതരോടുള്ള മറുപടി ആകുന്നതെങ്ങനെ എന്നും മനസ്സിലാകുന്നില്ല. സുറിയാനിസഭയെ ഉററുസ്നേഹിച്ചു് അതിൽ ഉറച്ചുനിൽക്കുന്നവർക്കല്ലാതെ സഭാകാര്യങ്ങളിൽ അലസന്മാരായി ജീവിക്കുന്ന സാധാരണന്മാർക്കു് മാതൃസഭയെ ഈവിധം ചിത്രീകരിച്ചുകൊടുത്താൽ ഫലം ഉദ്ദേശത്തിനു് വിപരീതമായി വന്നേക്കാവുന്നതല്ലേ എന്നും ശങ്കിക്കേണ്ടിയിരിക്കുന്നു. ഈ അദ്ധ്യായം വന്ദ്യ മേല്പട്ടക്കാരുടെയും മററുസമുദായപ്രമാണികളുടെയും അറിവിനായിമാത്രം പ്രത്യേകം എഴുതപ്പെട്ടാൽ ധാരാളം മതിയാകുമായിരുന്നു എന്നത്രെ ഈ നിരൂപണാഭിപ്രായം.

ഈ സന്ദർഭത്തിൽ റീത്യർഎന്ന നവീനകത്തോലിക്കരെപററി രണ്ടുവാക്കുപറയാതിരിപ്പാൻ നിവൃത്തിയില്ല. റീത്തിനെപററി സുറിയാനിക്കാർക്കു് യാതൊരു ബഹുമാനവും തോന്നു

വാൻ ഇടയില്ല. 1106 കന്നിയിൽ അതുപിറന്നു. എട്ടുവർഷംമാത്രം പഴക്കമുള്ള ആ സംഘത്തിൻെറ ഉത്ഭവം അറിഞ്ഞുകൂടാത്ത സുറിയാനിക്കാർ ചുരുക്കമായിരിക്കും. റീത്തു് ആ പാദചൂഡംവഞ്ചന നിറഞ്ഞതാണു് എന്നു് മാർ സേവേറിയോസു് തന്നെയും അതിനു് വഴങ്ങുന്നതിനു് ഏതാനും ആഴ്ചമുമ്പുവരെ ഉച്ചൈസ്തരം ഉൽഘോഷിച്ചുവന്നതാണു്. ദിവ്യശ്രീ കെ. റ്റി. സ്കറിയാ ശെമ്മാശൻ അവർകളെക്കൊണ്ടു് അദ്ദേഹം എത്രയോസ്ഥലങ്ങളിൽ വച്ചാണു് എതിരുപ്രസംഗങ്ങൾ നടത്തിച്ചിട്ടുള്ളതു്! ഏതൊരു സ്ഥലത്തുവച്ചു് അദ്ദേഹത്തിൻെറ അധ്യക്ഷതയിൽ ശെമ്മാശൻചെയ്ത ഒരു പ്രസംഗത്തിനിടയ്ക്കു് ഇതെന്താ ഇത്രയെളുപ്പത്തിപറയുന്നതു്: വിട്ടുകാച്ചിക്കോട്ടു്, എന്നു് തിരുവാമൊഴിഞ്ഞതു് പലക്കും അറിവുള്ളകാര്യമാണു്. എന്നാൽ അദ്ദേഹത്തിൻെറ അഭിപ്രായഗതി പെട്ടെന്നുമാറി! തിരുവല്ലാ രൂപതയുടെ മെത്രാൻ ശിരസ്സാസുഖനായി ദീർഘനാളായിട്ടും സുഖം പ്രാപിക്കുന്നില്ല. അദ്ദേഹത്തിനു് വസിക്കുന്നതിനു് ഒരു വലിയ പുരയിടത്തിൽ ഒരു വലിയ അരമനയും ബാങ്കിൽ ഒരു സാമാന്യം നല്ലതുകയും ഉണ്ടു്. വഴങ്ങിയാൽ രൂപതയും സ്വത്തുക്കളും സ്വന്തമാകുമല്ലോ എന്നു കരുതി വഴങ്ങി. പക്ഷെ രൂപതമെത്രാൻ എന്ന സ്ഥാനി ജീവിച്ചിരിക്കെ ആ സ്ഥാനം കിട്ടുകയില്ലെന്നു പിന്നാലെ ബോധ്യമായി. മെത്രാനുവേണ്ടി ഒരു പട്ടക്കാരനാണു് അഡ്മിനിസ്ട്രേറ്ററായി ഭരണം നടത്തിക്കൊണ്ടിരുന്നതു്. അറേഴുമാസത്തെ ശ്രമഫലമായി നമ്മുടെ മെത്രാപ്പോലീത്തായ്ക്കു് ആ സ്ഥാനം ലഭ്യമായി. പേഷ്ക്കാരെ പിടിച്ചു് പാർവത്യകാരനാക്കുന്നതുപോലെ മെത്രാപ്പോലീത്തായെ മെത്രാൻെറ അഡ്മിനിസ്ട്രേറ്റർ ആക്കി. എന്നാലെന്തു്, തിരുവല്ലാ രൂപതയുടെ ധനം കൈകാര്യം ചെയ്യാമല്ലോ: വഴങ്ങിപ്പോകയും ചെയ്തു. അതുകൊണ്ടു് ആ സ്ഥാനം സസന്തോഷംതന്നെ സ്വീകരിച്ചു. ഇങ്ങനെയുള്ള മതം മാററത്തെ ആർ ആദരിക്കും? റോമൻ കത്തോലിക്കർക്കു് തന്നെയും റീത്യരെപററി മൊത്തത്തിൽ പുഛമല്ലയോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു: മാർ സേവേറിയോസിൻെറ രണ്ടെ പ്രവേശാവരോധനശുശ്രൂഷയിൽ ഒരു റോമ്മാമെത്രാൻ പോലുംസംബന്ധിക്കുകയുണ്ടായില്ല. പേഷ്ക്കാരെ പാർവ്വത്യകാരനാക്കുന്ന മഹാപാതകത്തിൽ സംബന്ധികളാകണ്ടഎന്നു് അവർ നിശ്ചയിച്ചതായിരിക്കുമോ എന്തോ. അടുത്തുള്ളഒരു ബിഷോപ്പു് ഒരു കത്തനാരെ പ്രതിനിധിയായി അയച്ചതു്. റീത്യരെബഹുമാനിക്കുന്നതിനോ അപമാനിക്കുന്നതിനോ എന്നു് വായനക്കാർ വിധിച്ചുകൊൾക. മാർ ഈവാനിയോസിൻെറഅപ്പൻ മരിച്ചപ്പോൾ അദ്ദേഹം എല്ലാ ബിഷോപ്പന്മാർക്കും കമ്പികൊട്ടിയുംവച്ചു് അവരുടെ ആഗമനം പ്രതീക്ഷിച്ചു് സന്ധ്യവരെ ശവവുംവച്ചു് കാത്തിരുന്നാറെ ഒരുവനെങ്കിലും ചെന്നുചേരാതിരുന്നതു് അവരുടെ പുഛത്തിനു് വേറൊരു ദൃഷ്ടാന്തമാണു്. ഏകദേശം ഒരു വർഷത്തിനുമുമ്പു് ഈ ലേഖകൻെറ ഒരു മാന്യബന്ധു തനതാവശ്യം പ്രമാണിച്ചു് ഒരു റോമ്മാമെത്രാനെ കണ്ടപ്പോൾ സന്ദർഭവശാൽആ മെത്രാനച്ചൻ അദ്ദേഹത്തോടു്—നിങ്ങളുടെ ഈവാനിയോസും സേവേറിയോസും മററും ഞങ്ങളുടെ കൂട്ടത്തിൽ ചേർന്നതു് എങ്ങിനെയാണെന്നു് ഞങ്ങൾക്കെല്ലാവർക്കും നല്ലതുപോലെ അറിയാം, വിശ്വാസത്തിൻെറ തള്ളലും മററുംകൊണ്ടല്ല. ഞങ്ങളുടെ പണംപിടുങ്ങാൻ മാത്രമാണു്. യാക്കോബായസഭയിൽ രക്ഷയില്ലെന്നു് എനിക്കഭിപ്രായവുമില്ല—എന്നു് കല്പിക്കയുണ്ടായി. മലയാളത്തു് ഒരു സുറിയാനിറീത്തുള്ളപ്പോൾ അതിൽവഴങ്ങാതെ ആ അതിർത്തിയിൽവേറൊരു സുറിയാനിറീത്തുകൂടെവാങ്ങിയതു് അവർക്കു് ഒട്ടുംരുചിച്ചുകാണാനിടയില്ല. റോമൻകത്തോലിക്കാസഭയിലെ റീത്തുകളെപററി സാരാംശത്തിൽ ഒന്നെന്നു പറയാമെങ്കിലും ഗവമ്മെൻറുസംബന്ധമായകാര്യങ്ങളിലൊക്കെയുംതിരുവിതാംകൂറിൽ ദ്വിശബ്ദമാണുഇപ്പോൾ കേൾക്കാറുള്ളതു്. ലത്തീൻകത്തോലിക്കരുടെയുംസിറിയൻകത്തോലിക്കരുടെയും ഇനംതിരിച്ച ഉദ്യോഗപ്പട്ടികകൾ മേശമേൽ വയ്ക്കുവാൻ ദയവുണ്ടാകുമോഎന്നചോദ്യം മിക്കനിയമസഭായോഗങ്ങളിലുംകേൾക്കാറുണ്ടു്. അവർക്കു ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം വന്നിട്ടില്ലാത്തതിനാലാണു ആ ചോദ്യം ആവർത്തിക്കപ്പെടുന്നതു. ഇക്കഴിഞ്ഞ യോഗത്തിലും ഏവംവിധമുള്ള പ്രസ്താവനയുണ്ടായപ്പോൾ സെൻട്രൽജെയിലിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാരുടെ ജാതിതിരിച്ചുള്ള പട്ടിക ഒരു സമർത്ഥനായ മെമ്പർ ചോദിക്കയുണ്ടായി. ആകെ 755 തടവുകാരുള്ളതിൽ 91 പേർ സിറിയൻ കത്തോലിക്കരും 9 പേർ ലത്തീൻ കത്തോലിക്കരുമാണെന്നു് ആ പട്ടികയിൽകാണുന്നു. ഇവിടെ ആവലാധിക്കവകാശമില്ല: പ്രാതിനിധ്യം തൃപ്തികരമാണു് എന്നു് ടി പല്ലവിപാടുന്ന മെമ്പറെ ബോധ്യപ്പെടുത്തി ലജ്ജിപ്പിക്കാനാണോ ആ മെമ്പർ അങ്ങനെ ചോദിച്ചതെന്നു് അറിഞ്ഞുകൂടാ. ആഭാഗം പോകട്ടെ. റീത്യകത്തോലിക്കർ ഒരുപുതിയ വകുപ്പാണല്ലോ. അവരെ വെറും മൂന്നാംക്ലാസ്സു് കത്തോലിക്കരായിട്ടെ പൂർവ്വീക കത്തോലിക്കർ ഗണിക്കയുള്ളു. അവർ ഒരു ചെറിയ നൂതനസമുദായമാണു്. അവർക്കുവേണ്ടി വാദിക്കുവാൻ അടുത്തകാലത്തെങ്ങും ആരും ഉണ്ടാകാനിടയില്ല. ഒരു നൂറുവീട്ടുള്ള ഇടവക

അവക്കു് ഒന്നുപോലുമില്ല. ഒരു ആയിരം രൂപയ്ക്കുമേൽ സ്ത്രീധനം കൊടുക്കത്തക്ക ശക്തിയുള്ളവർ ആ വകുപ്പിൽ അരഡസൻ തികച്ചുകാണുമോ എന്നു് സംശയമാണു്. അതിൽ ചേന്ന വൈദികരിൽ വാശിയുള്ള രണ്ടുമൂന്നുപേരുണ്ടു്. അവക്കും മേല്പട്ടക്കാക്കും ശേഷം വൈദികരെ വഹിപ്പാൻ പാടില്ലാതായിത്തുടങ്ങിയിരിക്കുന്നു. ഇന്നാരിന്നാരെയൊക്കെ നല്ലേകാശിനു കൊള്ളുകയില്ല: കൂടെ ആരുമില്ല. ആരെയും വഴക്കാൻ ശ്രമിക്കുന്നുമില്ല. മാസംതോറും വന്നു് നാണമെന്ന്യ ശമ്പളത്തിനു് കൈനീട്ടം—എന്നിങ്ങനെയുള്ള അപശബ്ദങ്ങൾ കേട്ടുതുടങ്ങിയിരിക്കുന്നു. റീത്യരുടെ സ്ഥിതിതന്നെ ആരാന്റെയും വീട്ടിലെ ചോറിനെ ലാക്കാക്കി വളത്തപ്പെടുന്ന നായ്ക്കുട്ടത്തേതിനു് സദൃശമത്രെ. യൂറോപ്പിൽ നിന്നുവരുന്ന കുർബ്ബാനപണം മാത്രമാണു് അവരുടെ ശരണം. ഇങ്ങനെയുള്ള ഒരു വകുപ്പിൽ ചേരുന്നതു് എത്രയും സൂക്ഷിച്ചുവേണം. മാർ ഈവാനിയോസു് ഫാദർ പി. റ്റി ഗീവറുഗീസായിരുന്നപ്പോഴാണു് റോമ്മാ സഭയിൽ ചേന്നതെങ്കിൽ ആദരണീയമായിരുന്നു. എന്നാൽ മലങ്കരസുറിയാനിസഭയെ ഉദ്ധരിക്കുവാൻ എന്നഭാവേന ഗിരിദീപം എന്നുപറഞ്ഞു് ബഥനി ആശ്രമം സ്ഥാപിച്ചു് ആ ശ്രമത്തിൽ മേല്പട്ടക്കാർ ആവശ്യമില്ലാതിരിക്കെ അദ്ദേഹത്തെ ഹൃദയപൂർവ്വം സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്ന മേല്പട്ടക്കാർമൂലം എപ്പിസ്കോപ്പാസ്ഥാനം കരസ്ഥമാക്കി പിന്നീടു് മെത്രാപ്പോലീത്താ ആയിരുന്ന, ആ ആവശ്യമായ ആ സ്ഥാനത്തേക്കു ഒരു എപ്പിസ്കോപ്പായെക്കൂടെ കല്ലശർസൂസാകൊടുത്തു് വാഴിപ്പിച്ചു് മലങ്കരസഭയിലെ അംഗമായിനിന്നു് മലങ്കരസഭയ്ക്കുവേണ്ടി മലങ്കര സഭാംഗങ്ങളുടെയും ഗുണകാംക്ഷികളുടെയും സംഭാവനകൾമൂലം സമ്പാദിച്ച സകലവുംകൊണ്ടു് സഭാഭ്രംശം ചെയ്തതു് അദ്ദേഹത്തിന്റെ ആദ്യംമുതലുള്ള സേവനത്തെ കളങ്കമാക്കി. (ചിലതു് പിന്നാലെ നിവൃത്തിയില്ലാഞ്ഞു് തിരിച്ചുകൊടുത്തു എന്നതു് വിസ്മരിക്കുന്നില്ല) അദ്ദേഹം മാറിയതു് ഭരണംവേണ്ടെന്നു വച്ചായിരുന്നെങ്കിൽ ആദരണീയമായിരുന്നു. എന്നാൽ കാവിയും കഴുത്തയും ചെറപ്പും മൺചട്ടിയുമായി നടന്ന ആ മഹർഷി വത്തിക്കാൻപാപ്പായെ മയക്കി ഒരു സുറിയാനിറീത്തിനുള്ളിൽ വേറൊരു സുറിയാനിറീത്തും ഒരു സുറിയാനിഹയറാക്കിക്കുള്ളിൽ വേറൊരു സുറിയാനി ഹയറാക്കിയും അനുവദിപ്പിച്ചു് അതിന്റെ അധിപമേധാവി ആയിത്തീരുകയത്രെ ചെയ്തതു്. അദ്ദേഹത്തിന്റെ വേർപാടുമൂലം ഭവിച്ചിരിക്കുന്ന ഏറ്റവും വലിയവിപത്തു് പരമാത്ഥികളും അവിശ്വസിക്കപ്പെടുന്നു എന്നതത്രെ. മാർ സേവേറിയോസു് ഫാദർ വി. ഒ. ജോസപ്പായിരുന്നപ്പോഴാണു് സഭാഭ്രംശം ചെയ്തതെങ്കിൽ ആദരണീയമായിരുന്നു. എന്നാൽ മാർ ഈവാനിയോസിന്റേതുപോലെയുള്ള അവിശ്വസ്തതയേക്കാൾ ഒരു വിശ്വസ്തൻ ഇരിക്കട്ടെ എന്നു കരുതി—സ്വദേശിയും അനന്തിരവനുമായ ഒരുവനായാൽ ഒട്ടും സംശയിക്കേണ്ട എന്നുറപ്പോടെ—അന്നത്തെ മലങ്കര മെത്രാപ്പോലീത്തായുടെ പ്രത്യേക താല്പര്യപ്രകാരം മേല്പട്ടസ്ഥാനത്തേക്കു് വാഴിക്കപ്പെട്ടശേഷം അദ്ദേഹത്തിനു് കബറിലും സ്വസ്ഥതകൊടുക്കാതെ കാലുമാറിയതു് അഹോ എത്രഭയങ്കരം! എന്നല്ലാതെ എന്താണു് പറയുക. റീത്തിൽ ചേരുന്നപട്ടക്കാർ മിക്കവരും എന്തുകൊണ്ടു് അപ്രകാരം ചെയ്യുന്നു എന്നു് ചിന്തിക്കുമ്പോൾ അവരോടു് സഹതപിക്കേണ്ടതത്രെ. അധികവും ദാരിദ്ര്യം നിമിത്തമത്രെ. ചിലപ്പോൾ ദ്രവ്യാഗ്രഹവും കണ്ടേക്കാം. അടുത്തകാലത്തു് റീത്തിൽ ചേന്ന ഒരു പട്ടക്കാരനെ അതിനു രണ്ടാഴ്ചമുമ്പു് ഈ ലേഖകൻ കാണുവാൻ ഇടയായി. അദ്ദേഹം മാതൃസഭ വിട്ടുവാൻ പോകുന്നു എന്നു് കേൾവി ഉണ്ടായിരുന്നതിനാൽ അതേപറ്റി അദ്ദേഹത്തോടു് ചോദിച്ചപ്പോൾ വെറും കുർബ്ബാനപ്പണത്തിനായിമാത്രം ഞാൻ ചേരുകയും മറ്റും ഇല്ല എന്ന മറുപടിയാണു് കിട്ടിയതു്. പോയശേഷം ഞാൻ വഴങ്ങിയതു് എനിക്കു് കുറെ ചക്രത്തിനു് അത്യാവശ്യമുണ്ടായിരുന്നതുകൊണ്ടാണെന്നുള്ള പരമാത്ഥം അദ്ദേഹം പലരോടും പറഞ്ഞിട്ടുള്ളതായിട്ടാണു് അറിവു്. എന്നാൽ സുറിയാനിസഭയിൽ അഭിഷേകം ചെയ്യപ്പെട്ടിട്ടുള്ള ഒരു പട്ടക്കാരൻ—അവിടുന്നു ശപിക്കുന്ന സകലരെയും ഞാൻ ശപിക്കുകയും അവിടുന്നു് ഉപേക്ഷിക്കുന്ന സകലവും ഞാൻ ഉപേക്ഷിക്കുകയും ചെയ്യുന്നു എന്നും അവിടുന്നു് വിശ്വസിക്കുന്നസകലവും ഞാൻ വിശ്വസിക്കുകയും അവിടുന്നു് ഏറ്റുപറയുന്ന സകലവും ഞാൻ ഏറ്റുപറകയും ചെയ്യുന്നു എന്നും വിശുദ്ധ മദ്ബഹായുടെ വാതിൽക്കൽ ദൈവത്തിന്റെ മേല്പട്ടക്കാരന്റെ മുമ്പിൽ മുട്ടുകുത്തി പരിശുദ്ധ ത്രിത്വത്തിന്റെയും വിശുദ്ധന്മാരുടെയും വിശ്വാസികളായ വൈദികരുടെയും ജനക്കൂട്ടത്തിന്റെയും മുമ്പാകെവച്ചു് സത്യംചെയ്തിട്ടുള്ള ഒരുപട്ടക്കാരൻ—അനന്തരം നമ്മുടെ വാത്സല്യമകനേ, നിനക്കുവേണ്ടിയുള്ള ഈ മദ്ധ്യസ്ഥതമൂലം നമ്മുടെ ഹൃദയത്തിനു് ദുഃഖം ഉണ്ടാകുവാൻ നീ ഇടയാക്കരുതു് എന്ന ഹൃദയസ്പർശകമായ ഉപദേശം അഭിഷേകസമയത്തു് മേല്പട്ടക്കാരിൽനിന്നു് ശ്രവി

ച്ചിട്ടുള്ള ഒരു പട്ടക്കാരൻ—മേല്പറഞ്ഞ വിശ്വാസപ്രതിജ്ഞയെ ലംഘിച്ചു്, മേലുദ്ധരിച്ച ഗുണദോഷം അവഗണിച്ചു്, തലയിൽ കൈവച്ചു് തിരുമേനിയുടെ ചങ്കിൽ്വാൾകടത്തുന്നതു് കാണുമ്പോൾ മനുഷ്യസ്വഭാവം, കഷ്ടം! എത്രയോ അധഃപതിച്ചു പോകുന്നു എന്നും പിശാചുക്കളെ ചിരിപ്പിക്കുകയും മാലാഖമാരെ കരയിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തിയല്ലേ ഇതു് എന്നും തോന്നിപ്പോകുന്നു. "One more devil's triumph and sorrow for angels". എന്നാൽ വിശ്വസ്തനായ ഏതൊരു വൈദികനും ഇവിടുത്തെ ഇലക്കാറി അവിടുത്തെ തടിച്ച പോക്കിഷ്ട്ടുവിന്റെ ചംറിനേക്കാൾ മാത്രമല്ല കഷണത്തെക്കാളും എന്നും രുചികരമായിരിക്കും. ദിവ്യശ്രീ ഫാദർ പി. റ്റി. അബ്രഹാം അവർകൾ അങ്ങനെയുള്ള ഒരുവനെന്നു് റീത്തുകാർ സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ പുസ്തകത്തിനു് ചെപ്പാട്ട പീലിപ്പോസ്സ് റമ്പാൻ അവർകൾ എഴുതിയിട്ടുള്ള "നേർവഴികാട്ടി" * എന്നനാമമുള്ള നിരൂപണപുസ്തകത്തിന്റെ മുഖവുരയിൽ "ആകെപ്പാടെ നോക്കിയാൽ അബ്രഹാം കത്തനാരവർകൾ കത്തോലിക്കാസഭയോട്ടു് പുനരൈക്യപ്പെട്ടുകയെന്നുള്ളതു് ഒട്ടകം സൂചിക്കുഴയിൽക്കൂടെ കടക്കുന്നതുപോലെ പ്രയാസമാണ്" എന്നു് എഴുതിയിട്ടുണ്ടു്. അതുപോലെ വേറെയും വൈദികന്മാർ ധാരാളം കാണും, റീത്തർ തീക്ഷ്ണതയുള്ളവരെങ്കിൽ അവരുടെ കണ്ണുകൾ ഉയർത്തിനോക്കട്ടെ. വിശാലമായവയൽ ഈ തിരുവിതാംകൂറിൽ തന്നെ പരന്നുകിടക്കുന്നു. ഈ നാട്ടിലെ ജനസംഖ്യയിൽ 75ശതമാനവും സത്യദൈവത്തെ അറിഞ്ഞിട്ടില്ലാത്ത അക്രൈസ്തവരാണല്ലോ. അവർക്കു് സുവിശേഷവെളിച്ചം പ്രകാശിപ്പിച്ചു് അവരെ ഈ പാവനസഭയിലേക്കു് ചേർക്കരുതോ? മാർ തോമ്മാശ്ലീഹായുടെ സുറിയാനിസഭയ്ക്കു് ആത്മീയമായി എന്തുകുറവാണുള്ളതു്? പുരാതനത്വത്തിൽ റോമ്മാസഭയെക്കാൾ പുരാതനം. വിശ്വാസത്തിൽ കളങ്കമററതു്. ആചാരങ്ങളിൽ അതിശ്രേഷ്ഠം. ശുശ്രൂഷാക്രമങ്ങൾ സ്വർഗ്ഗീയം. ഭാഗ്യസമ്പൂർണ്ണമായ പർദൈസാതന്നെ. ഭരണസംബന്ധമായ ദൂഷ്യങ്ങൾ അതിനുണ്ടെങ്കിൽ അവനീങ്ങും: (റോമ്മാസഭയ്ക്കുതന്നെയും ഒരേസമയത്തു് മൂന്നുപാപ്പാമാർ വാഴക്കടിച്ചുഭരിച്ച വലിയശീശ്മയുടെ കാലവും ഉണ്ടായിരുന്നതല്ലേ? ആ സഭയിൽ വേദത്തിനു ചേർന്നതോ അപ്പോസ്തോലികമോ അല്ലാത്ത എത്രയോ മതതത്വങ്ങൾ ആണു് ഉള്ളതു്. പുരാതനവും അപ്പോ

* ഈ പുസ്തകം ആരും ആവശ്യപ്പെടാതെ നമ്മുടെ മിക്കപട്ടക്കാർക്കും ധർമ്മമായക്കൊടുക്കും. -നമ്മുടെ കർത്താവിന്റെ വിത്തുവിതച്ചവനെപ്പററിയുള്ള ഉപമയിൽ കളവിതക്കുവാൻ വന്നശത്രു എന്നവണ്ണം—അയച്ചുകൊടുത്തിട്ടുണ്ടെന്നു അറിയുന്നു. അതും ഒരു റീത്തീകരണ തന്ത്രമായിരിക്കണം. റീത്തുതന്ത്രമെന്നു പറയാതെ അതിൽ മയപ്പെട്ടവാക്ക് അതിനു ഉപയോഗിപ്പാനില്ല. ഇപ്രകാരമുള്ള എണ്ണമില്ലാത്തന്ത്രം കൊണ്ടാണ് അവർ ശീമയിൽനിന്നും പണം വരുത്തി നിത്യവൃത്തി കഴിഞ്ഞുപോരുന്നതു്. ശീമയിൽ അയച്ചുപ്രസിദ്ധംചെയ്ത കാളകെട്ടിന്റെ പടം, അവരുടെ "പുനരൈക്യ" പ്രസ്ഥാനത്തിന്റെ വാർഷികദിനത്തിനു് നാനാജാതിമതസ്ഥരേയും ക്ഷണിച്ചുവരുത്തി കാപ്പികൊടുത്തുകൊണ്ടു് അവരുടെ പടംഎടുത്തു് അവരെല്ലാംറീത്തുശ്രമഫലമായി റോമ്മാസഭയ്ക്കുണ്ടായിട്ടുള്ള നേട്ടമായികാണിച്ചു് വിദേശങ്ങളിൽപ്രസിദ്ധം ചെയ്യുക, പാമ്പാടിക്കു് ശക്തിമാന്മാരായ ഏജന്റന്മാരെഅയച്ചു് തിരുവല്ലാ എല്ലാംചേർന്നെന്നും തിരുവല്ലാവന്നു് പാമ്പാടിയും കാരാചലും എല്ലാം ചേർന്നെന്നും പറയിക്കുക മുതലായി കള്ളക്രിസ്തുക്കളെപ്പററി നമ്മുടെ കർത്താവു് കല്പിച്ചിട്ടുള്ള വചനം അന്വർത്ഥമാക്കി ചെയ്യുന്നപ്രവൃത്തികളുടെ ലിസ്റ്റുപോകട്ടെ. ഫാദർ പ്ലാസിഡിന്റെ "ഓർത്തോഡോക്സ്സഭയും പരമാധികാരവും" എന്നതലക്കെട്ടിൽ 'കർമ്മേലകുസുമ'ത്തിൽ പ്രകടിപ്പിച്ചതന്ത്രത്തിനു് മറുപടിഎഴുതുവാനായി 'റോമ്മാസഭയുടെ പരമാധികാരവാദം'എന്നതലക്കെട്ടിൽ മി. ജെ. എം. പുന്നത്ര പ്രസിദ്ധം ചെയ്ത ചോദ്യങ്ങൾക്ക് ഇന്നും സമാധാനം പറയാതിരിക്കെ ഫാദർ പ്ലാസിഡിന്റെ മേൽപറഞ്ഞവാദം അവിതർക്കിത തെളിവു എന്നഭാവേന കണക്കുപറയേണ്ടാത്ത വിദേശസംഭാവന കണ്ടമാനം ചെലവഴിച്ചു് അച്ചടിപ്പിച്ചു് വോട്ടിനു തലേരാത്രിയിലെ പ്രചരണാവലക്കുപയോഗിക്കുന്ന ലഘുലേഖകളെപ്പോലെ വിതരണം ചെയ്യാൻ ധൈര്യപ്പെട്ടെങ്കിൽ "കാത്തികപ്പള്ളിക്കുപോയ" ആളിന്റെ പുറകെ "അട്ടൂർനിന്നും പോയ" ഈ ആളിന്റെ ഈ സാഹസകൃതിയെപ്പററി എന്തുപറയാനാണ്. It is a case of "Fools rushing in where angles fear to tread" റോമൻ കത്തോലിക്കരുടെ പ്രസിദ്ധീകരണത്തിനു് സഹജസാധാരണമായുള്ള Imprimatur (അംഗീകാരവചനം) അതിനില്ലാത്തതുതന്നെ അതിന്റെ കഥയില്ലായ്മയ്ക്കു മതിയായ തെളിവാണല്ലോ.

സ്തോലികവുമായ ഉപദേശങ്ങളെ കീഴ്മേൽ മറിക്കുന്നതാണ് പ്രോട്ടസ്റ്റാൻറിസമെങ്കിൽ ക്രൈസ്തവസമുദായത്തിലെ പ്രഥമപ്രോട്ടസ്റ്റൻറുകാർ റോമ്മാക്കാരത്രെ.) പാവപ്പെട്ടസുറിയാനിസഭയെ എന്തിന് ഉപദ്രവിക്കുന്നു. ഇനിയും പലരെയും റീത്തീകരിക്കുവാൻ റീത്തായിപർ ശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. ഞങ്ങളുടെ കൂടെചേർന്നാൽ പ്രതിമാസം നാല്പതുരൂപാതരാം, എൺപതുരൂപാതരാം എന്നിങ്ങനെയുള്ള വാഗ്ദാനങ്ങൾ ചിലവൈദികർക്ക് കിട്ടുന്നതായി അറിയാം. ഇന്നാരു ഞങ്ങൾക്ക് വാക്കുതന്നിട്ടുണ്ട് എന്ന് പലപ്പോഴും വ്യാജമായി പറഞ്ഞുപരത്തി, അയാളെപറ്റി സ്വസമുദായത്തിൽ വിരക്തിജനിപ്പിച്ച്, തന്മൂലം അതിൽ നില്ക്കുന്നത് വിഷമമെന്ന് അയാൾക്കുതോന്നുവാൻ ഇടയാക്കി, ഒടുവിൽ അയാളെ വഴക്കുകഎന്നത് അവരുടെ ഒരു സമ്പ്രദായം അത്രെ. സ്തുതിചൊവ്വാകപ്പെട്ട സുറിയാനിസഭാംഗങ്ങളായ വൈദികരും അത്മായരുമേ, ചിന്തിപ്പീൻ. നമ്മെ ദൈവമക്കളായി ജനിപ്പിച്ച നമ്മുടെ മാതൃസഭയോട് നമുക്ക് ഒരുകടമയും ഇല്ലയോ? വിശ്വാസാചാരങ്ങളിൽ അതിനിർമ്മലമായ ആ സഭ നമ്മുടെ സ്വന്തം പിതാക്കന്മാരുടെയും മുൻഗാമികളായ പൂർവ്വികന്മാരുടെയും ഓരോരോവിധ ദുർവാശിമൂലവും മററും ഇപ്പോഴത്തെ നിർഭാഗ്യാവസ്ഥയിൽ പതിക്കുന്നതിനിടയായി. മാതാവിനെ കുഴിയിൽ തള്ളിയിട്ടുംവച്ച് മാർ ഈവാനിയോസ് കൈകൊട്ടി ചിരിച്ചുംകൊണ്ട് ഓടി. നാമും അദ്ദേഹത്തെ അനുഗമിക്കഎന്നോ? മാതാവ് കുഴിയിൽ കിടക്കട്ടെ എന്നോ? അരുതേ. നമുക്ക് മാതാവിനെ കരേററണം. കാതോലിക്കാ— പാത്രിയർക്കീസ് കക്ഷി ഐക്യപ്പെട്ട്, പിന്നീട് വിശ്വാസത്തിൽ കഴിയുന്നത്ര ഐക്യരൂപ്യത്തോടെ മർത്തോമ്മാ സമുദായത്തെ അംഗീകരിച്ച് അങ്ങനെ പരസ്പരസ്നേഹത്തിലും നിവൃത്തിയുള്ളപക്ഷം ഒരേഅദ്ധ്യക്ഷന്റെ കീഴിൽ ഐക്യത്തിലും ഇരിക്കുന്ന ചൈതന്യസമ്പൂർണ്ണവും ശക്തിയേറിയതും ആയ ഒരവസ്ഥയിലേക്ക് നമ്മുടെ മാതാവായ മലങ്കരസഭ ഉയരാതിരിക്കയില്ല. നമ്മുടെ ആദർശം അതായിരിക്കണം. ആദർശം ഇല്ലാത്തജാതി നശിക്കും; പരിപാലനം ഇല്ലാത്ത ജാതിനിലനില്ക്കുകയില്ല എന്ന് ജ്ഞാനിപറഞ്ഞിട്ടുണ്ട്. രണ്ടും നമുക്കില്ല. അതുനമ്മുടെ കുറവാണ്. മേല്പറഞ്ഞ ആദർശം സമുദായാംഗങ്ങൾക്ക് ഉണ്ടായിരിക്കണം. ഉടമസ്ഥരുള്ള സസ്യപക്ഷിമൃഗാദികൾക്കെന്നപോലെ ഭരണകർത്താക്കളുള്ള സമുദായാംഗങ്ങൾക്കും പരിപാലനം അത്യാവശ്യമത്രെ: ഇതുരണ്ടാധിപരമാത്രം സ്പർശിക്കുന്നഭാഗമാകയാൽ വിസ്തരിക്കുന്നില്ല. നമ്മുടെ കുറവുകൾ നാം പരിഹരിച്ച് നമ്മുടെ സമുദായത്തെ നാം ഉയർത്തണം. സഭദൈവത്തിന്റേതാണല്ലോ: ദൈവം സഹായിക്കും. റീത്ത് മൂന്നാംക്ലാസ്സ് റോമൻ കത്തോലിക്കാസഭയാണ്. അതിൽ ചേർന്നവർക്ക് അവരുടെ കാലത്ത് അതിനെ ഒരു നല്ലനിലയിൽ കാണുവാൻ സാധിക്കയില്ല, നിശ്ചയം. വഴങ്ങിയ ഓരോഅച്ചനും എന്റെകൂടെ ആരും പോരുകയില്ലല്ലോ എന്നും നില്ക്കുന്ന അത്മായക്ക് ആ നന്ദികെട്ടഅച്ചൻ നമ്മെ വിട്ടുപൊയ്ക്കളഞ്ഞല്ലോ എന്നും ഉള്ള മനോവികാരവും വിഷമവും ഉൾതള്ളലും വളരെയുണ്ട്. വഴങ്ങിയ അച്ചന്മാരിൽ പലരും പലവിധത്തിൽ വിഷമിക്കുന്നു. കൂടെആളുകൾഇല്ല, അല്ലെങ്കിൽ ദുർല്ലഭം. ചേരുന്നതിനുമുമ്പ് മുപ്പതെന്നു ധ്വനി, ചേരുമ്പോൾ കുടുംബസ്ഥനാകയാൽ ഇരുപത്തൊന്നെന്നുകേൾവി. ഒരുമാസം കഴിയുമ്പോൾ, വിവാഹിതന്റെ കുർബാനയ്ക്ക മാറുകുറവുണ്ടായിട്ടോ എന്തോ ഇരുപത്താറുമുക്കാൽ പതിനഞ്ചേമ്പതര എന്നു വാഗ്ദാനം. രണ്ടുമൂന്നുമാസം കഴിയുമ്പോൾ ഇരുപത്താറാ പതിമൂന്നേതരുവാൻ സാധിക്കൂ എന്ന ശമ്പളനിശ്ചയം. വല്ല പാരിതോഷികവും കൊടുത്താണു വഴക്കിയതെങ്കിൽ ആ തുക ഏതാനും മാസം കഴിയുമ്പോൾ ശമ്പളത്തിൽനിന്നു പല ഗഡുക്കളായി കുറേശ്ശ പിടിച്ചെടുക്കുകയുംചെയ്യും. ചില കലഹക്കാർക്ക് അവർ ഉണ്ടാക്കിയേക്കാവുന്ന കലഹത്തെ ഭയന്നും, ചില ബലവാന്മാർക്ക് അവരുടെ ബലംമൂലവും, ചില മൽപാന്മാർക്ക് അവരുടെ മൽപാനത്വസ്ഥാനത്തെ ആദരിച്ചും, ചിലവിരുതന്മാർക്ക് അവരുടെ വിരുതുകൊണ്ടും ഇരുപത്താറും കിട്ടുന്നുണ്ടത്രെ. എന്നാൽ സാധാരണ അച്ചന്മാരുടെ തലേൽവിധി എന്താണെന്നു വഴങ്ങിയശേഷം നിവർന്നവരോടുചോദിച്ചാൽ അറിയാം. ഇതിനിടയ്ക്ക തിരുവനന്തപുരം അതിരൂപതയിൽ കുറെ കുഴപ്പമൊക്കെയുണ്ട്, മൂപ്പീന്നുവേണ്ട തകരാറുകാരനാണ് എന്നു തിരുവല്ലാരൂപതക്കാർ പറയാറുണ്ട്. ആകയാൽ ഏതെങ്കിലും പ്രകാരം റീത്തിലേക്ക് ആകർഷിക്കപ്പെടുന്നവർ മാതൃസഭയോട് അവർക്കുള്ള ചുമതലകളെപ്പറ്റി ഓർത്തുനോക്കുകയും റീത്തിന്റെ ആത്മീകവും ലൗകീകവുമായ വശങ്ങൾ അന്വേഷിച്ച്, വായിച്ചു ചിന്തിച്ചു ഗ്രഹിക്കുകയുംചെയ്താൽ റീത്തുകാരാകട്ടെ. "സാത്താനെ, എന്റെ പുറകിൽ പോവുക" എന്നല്ലാതെ പറവാൻ അവർക്ക സാധിക്കുന്നതല്ല.

വലിയ മാർ ദീവന്നാസ്യോസ്.

(ചരിത്ര നിരീക്ഷകൻ)

മലങ്കര ഇടവകയിൽ പകലോമററം തറവാട്ടിൽ തുടർച്ചയായിഉണ്ടായ എട്ടൊമ്പതു മെത്രാന്മാരിൽവച്ച് പ്രസിദ്ധനും ശേഷിമാനും സഭയ്ക്കു ഏററം ഗുണംചെയ്തവനും അവരിൽ ആറാമത്തെ മാർത്തോമ്മാമെത്രാൻ എന്നുകൂടി വിളിക്കപ്പെടുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായായിരുന്നു. ഇദ്ദേഹത്തിന്റെ അസാധാരണ വൈഭവങ്ങളും സഭക്കുവേണ്ടിസഹിച്ച ബുദ്ധിമുട്ടുകളും നിമിത്തം മഹാൻഎന്ന പേർസമ്പാദിച്ചു.

മാർ തോമ്മാശ്ലീഹായാൽ കൈവയ്ക്കപ്പെട്ട കുടുംബങ്ങളിൽ ഒന്നായ പകലോമററം തറവാട്ടിൽ ഒരു ശാഖയിൽ ഇദ്ദേഹം ജനിച്ചു. ജ്ഞാനസ്നാനപ്പേർ യൗസേപ്പ്എന്നായിരുന്നു. പിതാവ് ഒരു നമ്പൂരിക്ക് കുറെപണം കൊടുക്കാനുണ്ടായിരുന്നതിനാൽ കടംപിരിക്കുവാൻ നമ്പൂരികൂടെക്കൂടെ ഇയാളുടെ ഭവനത്തുവന്ന് ഉപദ്രവിക്കയും പണം ഇല്ലാഞ്ഞിട്ട് ഓരോ അവധിപറഞ്ഞു് പിരിക്കയും പതിവായിരുന്നു. ഒരു ദിവസം നമ്പൂരികടം പിരിക്കുവാൻ വന്നിരുന്നസമയമാണ് കുട്ടിയുടെ ജനനം ഉണ്ടായതു്. നമ്പൂരി നല്ല ജോത്സ്യൻ ആയിരുന്നതിനാൽ കുട്ടിയുടെ ജനനനേരം കുറിച്ചുഗണിച്ചതിൽ ഈ ബാലൻ രാജാവായിത്തീരണമെന്ന് കണ്ടതിനാൽ കടത്തെക്കുറിച്ച് ഒന്നും മിണ്ടാതെ പൊയ്ക്കളഞ്ഞു. ഈ കുട്ടിപ്രായമാകുമ്പോൾ ഹിന്ദുരാജവംശം നശിച്ച് ഒരു ബൌദ്ധൻ രാജാവാകയും ബ്രാഹ്മണരുടെ പ്രാധാന്യതക്ക് ക്ഷയംതട്ടുകയും ചെയ്യുമെന്ന് നമ്പൂരിക്ക് ഭ്രമംജനിച്ചു. അയാൾ ഒരു ദിവസം തിരുവനന്തപുരത്തുചെന്ന് മഹാരാജാവിനെ മുഖം കാണിച്ചപ്പോൾ മേൽപ്രകാരം രാജാസനം പ്രാപിക്കത്തക്ക യോഗബലത്തോടുകൂടെ ഒരു നസ്രാണിക്കുട്ടിജനിച്ചിരിക്കുന്നുവെന്നും കുട്ടിയുടെ ആയുസ്സിന് അന്തരം വരുവാൻ തക്ക ഏതെങ്കിലും പ്രവൃത്തി കല്പിച്ചു ചെയ്തില്ലെങ്കിൽ രാജവംശം നശിച്ചുപോകുമെന്നും മററും തിരുമനസ്സറിയിച്ചു. മഹാരാജാവ് ബുദ്ധിമാനും വിവേകിയും ആയിരുന്നതുകൊണ്ടു് നമ്പൂരിയുടെ ഈ ആലോചനയെ ഒട്ടും ഗണ്യമാക്കിയില്ലെന്നു മാത്രമല്ല, കുട്ടിക്ക് രാജയോഗം ഉണ്ടെങ്കിൽ അവന്റെ ജാതിമേൽ മാത്രമായിരിക്കയുള്ളു എന്നും അതുകൊണ്ടു് നമ്മുടെ കുടുംബത്തിന് ഒരു ദോഷവും തട്ടുകയില്ലെന്നും മറുപടിപറഞ്ഞു. എങ്കിലും അന്നുതന്നെ ഈ കുട്ടിയെ കുറിച്ച് അന്വേഷണം ചെയ്തിരുന്നു. ഈ കാലത്തു് ഇളയതമ്പുരാൻ ആയിരുന്ന ആൾ വലിയതമ്പുരാൻ ആയിരിക്കുമ്പോൾ ഇദ്ദേഹം മെത്രാസ്ഥാനം പ്രാപിച്ച് മുഖം കാണിക്കുവാൻ ചെന്നസമയം ഈ ചരിത്രങ്ങൾ മഹാരാജാവുതന്നെ കല്പിക്കയുണ്ടായി.

ഇങ്ങനെ പൂർണ്ണഭാഗ്യവാനായി ജനിച്ച യൗസേപ്പുകുട്ടി തന്റെ ചാർച്ചക്കാരനും മെത്രാനുമായിരുന്ന 4-ാമത്തെ മാർത്തോമ്മാമെത്രാനാൽ വൈദികസ്ഥാനത്തിന്റെ ആദ്യപടവിക്ക് തിരഞ്ഞെടുക്കപ്പെട്ടു.

അനന്തരം 5-ാം മാർത്തോമ്മാമെത്രാന്റെ കാലത്ത് തനിക്ക് സ്ഥാനവൃത്തിവരുത്തികൊടുക്കണമെന്ന് അന്ത്യോഖ്യാസിംഹാസനത്തിലേക്ക് വളരെ അപേക്ഷകൾ അയച്ചിരുന്നതുകൂടാതെ മേല്പട്ടക്കാരെ കൊണ്ടുവരുന്നതിന് അന്നു മലയാളത്തുവന്നു താമസിച്ചിരുന്ന ശെമ്മാശ്ശ അന്തോൻ എന്ന ഒരു പരദേശിയെ പ്രത്യേകം അന്ത്യോഖ്യക്ക് അയച്ചു: മൂന്നാമത്തെ ഗീവറുഗീസ്സ് എന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം മാർ ബസേലിയോസ് മപ്രിയാനായും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും യോഹന്നാൻ റമ്പാനും ഒരു കോറെപ്പിസ്കോപ്പായും ഒരുമിച്ച് 1751-ൽ മലയാളത്തുവന്നു. 5-ാം മാർത്തോമ്മായെ മെത്രാപ്പോലീത്തായായി വാഴിക്കുവാൻ സ്ഥാത്തിക്കോനും വടി, മുടി, സ്ലീബാമുതലായതും കൊണ്ടുവന്നിരുന്നു.

ഇവർ വന്നതിന് 12000 രൂപാ ലന്തക്കമ്പനിക്കാർ ചെലവ് ചോദിക്കയും ആയത് കൊടുക്കുന്നതിന് 5-ാം മാർത്തോമ്മാ അപ്രാപ്തനാകയും ചെയ്തതുകൊണ്ട് തോമ്മാമെത്രാനും ബാവാന്മാരും തമ്മിൽ അത്രരമ്യമല്ലാതെ വന്നതിനാൽ 5-ാം മാർത്തോമ്മാ സ്ഥാനം ഏല്ക്കുന്നതിനു ഇടയായില്ല. അതിനാൽ മപ്രിയാനാതന്റെ കൂടെവന്ന യോഹന്നാൻ റമ്പാനെ മാർ ഈവാനിയോസ് എന്നനാമത്തിൽ മെത്രാനായി വാഴിച്ചശേഷം കൊച്ചിയിൽ മട്ടാഞ്ചേരി പള്ളിപണിയിച്ച് അവിടെ താമസിച്ച് മരിക്കയും കണ്ടനാട്ടു അടക്കപ്പെടുകയും ചെയ്തു.

ഇതിനിടയിൽ 5-ാം മാർത്തോമ്മാ നമ്മുടെ പ്രസംഗനായകനായ യൗസേപ്പുകത്തനാരെ 6-ാം മാർത്തോമ്മായായി വാഴിച്ചശേഷം മരിച്ചുപോയി. എങ്കിലും 6-ാം മാർത്തോമ്മാസഭയുടെ ക്ഷേമത്തിൽ തല്പരനും ബുദ്ധിമാനും ആയിരുന്നതുകൊണ്ടു ബാവാന്മാരുമായി യോജിച്ചു. മപ്രിയാനാ മരിച്ചുപോയിരുന്നതുകൊണ്ട് മാർ ഗ്രീഗോറിയോസും ഈവാനിയോസും കൂടി 1770ൽ 6-ാം മാർത്തോമ്മായെ മാർ ദീവന്നാസ്യോസ് എന്നപേരിൽ മെത്രാപ്പോലീത്തായായി വാഴിച്ച് പാത്രിയർക്കീസിനാൽ അയക്കപ്പെട്ട സ്ഥാത്തിക്കോൻ മുതലായതു കൊടുത്തു സഭാഭരണം ഭരമേല്പിച്ചു.

ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു പ്രസിദ്ധനായ മാത്തു തരകന്റെ ഉയർച്ച ഉണ്ടായതു. തരകൻ റോമ്മാ സുറിയാനിക്കാരൻ ആയിരുന്നു. 'പുത്തൻകൂർ' 'പഴയകൂർ' രണ്ടുസഭകളെ ഒന്നായി ചേർക്കണമെന്നു തരകൻ നിശ്ചയിച്ച് അയാൾക്കുണ്ടായിരുന്ന രാജസേവയുടെയും ദ്രവ്യശക്തിയുടെയും സ്വാധീനം കൊണ്ടു നമ്മുടെ മെത്രാപ്പോലീത്തായെ ഉപദ്രവിക്കാൻ തുടങ്ങി. പാണ്ടിയാലപൈലൊ എന്നൊരാളെ തരകൻ മുഖാന്തരം ബാബേലിൽ നിന്നു മെത്രാനാക്കി വരുത്തുകയും യൂറോപ്യൻ റോമ്മാമെത്രാന്മാരുടെ അധികാരത്തെ വിടർത്തുകയുംചെയ്തിരുന്നതുകൊണ്ട് പുത്തൻകൂറുകാരെക്കൂടെ അങ്ങോട്ടു ചേർക്കണമെന്നു തരകനു മോഹം ജനിച്ചു. ആദ്യമായി രണ്ടുഭാഗത്തുനിന്നും പ്രതിപുരുഷന്മാരെ നിയമിച്ചു മതവിഷയത്തെക്കുറിച്ചു വാദങ്ങൾ നടത്തി ജയിക്കുന്ന ക

ക്ഷിയിലേക്കു ചേരണമെന്നാണു് അഭിപ്രായം ഉണ്ടായതു്. രണ്ടുമൂന്നു പ്രാവശ്യം ഈ ഉദ്ദേശ്യത്തോടുകൂടി യോഗംകൂടി വാദം നടന്നുവരുമ്പോൾ തരകന്റെ സംബന്ധത്തിൽ ആരെങ്കിലും പെട്ടെന്നു മരിച്ചെന്നോ ആർക്കെങ്കിലും ഏതെങ്കിലും അപകടം നേരിട്ടെന്നോ ഓരോ ശഠതകൾ ദൈവകൃത്യാ ഉത്ഭവിച്ചതിനാൽ വാദം മുഴുവനാക്കുവാൻ കഴിഞ്ഞില്ല. കടശി രാജനേവകൊണ്ടു ബലം ചെയ്തു എന്നതന്നെ തരകൻ നിശ്ചയിച്ചു് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ റോമ്മാമതത്തിലേക്കു ചേരണമെന്നു സർക്കാരിനേക്കൊണ്ടു നിർബ്ബന്ധിപ്പിച്ചു. സമ്മതിക്കാഞ്ഞതിനാൽ നിരണത്തുപള്ളിയിൽ വച്ചു മെത്രാപ്പോലീത്തായെ തടഞ്ഞു. മുറിയിൽ നിന്നു വെളിയിലിറക്കാതെ മൂന്നാലു ദിവസംവരെ ഭക്ഷണംപോലും അനുവദിക്കാതെ ബുദ്ധിമുട്ടിച്ചു. മെത്രാപ്പോലീത്തായുടെവക സകലസ്വത്തുക്കളും കണ്ടുകെട്ടി വിററെടുത്തു് കടശി മെത്രാപ്പോലീത്തായെ ആലപ്പുഴയ്ക്കു കൊണ്ടുപോയി തത്തൻപള്ളിയിൽവച്ചു് റോമ്മാവിശ്വാസത്തിലേക്കു ബലമായി വഴക്കി പത്തീറാ വച്ചു് 1799 ഇടവം 30-ാം തീയതി കുർബാന ചൊല്ലിച്ചു. പിന്നെ ആലപ്പുഴ പള്ളിയിലും കല്ലൂർക്കാട്ടു പള്ളിയിലും കൂടെ ഓരോ കുർബാന ചൊല്ലിക്കയുണ്ടായി. ഇത്രയും നടന്നപ്പോൾ തരകനെ നാഞ്ചനാട്ടുകാർ ചെവിചെത്തി അപമാനിച്ചതിനാൽ * തരകന്റെ ഊർജ്ജിതം പെട്ടെന്നു ക്ഷയിച്ചതോടുകൂടി മെത്രാപ്പോലീത്താ തരകന്റെ ഇരിമ്പുറാകത്തെ തകർത്തുകളഞ്ഞു. ബലത്താൽ എങ്കിലും പത്തീറാവച്ചു കുർബാന ചൊല്ലിപ്പോയതിനു പ്രതിവിധിയായി മെത്രാപ്പോലീത്തായുടെ ചെലവിന്മേൽ മലങ്കര ഉണ്ടായിരുന്ന എല്ലാ പള്ളികളിലും പാപപരിഹാര കുർബാന ചൊല്ലിച്ചു.

ഇതിന്റെ ശേഷം ഈ മെത്രാപ്പോലീത്താ ബ്രിട്ടീഷ് ഖജനാവിൽ ആണ്ടിൽ നൂറുക്കു എട്ടു പലിശക്കു 3,000 പൂവരാഹൻ റസിഡണ്ടു കർണ്ണൽ മക്കാളിസായ്പു മുഖാന്തരം ഏല്പിച്ചു് വട്ടിയ്ക്കിട്ടു. ഇതു മുതൽ ഇന്നും സുറിയാനിസഭയ്ക്കു ഒരു ശാശ്വത ധനമായി കിടക്കുന്നതിനാൽ വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ നാമം ലോകാവസാനത്തോളം നിലനില്ക്കത്തക്കതായിരിക്കുന്നു.

അനന്തരം 1806-ൽ ഡോക്ടർ ബുക്കാനാൻ എന്നൊരു പാദ്രി സുറിയാനിസഭയെ കാണ്മാൻ വന്നിരുന്നു. മെത്രാപ്പോലീത്തായുമായി പലപ്രാവശ്യം കാണുകയും തമ്മിൽ യോജിക്കണമെന്നു് ആലോചന പറകയും ചെയ്തു. എന്നാൽ മെത്രാപ്പോലീത്തായോ യോജിപ്പിനു വളരെ ഇഷ്ടൻ ആയിരുന്നു എങ്കിലും സുറിയാനിസഭയുടെ വിശ്വാസത്തിനും ശുദ്ധതയ്ക്കും കേടുവരത്തക്കയാതൊരു യോജിപ്പിനും സമ്മതിക്കാൻ ഇടയില്ലെന്നു മറുപടിപറഞ്ഞു. തുലോം പുരാതനവും തുകലിൽ എഴുതിയതുമായ ഒരു കയ്യെഴുത്തു വേദപുസ്തകം മെത്രാപ്പോലീത്താ ബുക്കാനാൻസായ്പിനു സമ്മാനമായികൊടുത്തു. ഇതിൽനിന്നാണു

* ഇതിനു തരകനു പരിഹാരം ഉണ്ടാക്കികൊടുത്തതു താൻ ഉപദ്രവിച്ചുപോന്ന "പുത്തൻകൂറ" വർഗ്ഗത്തിൽപെട്ട മറെറാരു തരകൻ—പന്നത്ത് മാർ ദീവന്നാസ്യോസിന്റെ പിതൃസഹോദരൻ—ആയിരുന്നുവെന്നുള്ള ഐതിഹ്യത്തെപററി കൂടുതൽ വിവരം അറിയാവുന്നവർ എഴുതികാണ്മാൻ കാത്തിരിക്കുന്നു.—മ. സ. പ.

ണു ഇപ്പോൾ നാം ഉപയോഗിച്ചു വരുന്ന സുറിയാനി വേദപുസ്തകം ബിലാത്തിയിൽ അച്ചടിച്ചു കിട്ടിയതു.

ഇതുകൂടാതെ ഈ മെത്രാപ്പോലീത്തായുടെ പരിശ്രമത്താൽ കായംകുളത്തു പീലിപ്പോസ് റമ്പാൻ നാലു സുവിശേഷങ്ങളെ മലയാളത്തിൽ തർജ്ജമ ചെയ്യുകയും ബുക്കാനാൻ മുഖാന്തരം ബോംബയിൽ അച്ചടിപ്പിച്ചു വരുത്തുകയും ചെയ്തു.

പുത്തൻകാവുപള്ളി ഈ മെത്രാപ്പോലീത്തായാൽ സ്വന്ത ചെലവിന്മേൽ പണിയിക്കപ്പെട്ടു. ഇദ്ദേഹം മാർ ഈവാനിയോസ് ബാവായോടുകൂടി പകലോമററം തറവാട്ടിൽ നിന്നുള്ള മത്തായി കത്തനാരെ മാർത്തോമ്മാ എപ്പിസ്കോപ്പാ ആയി വാഴിച്ചുശേഷം 1807 മീനമാസം 27-ാം തീയതി നിരണത്തുവച്ച് സ്വസ്ഥതയെ പ്രാപിക്കുകയും തന്റെ അപേക്ഷപ്രകാരം പുത്തൻകാവുപള്ളിയിൽ അടക്കപ്പെടുകയും ചെയ്തു.

വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സ്വഭാവങ്ങളെക്കുറിച്ച് ഒരു പഴയഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ഇദ്ദേഹം വളരെ ഭക്തനും സമാധാനപ്രിയനും സൌമ്യനും സഭയുടെ ഉയർച്ചക്ക് അതിതല്പരനും എരിവുള്ളവനും പിറുപിറുപ്പുകൂടാതെ ഞെരുക്കം സഹിച്ചവനും ആയിരുന്നു. ദീർഘായുസ്സും ദീർഘഭരണവും അനുഭവിച്ചു. കാഴ്ചയ്ക്കു സുന്ദരനും ദീർഘകായനും * ആയിരുന്നു. താടി മടിവരെ എത്തത്തക്കവണ്ണം ദീർഘമുള്ളതായിരുന്നു.

* ഇതിൽ ചരിത്രപടുവായ ചിത്രമെഴുത്തു മി. കെ. എം. വറുഗീസിന്റെ "വലിയ മാർദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും"—എത്ര കണ്ടു യോജിക്കുമെന്നും പുത്തൻകാവുപള്ളിയിൽ മി. വറുഗീസു തന്നെ എഴുതിവച്ചിട്ടുള്ള പടം ഇതിനെ സാധൂകരിക്കുമോ എന്നും ഞങ്ങൾ സംശയിക്കുന്നു: ഓ. സ. പ.

വിമർശന പംക്തി.

"The Star of the East" അഥവാ ("പൌരസ്ത്യതാരക"). നമ്മുടെ കർത്താവിനോടുകൂടെ സഹവസിച്ചു, തന്നെ കണ്ടും തന്നിൽ നിന്നും കേട്ടും പഠിച്ചിട്ടുള്ള തന്റെ ശിഷ്യന്മാരെക്കാൾ തന്റെ സഭാസ്ഥാപനത്തിന് കൂടുതൽ യോഗ്യതയുള്ളവർ മററില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. തന്മൂലം അപ്പോസ്തോല സ്ഥാപിതമായ സഭകൾക്കു എന്നാളും ഇതര ക്രൈസ്തവരുടെ ഇടയിലുള്ള പ്രശസ്തിയും സ്ഥാനവും അദ്വിതീയം തന്നെ. ഈ കാരണത്താലത്രെ എണ്ണത്തിലും വണ്ണത്തിലും പല ഇതര ക്രൈസ്തവ സഭാവിഭാഗങ്ങളെ അപേക്ഷിച്ചു ആനയുടെ മുമ്പിൽ എറുമ്പ് എന്ന കണക്കെ തീരെ നിസ്സാരമായതും എന്നാൽ വി. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതവും രണ്ടായിരം വർഷത്തോളമുള്ള പാരമ്പര്യമുള്ളതുമായ മലങ്കരസഭ എല്ലാകാലത്തും വിദേശീയരുടെ സവിശേഷമായ ശ്രദ്ധക്കു വിഷയീഭവിച്ചുകൊണ്ടിരുന്നിട്ടുള്ളതും വിഷയീഭവിച്ചുകൊണ്ടിരിക്കുന്നതും. പക്ഷെ ആദിമകാലങ്ങളിൽ പൊതു സുന്നഹദോസുകൾ വഴിയായും മററും ഈ സഭാദ്ധ്യക്ഷന്മാർക്കു വിദേശ ക്രൈസ്തവനേതാക്കന്മാരും മേലദ്ധ്യക്ഷന്മാരും മററുമായി ഇടയ്ക്കിടെ സമ്പർക്കത്തിനുണ്ടായിരുന്ന സൌകര്യങ്ങളും തീഗ്രീസിലെ കാതോലിക്കാമാരുടെ ഭരണംമൂലമുണ്ടായിരുന്ന സമ്പർക്കസൌകര്യങ്ങളും ആ സഭ നെസ്തോറിയ പാഷണ്ഡ

വിശ്വാസത്തിൽ ലയിച്ചതു മൂലവും മലബാറിലേക്കു വന്നുകൊണ്ടിരുന്ന വിദേശ കച്ചവടക്കാർ വഴിയായി വിദേശ ക്രൈസ്തവാംഗങ്ങളുമായി ഇടപെടുന്നതിനുണ്ടായിരുന്ന സൌകര്യങ്ങളും മഹമ്മദീയരുടെ ശക്തിയും ആക്രമണങ്ങളും ശക്തിപ്പെട്ടതോടു കൂടെയും അനേക നൂററാണ്ടുകളായി ലോകം നഷ്ടീഭവിക്കുകയും അങ്ങിനെ ഈ സഭ "നോക്കെത്താത്ത വിധം കഠോരതരമാം ആഴത്തിലാഴിയിൽ ചൊൽക്കൊള്ളുന്ന രത്നജാലങ്ങൾ" കണക്കു ഇതര ക്രൈസ്തവസഭകളുടെ സ്മൃതിപഥത്തിൽ നിന്നും മാഞ്ഞുപോയികിടന്നു. എങ്കിലും മാണിക്യകല്ല കുപ്പയിൽ കിടന്നാലും മാണിക്കക്കല്ല എന്നാലും മാണിക്കക്കല്ല എന്നതുപോലെ പോർട്ടുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ബ്രിട്ടീഷുകാർ എന്നീ യൂറോപ്പിലെ ക്രൈസ്തവ മഹച്ഛക്തികളുടെ വരവോടുകൂടെ ഈ സഭയെപ്പററി കൂടുതൽ അന്വേഷണവും വിദേശികളുടെ ഇടയിൽ അറിവും പ്രചരിച്ചുതുടങ്ങി. എന്നാൽ ഈ മഹച്ഛക്തികൾ പാശ്ചാത്യ ക്രിസ്തീയവകുപ്പുകളിൽ പെട്ടവരായിരുന്നതിനാൽ അവരുമായുള്ള—പ്രത്യേകിച്ചു റോമൻ കത്തോലിക്കാസഭാംഗങ്ങളായ പോർട്ടുഗീസുകാരുമായുള്ള—സമ്പർക്കം സഭയ്ക്കു ഗുണത്തേക്കാൾ അധികം നാശകരമായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. പിന്നെനമുക്കു പൌരസ്ത്യരുമായുള്ള സമ്പർക്കത്തിനുകിട്ടിയ അന്ത്യോക്യൻസമ്മൂലമുണ്ടായിട്ടുള്ള ഗുണഗണങ്ങൾ, കടിച്ചചാകാൻ പോകുന്നവന്റെ കാലേൽ കെട്ടിപ്പിടിക്കുന്നവന്റെ അനുഭവം തന്നെ എന്നു മലങ്കരസഭാംഗങ്ങളെ പ്രത്യേകിച്ചു് പറഞ്ഞുധരിപ്പിക്കേണ്ടതില്ലല്ലോ.

ഇങ്ങനെ ബഹുമുഖങ്ങളായ വിഷമഘട്ടങ്ങളെ തരണം ചെയ്തും പ്രയാസങ്ങളെ അതിജീവിച്ചും പോന്ന ഈ സഭയ്ക്കു ഒരു ദിവ്യസമ്പത്തു എന്നവണ്ണം കൊല്ലവർഷം 1088-ൽ അന്ത്യോക്യയുടെ നി. വ. ദി. മ. ശ്രീ മോറാൻ മാർ ഇഗ്നാത്തിയോസ് അബ്ദുൽമ്ശിഹാപാത്രിയാർക്കീസു ബാവായുടെ സഹായസഹകരണത്തോടുകൂടെ മലങ്കരസഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് കാതോലിക്കാസിംഹാസനം ഇവിടെ പ്രതിഷ്ഠിക്കുകയും അതോടുകൂടെ കീർത്തിവിവരമുള്ള ഇതര ക്രൈസ്തവസഭകളുടെ ദൃഷ്ടിയിൽ മലങ്കരസഭക്കു പൂർവ്വീകമായുണ്ടായിരുന്ന പേരും പെരുമയും ശതഗുണീഭവിക്കുകയും ചെയ്തു.

ഈ മഹൽസംഭവത്തിന് അല്പകാലം മുമ്പുമുതൽക്കുതന്നെ—ഏതാണ്ടു മുപ്പതിൽപരം സംവൽസരങ്ങൾക്കുമുമ്പു—ഈ സഭയുടെ വിശ്വാസാചാരങ്ങളോട് ഐകരൂപ്യമുള്ളതും എന്നാൽ റോമൻ പാഷണ്ഡോപദേശങ്ങളെ ത്യജിക്കുന്നതുമായ ആംഗ്ലേയസഭയിലെ ആംഗ്ലോകാതോലിക്കാവിഭാഗവുമായി സമ്പർക്കത്തിനിടയാകയും അവർ നമ്മോടു് അടുത്തുസഹകരിച്ചു നമ്മുടെ വിശ്വാസാചാരങ്ങളെപ്പററി അറിഞ്ഞു ഇംഗ്ലീഷുപത്രങ്ങളിലും മാസികകളിലും റിപ്പോർട്ടുകൾ അയക്കുകയും ചെയ്തുതുടങ്ങിയപ്പോൾ റഷ്യൻ, ഗ്രീക്കുമുതലായ പൌരസ്ത്യസഭകളുടെ ശ്രദ്ധയിൽ നാം പെട്ടുതുടങ്ങി. അതിന്റെ ഫലമായി കഴിഞ്ഞ ഏതാനും വർഷങ്ങളായി നമ്മുടെ ഇടയിൽ താമസിച്ചുപോരുന്ന റഷ്യൻ സന്യാസപട്ടക്കാരനായ ആർച്ചുമാൺഡ്രൈററ ആൻഡ്രോണിക്കു വരികയും നമ്മുടെ വിശ്വാസാചാര രീതികളെപ്പററി നേരിട്ടുള്ള അറിവിനെ അടിസ്ഥാനപ്പെടുത്തി തന്റെ സഭയുടെ മേലധ്യക്ഷസ്ഥാനങ്ങളിലേക്കു റിപ്പോർട്ടുകൾ അയക്കുകയും അതുമൂലം ആദ്യം മഞ്ചൂരിക്കായിലെ റഷ്യൻ ബിഷോപ്പു മാർ ഡെമെട്രിയസും അതിനെതുടർന്നു അവിടത്തെതന്നെ ആർച്ചുബിഷോപ്പായ മാർ നെസ്റ്റോറും നമ്മുടെ പല പൊതുസ്ഥാപനങ്ങളും മേലധ്യക്ഷന്മാരെയും സന്ദർശിക്കുകയും നമ്മുടെ ആരാധനകളിൽ സംബന്ധിക്കുകയും വിശ്വാസാചാരങ്ങളെപ്പററി ആരാഞ്ഞറിഞ്ഞുപോകയും മററും ചെയ്തതു് നമ്മിൽ പലർക്കും അറിവുള്ളതാണല്ലോ. ഇവയുടെ എല്ലാം ഫലമായി പലകാരണങ്ങളാലും ഇന്നു ക്രൈസ്തവസഭകളിൽ പ്രഥമസ്ഥാനത്തു നില്ക്കുന്ന റോമൻകത്തോലിക്കാ സഭയുടെ പരമാധികാരിയായ മാർ പാപ്പായെപ്പററി "Even the Pope is an unbaptised heretic" (മാർ പാപ്പാപോലും ജ്ഞാനസ്നാനം ഏല്ക്കാത്ത ഒരു വേദവിപരീതി മാത്രമാണ്) എന്നുപറഞ്ഞു ആ സഭയുടെ കൈവെപ്പിനെയും കൂദാശകളെയും അംഗീകരിക്കാത്ത യവനായസഭയുടെ വി: സുന്നഹദോസുകൂടെയും നമ്മുടെ കാതോലിക്കാസ്ഥാപനത്തെയും, അതുവഴിയായി പട്ടംകൊടുക്കപ്പെട്ടിട്ടുള്ള വന്ദ്യതിരുമേനിമാരുടെയും പട്ടത്വത്തെയും സ്വീകരിക്കുന്നതായും നമ്മോടു ഐക്യബന്ധത്തിൽ (inter communion) ഏർപ്പെട്ടു കാതോലിക്കായുടെ അധികാരത്തിൻകീഴിൽ ഇൻഡ്യയിലെ അക്രൈസ്തവരുടെ ഇടയിൽ സുവിശേഷവേല ചെയ്യുന്നതിന് ആഗ്രഹിക്കുന്നതായും മററും നമ്മെ അറിയിച്ചിട്ടുള്ള സംഗതി സഭാംഗങ്ങളിൽ മിക്കവരും ഇതിനകം അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു.

ഇങ്ങനെ ഒരു ഭാഗത്തു വലിയ പൌരസ്ത്യസഭകളുമായുള്ള സൌഹാർദ്ദസമ്പർക്കത്തിനുള്ള മാർഗ്ഗങ്ങൾ തെളിഞ്ഞു വരവെ അനേകനൂററാണ്ടുകളായി നിത്യപരിചയത്തിൽ അതിന്റെ

വില അറിയാൻ പാടില്ലാതെ കുപ്പയിൽ ഇട്ടുകൊണ്ടിരുന്ന മലങ്കരസഭയുടെ കാതോലികവും അപ്പോസ്തോലികവുമായ വിശ്വാസമാകുന്ന മാണിക്കക്കല്ലു പാശ്ചാത്യ ക്രൈസ്തവലോകത്തെയും വിശ്വക്രൈസ്തവലോകത്തെയും കാണിച്ചുകൊടുക്കത്തക്കവണ്ണം പ്രിൻസിപ്പാൾ മി. എ. എം. വർക്കി, റൈററ്. റവ. അബോ അലക്സിയോസ് എന്നിവരുടെ ഇംഗ്ലണ്ടിലെ പ്രാരംഭപര്യടനങ്ങളും അവയ്ക്കു മകുടം ചാർത്തുമാറു മലങ്കരസഭയെ പ്രതിനിധീകരിച്ചു കാതോലിക്കാബാവാതിരുമനസ്സുകൊണ്ടു വന്ദ്യദിവ്യശ്രീ മാന്മാരായ അബോ അലക്സിയോസ്, സി. എം. തോമസ് റമ്പാൻ എന്നിവരാൽ അനുഗതനായി എഡിൻബറോയിൽവച്ചു അടുത്തുനടന്ന ഭൂലോകക്രൈസ്തവ നേതാക്കന്മാരുടെ സമ്മേളനത്തിലേക്കു ക്ഷണിക്കപ്പെട്ടു എഴുന്നെള്ളിയതും Professor Basil Mathews, വിഞ്ചസ്റ്ററിലെ ബിഷോപ്പുമുതലായവർ കാതോലിക്കാബാവായെ വന്നു സന്ദർശിച്ചതും ആംഗ്ലോകത്തോലിക്കരുമായുള്ള ചിരകാലസമ്പർക്കത്തിന്റെ ഫലങ്ങളാണല്ലോ.

ഇങ്ങനെ പടിപടിയായി പ്രത്യക്ഷപ്പെട്ടുവരുന്ന മലങ്കരസഭയുടെ മാറേറവും മാണിക്കക്കല്ലിന്റെ പ്രഭ ലോകം ശരിക്കു കാണുന്നതിനും ആസ്വദിക്കുന്നതിനും ഇനിയും തടസ്സമായി നില്ക്കുന്ന ഒരു പ്രധാനസംഗതി നമ്മുടെ ആരാധനക്രമങ്ങളും, അനേകനൂററാണ്ടുകളായി മലങ്കരസഭയിൽ വളർന്നുവന്നിട്ടുള്ള ക്രിസ്തീയപാരമ്പര്യങ്ങളും ഇന്നത്തെ ലോകഭാഷയായി തീർന്നിട്ടുള്ള ഇംഗ്ലീഷുഭാഷവഴി ലോകത്തിനു പ്രദാനം ചെയ്യിട്ടില്ല എന്നുള്ളതാണ്. ഈ മഹൽകൃത്യം നിറവേററുന്നതിനു ഡാക്ടർ സി റ്റി. ഈപ്പന്റെ ഈ പുതിയ പ്രസിദ്ധീകരണം ഏററം സഹായിക്കുമെന്നും അങ്ങിനെ നമ്മെത്തേടി പുറപ്പെട്ടുവന്ന ബിഷോപ്പു ഡെമട്രീയസ്, ആർച്ചുബിഷോപ്പു നെസ്റ്റോർ, വിഞ്ചസ്റ്റർ ബിഷോപ്പ് കാലതാമസമെന്യേ നമ്മുടെ ഇടയിൽ വേലചെയ്യുവാൻവരുന്ന Fr. James (Oxon) നമ്മുടെ ഇടയിൽ വേലചെയ്തുവരുന്ന Miss Brooks Smith, മാഡം ബെർട്ടനീവ എന്നിവരെപ്പോലെയുള്ള അനേകമനുഷ്യസമ്പത്തുകളെ നമ്മിലേക്ക് ആകർഷിക്കുവാനും അതുവഴിയായി നമുക്കില്ലാത്തതും അന്യസഭകളിൽ വിളങ്ങിക്കാണുന്നതുമായ നല്ലകാര്യങ്ങൾ നമുക്കു ആസ്വദിക്കുന്നതിനും അങ്ങിനെ ഭീമമായ ചിറമൂലം അനേകനൂററാണ്ടുകളായി അന്യോന്യസമ്പർക്കമില്ലാതെ കുറെയെല്ലാം ദുഷിച്ചുപോയിട്ടുള്ള ഈ ശുദ്ധജലതടാകങ്ങളെ വേർതിരിച്ചു നിർത്തിപ്പോരുന്ന ചിറമുറിച്ചു അന്യോന്യം പുനഃസമ്പർക്കം സ്ഥാപിക്കുന്നതിനു ഒരു വലിയ സഹായമായിത്തീരുമെന്നു വിശ്വസിപ്പാൻ ന്യായമുണ്ട്. ഏവംവിധം ഇതുപര്യന്തം ഇല്ലാതിരുന്ന ഈ മാർഗ്ഗത്തെ തെളിച്ച ഡാക്ടർ ഈപ്പന്റെ പുതിയ പ്രസിദ്ധീകരണത്തിനു സർവ്വവിധഭാവി മംഗളങ്ങളും ഞങ്ങൾ ആശംസിക്കുകയും ഇംഗ്ലീഷുവായിച്ചു മനസ്സിലാക്കാൻ കഴിയുന്ന മലങ്കര സഭാംഗങ്ങൾ ഏവരും ഇതിനു നിശ്ചയിച്ചിട്ടുള്ള തുഛമായ ഒരുരൂപാ വരിസംഖ്യ കൊടുത്തു ഇതുവരുത്തി വായിക്കുകയും അങ്ങിനെ ഡാക്ടർ ഈപ്പനെ പ്രോത്സാഹിപ്പിച്ചു മലങ്കരസഭയ്ക്കു വിവിധങ്ങളായ നല്ലഫലങ്ങളെ പ്രദാനം ചെയ്യാവുന്ന ഈ പ്രസിദ്ധീകരണത്തെ പോററിവളർത്തുവാൻ ക്ഷണിച്ചുകൊണ്ടും തല്ക്കാലം ചുരുക്കുന്നു.

ഇതിന്റെ ഒന്നാംലക്കം ഞങ്ങൾക്കു കിട്ടിയതിൽ ഓരോവിധത്തിൽ പാണ്ഡിത്യമുള്ള വിദേശിയരാൽ എഴുതിയ ശ്രദ്ധേയങ്ങളായ പലനല്ലലേഖനങ്ങളും ലോകക്രൈസ്തവ വാർത്തകളും മലങ്കരസഭയെപ്പററി സാമാന്യജ്ഞാനം ലഭിക്കുന്നതിനു സഹായിക്കുന്ന കുറിപ്പുകളും ലേഖനങ്ങളും ഉണ്ട്.

വാർത്തകളും കുറിപ്പുകളും.

ഒരു തിരുത്തൽ. കഴിഞ്ഞലക്കം മാസികയിൽ 13-ാംപുറം രണ്ടാം പാരാവിൽ 2-ാം വരിയിൽ "സ്വീകരണശുശ്രൂഷ" എന്നു അടിച്ചിരിക്കുന്നതു "സ്ഥിരീകരണശുശ്രൂഷ" (confirmation) എന്നുതിരുത്തി വായിക്കണമെന്നു ലേഖനകർത്താവു ഞങ്ങളെ അറിയിച്ചിരിക്കുന്നു.

കൊല്ലം ഭദ്രാസന ഇടവകക്കാർക്കു ആവശ്യമുള്ള സണ്ടേസ്കൂൾ പുസ്തകങ്ങൾ, ഇടവക രജിസ്തരുകൾ മുതലായവയെല്ലാം കുണ്ടറസിമ്മനാരിയിലുള്ള ടി ആഫീസിൽ വില്പനക്കായി എപ്പോഴും തയ്യാറുണ്ടായിരിക്കുമെന്നു സെക്രട്ടറി ദിവ്യശ്രീ വട്ടക്കാട്ട് യാക്കോബുകത്തനാർ അവർകൾ ഞങ്ങളെ അറിയിച്ചിരിക്കുന്നു.

മി. ബെസിൽ ജയിംസ്: എം. എ (ഓക്സൻ)–ഇംഗ്ലണ്ടിലെ ലീഡ്സ് സർവ്വകലാശാലയിലെ ഒരു പ്രഫസറും ആംഗ്ലോ കത്തോലിക്ക വിശ്വാസിയുമായ മി. ജെയിംസിന്റെ പുത്രനും റഷ്യൻ ഓർത്തൊഡോക്സ് സഭാംഗവുമായ മി. ബേസിൽ ജയിംസ് എം എ (ഓക്സൻ) നമ്മുടെ സഭയിൽ വേലചെയ്യുവാൻ പുറപ്പെട്ടു വരുന്നു എന്നറിയുന്നതു സഭാതല്പരന്മാരായ ഏവൎക്കും ഒരു സന്തോഷവർത്തമാനമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇദ്ദേഹം തല്ക്കാലം ശാസ്താംകോട്ട റസിഡൻഷ്യൽ സ്കൂളിൽ ഒരു അദ്ധ്യാപകനായി ജോലി തുടങ്ങുന്നതാണ്. ഇദ്ദേഹം ഒരു വേദശാസ്ത്രപണ്ഡിതനും ആംഗ്ലേയസഭാംഗമായിരിക്കെ അതുകൊണ്ടു തൃപ്തിപ്പെടാതെ പൌരസ്ത്യസഭാവിശ്വാചാരരീതികളിൽ കൂടുതൽ പ്രതിപത്തി തോന്നി റഷ്യൻസഭാംഗമായി ചേൎന്നിട്ടുള്ള ആളുമാണ്. ഇദ്ദേഹത്തിന്റെ നമ്മുടെ ഇടയിലുള്ള ജോലി മലങ്കരസഭയ്ക്കു അനുഗ്രഹപ്രദമായിതീരുവാൻ ഞങ്ങൾ സഭയുടെ നാഥനോടു ഈ അവസരത്തിൽ പ്രാൎത്ഥിച്ചുകൊള്ളുന്നു.

അധികം താമസമെന്യേ റൂമേനിയൻ ഓർത്തൊഡോക്സ് സഭാംഗങ്ങളായ രണ്ടു സന്യാസപട്ടക്കാരും കാതോലിക്കാബാവാതിരുമനസ്സിലെ ആജ്ഞയിൻകീഴ് നമ്മുടെ സഭയിൽ വേല ചെയ്യുവാൻ ആഗ്രഹിച്ചുകൊണ്ടു എഴുത്തുകുത്തു നടക്കുന്നവിവരവും ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

മദ്രാസ് ഓർത്തൊഡോക്സ് സുറിയാനിപള്ളിയുടെ 1938–'39ലെ റിപ്പോർട്ട് കിട്ടി. അഭിപ്രായം അടുത്ത ലക്കത്തിൽ.

115 ലെ Wall Calender—കുന്നംകുളം എം. ജി. എം. അസോസിയേഷൻ വകയായി ഏററം ഭംഗിയായി പലതരംമഷിയിൽ ഓരോ മാസത്തേക്കു ഓരോ ഷീററുകളിൽ ഇംഗ്ലീഷ്, മലയാളം, സുറിയാനി തീയതികൾ ചേൎത്തടിച്ചിട്ടുള്ള 1115ലെ കലണ്ടറിന്റെ ഒരുപ്രതി ഭാരവാഹികൾ ഇവിടെ അയച്ചുതന്നു കൈപ്പററിയിരിക്കുന്നു. ഇതിൽ ഓരോ പേജിലും അതാതുമാസത്തിൽ പൌരസ്ത്യ പാശ്ചാത്യസഭകളുടെപഞ്ചാംഗപ്രകാരമുള്ള പ്രധാന വിശേഷദിവസങ്ങളുടെ പട്ടികകാട്ടിയിട്ടുള്ളതുകൊണ്ടു ഇതുമലയാളത്തുള്ള എല്ലാക്രൈസ്തവ വിഭാഗങ്ങൾക്കും ഒരുപോലെ ഉപയോഗപ്രദമായി ബോദ്ധ്യപ്പെടുന്നതാണ്. പ്രത്യേകിച്ചു പുണ്യശ്ലോകനായ പരുമല കബറടങ്ങിയിരിക്കുന്ന മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പടം ഓരോ പേജിലും ഉള്ളതു ആ പുണ്യവാന്റെ മദ്ധ്യസ്ഥപ്രാൎത്ഥനയിൽ അഭയം പ്രാപിക്കുന്നവരെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തെ സദാ ഓൎപ്പിക്കുവാൻ സഹായിക്കുന്നതാണ്. ഏവംവിധം ഉപയോഗപ്രദമായ ഈ കലണ്ടറിനു നിശ്ചയിച്ചിട്ടുള്ള വില 2ചക്രം മാത്രമാണ് ആവശ്യക്കാർ മിസ്റ്റർ കെ. ററി. വറുഗീസ്, കിഴക്കേ അങ്ങാടി, കുന്നംകുളം, കൊച്ചി. എന്നമേൽവിലാസത്തിൽഅപേക്ഷിക്കണം.

മലങ്കരസഭയിലെ സമാധാനം. എന്നതലക്കെട്ടിൽ പള്ളിക്കര ഫാദർ എബ്രഹാം കരിത്തുങ്കൽ ബി. എ. എഴുതി കൎക്കടകം 22ാനു-ലെ പൌരപ്രഭയിൽപ്രസിദ്ധം ചെയ്തിട്ടുള്ള ലേഖനം അടുത്തുതന്നെ കൂടുവാനിരിക്കുന്ന സമാധാനകമ്മട്ടിക്കാരുടെയും പ്രത്യേകിച്ചു, പാത്രിയക്കീസുകക്ഷിക്കാരുടെയും ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചു പ്രവൎത്തിരൂപത്തിൽ കൊണ്ടുവരുന്നുകാണ്മാൻ ഞങ്ങൾ കാത്തിരിക്കുന്നു. സ്ഥലക്കുറവുമൂലം ആ ലേഖനവും അതുസംബന്ധിച്ചുള്ള ഞങ്ങളുടെ അഭിപ്രായവും ഞങ്ങളുടെ മാന്യവായനക്കാരുടെ ശ്രദ്ധയിൽ ഈ പ്രാവശ്യം കൊണ്ടുവരുവാൻ സാധിക്കാത്തതിൽ വ്യസനിക്കുന്നു. ചുരുക്കത്തിൽ പാത്രിയക്കീസു പക്ഷത്തുനിന്നും ഇതേവരെ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ സാക്ഷാൽ ''സമാധാനപ്രിയന്മാരെ' അളന്നറിവാൻ പററിയ ഒരു അളവുകോലാണിതെന്നു ഞങ്ങൾ ധൈൎയ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ. ശേഷം അടുത്തലക്കത്തിൽ.

നമ്മുടെ പട്ടക്കാർ. നമ്മുടെ പട്ടക്കാരെപ്പററി സുദീർഘമായ ഒരു ലേഖനം ഒരു അൽമായക്കാരൻ എഴുതി അയച്ചുതു കഴിഞ്ഞ ഏതാനും മാസങ്ങൾ പ്രസിദ്ധംചെയ്യാതെ വച്ചുകൊണ്ടിരിക്കവെ ഈയിടെ പട്ടക്കാരിൽ തന്നെ ഒരുവനും അചിരേണ മലങ്കരസഭയിലെ ഒരു പട്ടക്കാരനായി തീൎന്നേക്കാൻ ഇടയുള്ള മററൊരു മാന്യനും ഓരോന്നു അയച്ചുതന്നിരിക്കുന്നു. ഇവയെല്ലാം സ്ഥലസൌകൎയ്യംപോലെ അടുത്തഏതാനും ലക്കങ്ങളിലായി പ്രസിദ്ധം ചെയ്യുമെന്നുകരുതിയിരിക്കുന്നു.

നമ്മുടെ കപ്യാരന്മാർ. നമ്മുടെ കപ്യാരന്മാരെ അഥവാ ശുശ്രൂഷക്കാരെസംബന്ധിച്ചു ഒരു സ്ത്രീബാദാസൻ എഴുതിഅയച്ചുതന്ന ഒരു ലേഖനം വർഷം ഒന്നോളമായി നീക്കിവച്ചുകൊണ്ടു പോരവെ ഈയിടെ വേറൊരു സഭാംഗത്തിന്റെ ഒരു ലേഖനംകൂടെ അതേവിഷയത്തെ ആസ്പദമാക്കിതന്നെവന്നുചേൎന്നിട്ടുണ്ട്. ഇവയും പട്ടക്കാരെ സംബന്ധിച്ചുള്ള ലേഖനങ്ങളെപ്പോലെ ബഹുജനങ്ങൾ അവരെപ്പററി എങ്ങിനെ വീക്ഷിക്കുന്നു എന്നറിഞ്ഞു തങ്ങളുടെ കുറവുകളെ പരിഹ

രിക്കുവാൻ സഹായിക്കുമെന്നുകരുതി പിന്നാലെ സൌകര്യംപോലെ പ്രസിദ്ധം ചെയ്യുന്നതായിരിക്കും.

ഹൂദായ കാനോൻ. നമ്മുടെ പട്ടക്കാരും അൽമായക്കാരും തമ്മിലുള്ള പലതെററിദ്ധാരണകൾക്കും കാരണമായി നില്ക്കുന്നതു ബഹുജനങ്ങൾക്കു അറിയാൻ പാടില്ലാത്ത ഭാഷകളിൽ സ്ഥിതിചെയ്യുന്ന കാനോനാണല്ലൊ. അതിനു പരിഹാരമായി കാനോൻ തർജ്ജിമചെയ്തു ഖണ്ഡ:ശ്ശയായി മാസികയിൽ പ്രസിദ്ധംചെയ്വാൻ തീർച്ചയാക്കിയിരിക്കുന്നു. ഇതുമൂലം ഉഭയകക്ഷികൾക്കും കാനോനിൽ എന്തൊക്കെയൊ തങ്ങൾക്കു അനുകൂലമായുണ്ടെന്നുള്ള തെററിദ്ധാരണയ്ക്കു ഒരു പരിഹാരമുണ്ടാകുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ഇതിൻെറ ഏതാനുംഭാഗം തർജ്ജിമ ചെയ്തു ഞങ്ങളുടെ പക്കൽവന്നുചേർന്നിട്ടു മാസങ്ങൾകുറെ ആയിഎങ്കിലും സ്ഥലക്കുറവുമൂലമാണ് ഇത്രയും നീക്കിവച്ചുപോയതു്.

മാനേജിംഗ്കമ്മററി യോഗം. മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ്കമ്മററിയുടെ ഒരുയോഗം ഈമാസം 13-ാംനു- കോട്ടയം പഴയസിമ്മനാരിയിൽവച്ചു കൂടുന്നതാണെന്നറിയുന്നു.

വിശുദ്ധ കുർബാന രഹസ്യങ്ങൾ.

പ്രകാശനം മിസ്റ്റർ ഇ. ററി. മാത്യു. എഴുതിയതും തുമ്പമൺ മെത്രാസനഇടവക മിഷ്യനറി ബോർഡുവകയായി സെക്രട്ടറി വന്ദ്യദിവ്യശ്രീ കൊലത്താക്കൽ തോമ്മസ് കോറെപ്പിസ്കോപ്പാ അവർകൾ നിതാന്തവന്ദ്യദിവ്യശ്രീ മാർ പീലക്സിനോസ് മെത്രാപ്പോലീത്താതിരുമനസ്സിലെ * അനുമതിയോടുകൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ആയ ഒരു ചെറുപുസ്തകമത്രെ ഇതു്. ഓർത്തൊഡോക്സ് സുറിയാനിസഭയുടെ ആരാധന എത്രമഹിമയേറിയതാണെന്നു് ഇതരസഭക്കാർ ശ്ലാഘിക്കാറുള്ളതു് പ്രധാനമായി വിശുദ്ധ കുർബാനയെ ഉദ്ദേശിച്ചാണ്. എന്നാൽ അതിൻെറ ഉടമസ്ഥരായ സഭാംഗങ്ങൾ ആ മഹിമ വേണ്ടവണ്ണം ഗ്രഹിച്ചിരുന്നെങ്കിൽ അവർ ആ ആരാധനയിൽ മുടക്കം വരുത്താതെ ക്രമമായി സംബന്ധിക്കുന്നതിനു കൂടുതൽ നിഷ്ഠയുള്ളവരായി കാണപ്പെട്ടുമായിരുന്നു. പ്രസ്തുത അറിവിനെ പ്രദാനം ചെയ്യണമെന്ന ഉദ്ദേശത്തോടെ "വിശുദ്ധ കുർബാനയുടെ പ്രധാനതത്വങ്ങളെ ആസ്പദമാക്കി ഭക്തിസംവർദ്ധകങ്ങളായ വ്യാഖ്യാനങ്ങൾ ചേർത്തു്"' അത്രെ ഈ പുസ്തകം രചിക്കപ്പെട്ടിട്ടുള്ളതു. ഈ ഗ്രന്ഥം രണ്ടുഭാഗങ്ങളായി തിരിക്കപ്പെട്ടിരിക്കുന്നു. ഒന്നാം ഭാഗത്തിൽ വിശുദ്ധ കുർബാനയിലെ പദാർത്ഥങ്ങളെപററിയും രണ്ടാംഭാഗത്തിൽ ആ ദിവ്യ ശുശ്രൂഷയിലെ ഓരോകർമ്മങ്ങളെ കുറിച്ചും അത്രെ എഴുതിയിട്ടുള്ളതു്. ദൈവാലയവും ആരാധനാസമയത്തു അതിൽ കാണുന്ന സാധനങ്ങളും ആദ്യവസാനം നടക്കുന്ന ഓരോകർമ്മവും എത്രയോ അർത്ഥമേറിയവയാണെന്നു് വായനക്കാരെ ബോധ്യമാക്കുവാൻ ഗ്രന്ഥകർത്താവു ശ്രമിച്ചിട്ടുണ്ടു്. ഒരു സത്യക്രിസ്ത്യാനി ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ മാത്രമല്ല, ക്രിസ്തുവിനെ ആരാധിക്കുന്നവൻ കൂടെയത്രെ. ആരാധനയ്ക്കുള്ള ഏററവും പററിയസ്ഥലം ദൈവാലയവും ഏററവും ഉതകിയസന്ദർഭം വിശുദ്ധ കുർബാനസമയവും ആകുന്നു. വിശുദ്ധ കുർബാനതന്നെ ആരാധന ആകുന്നുവല്ലൊ. പള്ളിയാരാധനയ്ക്കുള്ള സ്വാഗതക്ഷണമാകുന്ന മണിനാദംമുതൽ 'സമാധാനത്തോടെ പോകുവിൻ' എന്ന ആശീർവാദയാത്രപറച്ചിൽവരെയുള്ള സകലവുംതന്നെ ചുരുക്കമായും എന്നാൽ ലളിതമായും ഈ പുസ്തകത്തിൽ വ്യവഹരിക്കപ്പെട്ടിട്ടുണ്ടു്. മതപരമായ ഗ്രന്ഥങ്ങൾ എഴുതുന്നതിനുതക്ക അറിവും പ്രാപ്തിയും ഉള്ളവർ നമ്മുടെ സഭയിൽ പലർഉണ്ടെന്നിരുന്നാലും അവർ അതിനു തുനിയാത്തതിൻെറ പ്രധാനകാരണം പരന്നുകിടക്കുന്ന മലങ്കരസഭയിൽ നിരന്തരം താമസിക്കുന്ന സുറിയാനിക്കാർ ഗ്രന്ഥപാരായണത്തിലെന്നപോലെ സ്വമതപഠനത്തിലും പ്രദർശിപ്പിക്കുന്ന അനാസ്ഥയും ഉദാസീനതയും ആയിരിക്കണം. രണ്ടുചക്രംമാത്രം വിലയുള്ള ഈ ചെറുപുസ്തകത്തെ സ

* ഒരു ഇടവകമെത്രാപ്പോലീത്തായുടെ വസതിക്കു് കാതോലിക്കേററ്ഹൌസ് എന്നനാമം ചേർച്ചയാണോ എന്നു ഞങ്ങൾ സംശയിക്കുന്നു. എന്നാൽ അനുമതിക്കല്പനയിൽ അങ്ങനെയാണു് കാണുന്നതു്.-ഒ. സ. പ.

കലസിറിയൻ ഭവനങ്ങളും സ്വാഗതം ചെയ്യുന്നതു പ്രയോജനകരമായിരിക്കും. സൺഡേസ്കൂൾ കുട്ടികൾക്കുള്ള സമ്മാനദാനത്തിനായി ഈ പുസ്തകങ്ങളുടെ ഉപയോഗിക്കുന്നതു് അതിന്റെ പ്രചാരത്തിനു സഹായകരമായിരിക്കുമെന്നു് ഇവിടെ നിർദ്ദേശിച്ചുകൊള്ളുന്നു.

വിശേഷിച്ചും വിശുദ്ധ കുർബ്ബാനയുടെ ശാസ്ത്രപരമായ വശം സംബന്ധിച്ച് 1114 തുലാം ലക്കം മാസികയിൽ ദിവ്യശ്രീ ഫാദർ ഇ. പി. ജേക്കബ്ബ് അവർകൾ എഴുതിയിട്ടുള്ള വേദധ്യാനത്തിലേക്കും 1114 മിഥുനലക്കം മാസികയുടെ 11-ാം വശത്തും കർക്കടകലക്കം മാസികയുടെ 8 മുതൽ 10 വരെയുള്ള പേജുകളിലും, മിസ്റ്റർ സി. കെ. ഐപ്പ് തർജ്ജിമചെയ്തെഴുതിയിട്ടുള്ള "ക്രിസ്തീയജീവിതം" എന്ന ഗ്രന്ഥഭാഗത്തിലേക്കും വായനക്കാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളട്ടെ.

ഒരു അഭ്യർത്ഥന.

മലങ്കര സുറിയാനിസഭവകയായി സ്ഥാപിക്കപ്പെട്ടു നടത്തിവരുന്ന മർത്തമറിയംമന്ദിരംകൊണ്ടു് സർവ്വപ്രധാനമായി സാധിക്കണമെന്നുദ്ദേശിക്കുന്ന ഒരു സംഗതി സഭയുടെ നാനാഭാഗങ്ങളിൽ നിന്നും സ്ത്രീകളെ സഭയുടെ വിശ്വാസം, ആരാധന, ക്രിസ്തീയജീവിതം മുതലായവ പഠിപ്പിച്ച് ആത്മീയഉത്തേജനവും അയ്ക്കുന്നും എന്നുള്ളതാണു്. മന്ദിരത്തിന്റെ നടത്തിപ്പിനായി ഒരു മദാമ്മയും ക്ലാസുകൾ നടത്തുന്നതിനു് തക്ക ആളുകളും ഉണ്ടെങ്കിലും ഈ ഉദ്ദേശം ഇതുവരെയും വേണ്ടതുപോലെ പ്രയോഗത്തിൽ വരുത്തുന്നതിനു് സാധിച്ചിട്ടില്ല. ഇതിനുള്ള ഏകകാരണം ഇങ്ങനെ പഠിക്കുന്നതിനു് ആഗ്രഹിക്കുന്ന കുട്ടികൾക്കു് താമസത്തിനു് ഒരു കെട്ടിടം ഇല്ല എന്നുള്ളതാണു്. നമ്മുടെ സഭയിൽപെട്ടവരും അല്ലാത്തവരുമായ പല സുഹൃത്തുക്കളുടെയും സഹായസഹകരണത്താൽ മന്ദിരത്തിനു് സ്വന്തമായി ഒരു സ്ഥലവും ഒരു ചാപ്പലും മദാമ്മയുടെ താമസത്തിനു് ഒരു കെട്ടിടവും തീർന്നിട്ടുണ്ടു്. ഇനിയും ഒരു ഹോസ്റ്റൽ കെട്ടിടമാണു് ഏറ്റവും അത്യന്താപേക്ഷിതമായിരിക്കുന്നതു്. ഒന്നുരണ്ടു മഹാന്മാർ ചെയ്തിരിക്കുന്ന വാഗ്ദത്തങ്ങൾകൊണ്ടു് പണി എത്രയും വേഗം ആരംഭിക്കണമെന്നു വിചാരിച്ച് ശ്രമിച്ചുവരുന്നു. എന്നാൽ പൂർത്തിയാകുന്നതിനു് ഇനിയും പണംവേണ്ടിയിരിക്കുന്നു. ആരുടെയെങ്കിലും സ്മാരകമായിട്ടോ, ദൈവവേലക്കുള്ള വല്ല സംഭാവനകളായിട്ടോ, ആർക്കെങ്കിലും എന്തെങ്കിലുംസഹായം ചെയ്യുന്നതിനു് സൌകര്യമുണ്ടെങ്കിൽ ഈ സന്ദർഭത്തിൽ ഞങ്ങൾക്കു് അയച്ചുതന്നാൽ അതു് ഒരുവലിയ പുണ്യമായിരിക്കുന്നതാണു്. ഈ സ്ഥാപനത്തെസ്നേഹിക്കുന്ന ഔദാര്യമതികളായ ഏവരുടേയും ശ്രദ്ധക്കു് ഈഅപേക്ഷയെ സമർപ്പിച്ചുകൊള്ളുന്നു.

മദാമ്മയുടെ നേതൃത്വത്തിൽ ആറുമാസത്തോളമായി ഇവിടെ ഒരു ഡിസ്പെൻസറി നടത്തിവരുന്നതു് ഈ സ്ഥലക്കാർക്കും ചുററുപാടുമുള്ളവർക്കും ഒരു വലിയ സഹായമാണു്. പ്രതിമാസം 300-ൽ പരം രോഗികൾ ഇവിടെവന്നു് ആശ്വാസം പ്രാപിക്കുന്നു എന്നുള്ളവാർത്ത സന്തോഷസമേതം അറിയിച്ചുകൊള്ളുന്നു.

ഏവംവിധങ്ങളായ പല ഉദ്ദേശങ്ങളോടുകൂടി സ്ഥാപിച്ച് പല പ്രയാസങ്ങളിൽക്കൂടി കടന്നുവരുന്ന ഈ സ്ഥാപനത്തെ ഇതു വായിക്കുന്ന ഏവരും ഉള്ളഴിഞ്ഞു് സഹായിക്കണമെന്നും ഓരോരുത്തരും ഓരോചെറിയ സംഖ്യ എങ്കിലും അയച്ചുതരണമെന്നും അപേക്ഷിക്കുന്നു.

കെ. എം. അന്നമ്മ, ജനറൽ സെക്രട്ടറി, മർത്തമറിയം മന്ദിരം,
ഓതറ. ഇരുവിപേരൂർ, തിരുവല്ലാ.

Reg: No : T. 193. / M. 3838.   License No: 357. Dated 24—4—'37

An Anglo—Vernacular monthly
organ of the Malankara Orthodox Syrian Church.

ഓർത്തൊഡോക്സ് സഭ.

മാനേജരുടെ വിജ്ഞാപനം:—

വരിസംഖ്യ—(മുൻകൂർ)		ബ്രി. രൂ.	ച.	കാ.
അഞ്ചൽമാർഗ്ഗം വേണ്ടവർക്ക്	(ഒരുവർഷത്തേക്ക്)	1	14	4
ടി	(ആറുമാസത്തേക്ക്)	0	21	6
തപാൽമാർഗ്ഗം വേണ്ടവർക്ക്	(ഒരുവർഷത്തേക്ക്)	2	0	0
ടി	(ആറുമാസത്തേക്ക്)	1	0	0

N. B. ബ്രിട്ടീഷ് ഇന്ത്യാ, സിലോൺ, എന്നീ രാജ്യങ്ങൾക്കു പുറമെ താമസക്കാർ ഒരാണ്ടത്തേക്കു ബ്രി. രൂ. 2. ണ. 8-ം, ആറുമാസത്തേക്കു ബ്രി രൂ. 1. ണ 4-ം വീതം അയച്ചുതരണം.

ആറുമാസത്തിൽ കുറഞ്ഞ കാലത്തേക്ക് ആരേയും വരിക്കാരായി സ്വീകരിക്കുന്നതല്ലാ.

മാസികയ്ക്കു ആവശ്യക്കാർ.

മാനേജർ, ഓർത്തൊഡോക്സ് സഭാമാസിക, തിരുവല്ലാ എന്ന മേൽവിലാസത്തിൽ ആവശ്യപ്പെടണം. അങ്ങിനെ ആവശ്യപ്പെട്ടാൽ മാസികയുടെ ഏതെങ്കിലും ഒരു പ്രതി അയച്ചുകൊടുക്കുന്നതും അതു കിട്ടിയശേഷം കുറഞ്ഞതു ആറുമാസത്തേക്കെങ്കിലുമുള്ള വരിസംഖ്യ അയച്ചുതരാതെ പിന്നാലെ മാസിക അയക്കുന്നതല്ലാത്തതുമാകുന്നു. ഓരോ ആണ്ടിലും ആദ്യത്തെ ആറുമാസത്തിൽ ഏതുസമയവും ആവശ്യപ്പെട്ട്, ആറു മാസത്തെ വരിസംഖ്യ അയച്ചുതരുന്നവർക്ക് ആ ആണ്ടത്തെ ഒന്നാംലക്കംമുതലുള്ള ആറു ലക്കങ്ങളും, രണ്ടാം അർദ്ധവർഷത്തിൽ ആവശ്യപ്പെടുന്നവർക്ക് ആ ആണ്ടു കുംഭംമുതലുള്ള ലക്കങ്ങളും, ഒരുവർഷത്തെ വരിസംഖ്യ ഒന്നായി അയച്ചുതന്ന് ആവശ്യപ്പെടുന്നവർക്ക് തന്നാണ്ടത്തെ ചിങ്ങംമുതൽ കർക്കടകം വരെയുള്ള ലക്കങ്ങളും അയച്ചു കൊടുക്കുന്നതായിരിക്കും. ഇതിനു വിപരീതമായി വേണ്ടവർ ആ വിവരം വിശദമായി കാണിച്ച്, ആദ്യമെ ആവശ്യപ്പെടേണ്ടതാകുന്നു.

ഏജൻറന്മാർക്കു പ്രതിഫലം.

പത്തു വരിക്കാരെ ചേർത്ത് അവരുടെ വരിസംഖ്യ പിരിച്ച് മുമ്പേറു ഇവിടെ എത്തിച്ചുതരുന്നവർക്ക് അവർ എല്ലാം വരിക്കാരായിരിക്കുന്നിടത്തോളം കാലം മാസികയുടെ ഒരു പ്രതി സൌജന്യമായി അയച്ചുകൊടുക്കുന്നതായിരിക്കും. 12 വരിക്കാരെ ചേർത്തു അവരുടെ ഒരാണ്ടത്തെ വരിസംഖ്യ മുമ്പേർ ഇവിടെ അയപ്പിച്ചുതരുന്നവർക്കു 2 രൂ. 4 ണ. പ്രതിഫലമായി ഇവിടെനിന്നും അയച്ചുകൊടുക്കുന്നതാണ്. മേൽപറഞ്ഞ രണ്ടു വിധത്തിലും ചേർത്തയക്കുന്ന അപേക്ഷാഫാറങ്ങളിലെല്ലാം അങ്ങിനെ ചേർക്കുന്ന ഏജൻറിൻെറ പേരും ഒപ്പും ഉണ്ടായിരിക്കണം. മാസിക കിട്ടിയശേഷം മാസിക സംബന്ധിച്ചയക്കുന്ന എല്ലാ എഴുത്തുകളിലും മണിഓർഡർ കൂപ്പണുകളിലും അയക്കുന്നവരുടെ പൂർണ്ണമായ പേരും മേൽവിലാസവും മാസികയുടെ ഓരോ റാപ്പറിൻെറയും വലത്തുവശത്തു മുകളിൽ എഴുതി ചേർത്തിട്ടുള്ള Sub: No.-ം കൂടി കാണിച്ചിരിക്കണം.

പത്രാധിപരുടെ വിജ്ഞാപനം:—

മാസികയിൽ ചേർക്കാനുള്ള ഉപന്യാസങ്ങൾ, അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ, മാററപ്പത്രങ്ങൾ മുതലായവയെല്ലാം പത്രാധിപർ, ഓർത്തൊഡോക്സ് സഭാമാസിക, തിരുവല്ലാ എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

മാസികയിൽ ഓരോമാസത്തിലും ചേർത്തുകഴിയണമെന്നു നിർബന്ധമുള്ള ലേഖനങ്ങൾ, വർത്തമാനങ്ങൾ മുതലായവ തലേമാസം 20-ാംനു-ക്കകം ആപ്പീസിൽ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം.

Printed and Published by P. M Jacob at the
Bethany Printing House, Tiruvalla.